30

പൈതൃകപഠനം

ഭാഗം 2

# നന്മയുടെ സന്ദേശങ്ങൾ

(അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
രക്ഷിതാക്കൾക്കും)

**Dr. N. Gopalakrishnan**, Ph. D., D.Litt.
(Scientist & Director IISH)

Indian Institute of Scientific Heritage
Thiruvananthapuram -695 018

Heritage Publication Series -59

Scanned with CamScanner

## പൈതൃകപഠനം

ഭാഗം 2

# നന്മയുടെ സന്ദേശങ്ങൾ

(അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
രക്ഷിതാക്കൾക്കും)

DR. N. GOPALAKRISHNAN, Ph.D; D.Lit

Indian Institute of Scientific Heritage
Thiruvananthapuram - 695 018

**Heritage Publication Series- 59**

**നന്മയുടെ സന്ദേശങ്ങൾ. പൈതൃകപഠനം - ഭാഗം -2**

**Dr. N. Gopalakrishnan**

M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D. (Chem); D.Lit

-Hon. Director IISH)

**Indian Institute of Scientific Heritage (IISH)**

**Registered Charitable Trust 328/99/IV**

Ushus, Estate Road, Pappanamcode

Trivandrum - 695 018 (Ph.2490149)

www.iish.org

**Rs. 30**

*Printed at:*

Sree Printers (DTP, Offset & Screenprinting)

Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

ഈ നാട്.............

എല്ലാ ചിന്താധാരകളെയും സ്വീകരിച്ച നാടാണ് നമ്മുടെ മാതൃഭൂമി. ജൂതന്മാരെയും, പാർസികളേയും, ഇസ്ലാംമതാനുയായികളെയും, ക്രൈസ്തവചിന്താധാരകളെയും നാം സ്വീകരിച്ച് സ്വാംശീകരിച്ചു. ഒരുമിച്ച് പ്രവർത്തിക്കാം ജീവിക്കാം എന്നു നാം പ്രാർത്ഥിച്ചു. എന്റേതുമാത്രമാണ് നന്മയെന്നും എന്റേതുമാത്രമാണ് ശരിയെന്നും നാം പറഞ്ഞില്ല ചിന്തിച്ചതുമില്ല ! നമ്മുടേത്, എല്ലാവരേയും കൊണ്ടു സ്വീകരിപ്പിക്കാൻ നാം വാളെടുത്തില്ല, ആക്രമിച്ചു കീഴടക്കിയില്ല, സൈന്യശക്തി ഉപയോഗിച്ചില്ല. അന്ധമായി കാര്യങ്ങളനുഷ്ഠിക്കുവാൻ നാം ആരേയും നിർബന്ധിച്ചില്ല. ഭാരതീയർക്ക്മാത്രം നന്മവരട്ടെയെന്നോ ഭാരതീയ ചിന്താധാരകൾ അനുശാസിക്കുന്നവർക്കുമാത്രം സുഖമുണ്ടാകട്ടെ എന്നോ നാം പ്രാർത്ഥിച്ചില്ല. എല്ലാവർക്കും നന്മയുണ്ടാകുവാൻ നാം പ്രാർത്ഥിച്ചു.

മറ്റെല്ലാസംസ്കൃതിയും മണ്ണടിഞ്ഞപ്പോൾ നമ്മുടെ സംസ്കൃതി ഇന്നും ജീവിക്കുന്നു. നൂറുകോടി മനസ്സുകളിൽ അത് ചിരപ്രതിഷ്ഠ നേടിയിരിക്കുന്നു.

ആധുനികലോകം ഭാരതത്തെ നോക്കുന്നു. അവർ, ഭാരതീയചിന്താധാരകൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് പേറ്റന്റ് എടുക്കുന്നു, പഠിക്കുന്നു, പഠിപ്പിക്കുന്നു, പ്രചരിപ്പിക്കുന്നു.

ഒരുകാര്യം എന്നുമോർക്കണം; ഭാരതീയർ ഭീരുക്കളായിരുന്നില്ല. അധർമ്മത്തിനെതിരെ പടവാളെടുത്തവരും, പടവാളെടുക്കാൻ ഉപദേശിച്ചവരുമായിരുന്നു നമ്മുടെ പൂർവ്വപിതാമഹന്മാർ. 1350 വർഷത്തെ വിദേശാക്രമണത്തിനുമുമ്പിൽ അടി പതറാതെ പൊരുതി ജയിച്ചവർ. ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം കാലാപാനി എന്ന് സിനിമ കണ്ടു വേണം പഠിക്കാൻ. നമ്മുടെ പൂർവ്വികരനുഭവിച്ചത്യാഗം അറിയണം. അതാണ് ഭാരതത്തിന്റെ ശരിയായ സ്വാതന്ത്ര്യസമരം. സർവ്വശക്തിയുമുപയോഗിച്ച് അധർമ്മത്തെ നേരിടണം. ഭാരതം ജീവിക്കണം, ഭാരതീയ സംസ്കൃതി ജീവിക്കണം. ഭാരതത്തിന്റെ പൊന്നോമനപുത്രന്മാരായിത്തന്നെ നമുക്ക് മരിക്കാൻ ഭാഗ്യം ലഭിക്കണം. അമ്മയുടേയും, മാതൃഭൂമിയുടേയും അനുഗ്രഹമാണ് ലോകത്തിൽവച്ച് ഏറ്റവും മഹത്വമേറിയ അനുഗ്രഹം.

നമ്മുടെ പൈതൃകം പഠിക്കണം പഠിപ്പിക്കണം പ്രചരിപ്പിക്കണം. ഇന്ന് നാട് ഉണരുന്നുണ്ട്. ശ്രീകൃഷ്ണൻ അർജ്ജുനനോട് പറഞ്ഞത് ഓർക്കുമല്ലോ ! **തസ്മാത് ഉത്തിഷ്ഠ കൗന്തേയ യുദ്ധായ കൃത നിശ്ചയ ! ഹേ അർജ്ജുനാ ധർമ്മസംരക്ഷണത്തിനുള്ള യുദ്ധത്തിനായി നീ എഴുന്നേറ്റാലും.**

ഡോ. എൻ. ഗോപാലകൃഷ്ണൻ

Scanned with CamScanner

## വൈദീക പ്രാർത്ഥന

1. ഭദ്രം നോ അപിവാതയ മനോ ദക്ഷം ഉതക്രതും
ബുദ്ധിയും ചാതുര്യവും സുഖവും സന്തോഷവുമേകിയാലും

2. പശ്യേമ ശരദ: ശതം ജീവേമ ശരദ: ശതം
ബുദ്ധേമ ശരദ: ശതം രോഹേമ ശരദ: ശതം
പൂഷേമ ശരദ: ശതം ഭവേമ ശരദ: ശതം

നൂറു ശരത് ഋതുക്കൾക്കാണുവാനിടവരട്ടെ ! നൂറ് ശരത് ഋതുക്കൾ ജീവിക്കുവാനിടവരട്ടെ ! നൂറു ശരത് ഋതുക്കൾ ചിന്തിക്കുവാനിട വരട്ടെ. നൂറു ശരത് ഋതുക്കൾ ഉയരുവാനിടവരട്ടെ! നൂറു ശത് ഋതുക്കൾ സമൃദ്ധിയിൽ ജീവിക്കാനിടവരട്ടെ !

3. പ്രോതാ ജയതാ നര ഇന്ദ്രോ വഃ ശർമ്മയച്ഛതു
ഉഗ്രവഃ സന്തു ബാഹവോ അനാധ്യഷ്യായഥാസഥ.
വീരന്മാരേ മുമ്പോട്ടു ചരിച്ച് കീഴടക്കിയാലും, ഈശ്വരൻ നിങ്ങൾക്ക് സംരക്ഷണം നൽകട്ടെ! നിങ്ങളുടെ കൈകൾ ശക്തമാകട്ടെ! നിങ്ങൾ ആർക്കും കീഴടങ്ങാത്തവരായിത്തീരട്ടെ!

4. സംഗച്ഛധ്വം സംവദധ്വം സംവോ മനാംസി ജാനതാം
ദേവാ ഭാഗം യഥാ പൂർവേ സംജാനാനാ ഉപാസതേ സമാനോ
മന്ത്ര: സമിതി: സമാനീ സമാനം മന:
സമചിത്തമേഷാം സമാനം മന്ത്രം അഭിമന്ത്രയേ വ:
സമാനേന വോ ഹവിഷാ ജുഹോമി
സമാനീവ ആകൂതി: സമാനാ ഹൃദയാനി വ:
സമാനം അസ്തു വോ യഥാ വ: സുസഹാ സതി.

ഒരുമിച്ച് ചേരുക ! തമ്മിൽ സംസാരിക്കുക ! മാനസീകമായി ഒന്നിക്കുക ! ദേവന്മാർ ഒന്നിക്കുന്നതുപോലെ സത്കർമ്മങ്ങളിലൊത്തുചേരുക ! നിങ്ങളുടെ ലക്ഷ്യം ഒന്നാകട്ടെ ! നിങ്ങളുടെ മനസ്സും ഒന്നു ചേരട്ടെ ! ഒരേ പുണ്യലക്ഷ്യം നിങ്ങൾക്കാശംസിക്കട്ടെ ! ഒന്നായി നിങ്ങൾ ചെയ്യുന്ന പ്രാർത്ഥനാകർമ്മം യജ്ഞമായിത്തീരട്ടെ ! നിങ്ങളുടെ ഹൃദയവും ശരീരവും ഒന്നായ ലക്ഷ്യപ്രാപ്തിക്കായിത്തീരട്ടെ! സമ്പൂർണ്ണ ഐക്യത്തോടെയും സന്തോഷത്തോടെയും ജീവിക്കുമാറാകട്ടെ!

5. സഹനാ വവതു സഹ നൗ ഭുനക്തു സഹ വീര്യം കരവാവ ഹൈ തേജസ്വി നാ വധീതമസ്തു മാ വിദ്വിഷാ വഹൈ ആനോ ഭദ്രാ: ക്രതവോ യന്തു വിശ്വത:



Scanned with CamScanner

ഒരുമിച്ചു വർത്തിക്കാം. ഒരുമിച്ചു (കർമ്മഫലം) ഭുജിക്കാം. ഒരുമിച്ച് പ്രവർത്തിക്കാം അതിലൂടെ തേജസ്വികളായിത്തീരാം. ആരോടും വിദ്വേഷമില്ലാതിരിക്കട്ടെ ! നന്മ നിറഞ്ഞ ചിന്താധാരകൾ എല്ലാ ലോകത്തിൽ നിന്നും വന്നു ചേരട്ടെ !

## ആചാരങ്ങൾ അനുഷ്ഠിക്കുന്നതെന്തിന്?

എല്ലാ ആചാരങ്ങൾക്കും ആത്മീയവും ഈശ്വരീയവുമായ അനുഭൂതിയുണ്ട്. കൂടാതെ ആചാരങ്ങളനുഷ്ഠിക്കുന്നത് നമ്മുടെ മാനസികമായ, ശാരീരികമായ, കുടുംബപരമായ, സാമൂഹികമായ, രാഷ്ട്രപരമായ ഒന്നോ അതിലധികമോ നന്മ ലഭിക്കുന്നതിനുകൂടി വേണ്ടിയാണ്

1. സൂര്യോദയത്തിന് അരമണിക്കൂർ മുമ്പെഴുന്നേൽക്കണമെന്നുപദേശിക്കുന്നത്, തലച്ചോറ് (ബ്രയിൻ) പൂർണമായും പ്രവർത്തനക്ഷമമായിരിക്കുന്നസമയമതായതുകൊണ്ട്.
2. ഉറക്കമെഴുന്നേറ്റാൽ കിടക്കയിലിരുന്ന് പ്രാർത്ഥിക്കണമെന്ന് പറയുന്നതിന് ആത്മീയ നന്മകൂടാതെ കിടക്കയിൽനിന്നെഴുന്നേറ്റു നിൽക്കുന്നതിനുമുമ്പ് ഹൃദയമിടിപ്പും രക്തചംക്രമണവും നിയന്ത്രണവിധേയമാക്കുവാൻ വേണ്ടിയാണ്.
3. ബെഡ്കോഫി കഴിക്കരുതെന്നുപദേശിക്കുവാൻകാരണം, വായിലെ അഴുക്ക് കാപ്പിയോടൊപ്പം ആമാശയത്തിൽ എത്താതിരിക്കുവാനാണ്.
4. പ്രഭാതത്തിൽ കുളിക്കണമെന്നുപദേശിക്കുവാൻ കാരണം, ത്വക്കിലുള്ള മാലിന്യങ്ങൾ പൂർണമായും, നീക്കംചെയ്ത് ശരീരത്തിലെ ആന്തരീക പ്രവർത്തനം സുഖമമാക്കുവാനാണ്.
5. പ്രഭാതത്തിൽ കീർത്തനം ചൊല്ലുന്നത് മസ്തിഷ്കത്തെ പ്രവർത്തനോന്മുഖമാക്കുവാനുള്ള കഴിവ് സംഗീതത്തിനുള്ളതുകൊണ്ടാണ്
6. പ്രഭാതത്തിൽ ധ്യാനിക്കണമെന്നുള്ള ഉപദേശം, പൂജാമുറിയിൽ നടപ്പാക്കിയാൽ ശരീരം, ചിന്ത, ബുദ്ധി, ഓർമ്മശക്തി ഇവ കാര്യമായി വർദ്ധിക്കുമെന്നുള്ളതുകൊണ്ടാണ്
7. തുളസിയിലയിട്ട തീർത്ഥജലം കുടിക്കുന്നത് തുളസിയുടെ ഔഷധമൂല്യങ്ങൾ ശരീരത്തിന് നല്ലതായതിനാലാണ്.
8. സൂര്യനമസ്കാരം ചെയ്യുന്നത് ശരീരത്തിലെ ചലനാത്മകമായ എല്ലാ അസ്ഥിസന്ധികളും വ്യായാമത്തിനു വിധേയമാകുന്നു, മസിലുകൾക്കകത്തുണ്ടാകുവാൻ സാധ്യതയുള്ള ജൈവ ഉപ ഉൽപന്നങ്ങൾ



Scanned with CamScanner

നീക്കം ചെയ്യുവാനും, ഏഴ് യോഗാസനങ്ങൾ പത്തു സ്റ്റെപ്പുകളായ നുഷ്ഠിക്കുന്നതിനാൽ ഉത്തമവ്യായാമമായും തീരുന്നതിനിലാണ്.

9. സൂര്യനമസ്കാരത്തിലെ അവസാനത്തെ മൂന്നെണ്ണം അമ്മയ്ക്ക്, അച്ഛന്, ജഗദീശ്വരന് വേണ്ടി ചെയ്യണം. മാനസീകമായി അമ്മ യോടും അച്ഛനോടുമുള്ള ബന്ധം സുദൃഢമാകുന്നതിനും കർമ്മ ത്തിൽ നല്ലതുവരേണമേ എന്ന് ജഗദീശ്വരനോട്പ്രാർത്ഥിക്കുമ്പോൾ അസൂയ, കുശുമ്പ്, വാശി, പക, വൈരാഗ്യം ഇവയെല്ലാം നീങ്ങി ലാളിത്യം ലഭിക്കാനുമുള്ള മനഃശാസ്ത്രമതിലടങ്ങിയതുകൊണ്ടുമാ ണിപ്രകാരം ചെയ്യുന്നത്.

10. ഭക്ഷണത്തിനുമുമ്പ് പ്രാർത്ഥിക്കുന്നത്, ഭക്ഷണം ആമാശയത്തിലെ ത്തുന്നതിനുമുമ്പ് ദഹനരസങ്ങളും ഉമിനീരും ആമാശത്തിന്റെ അടി ത്തട്ടിലുണ്ടായാൽ എളുപ്പത്തിൽ ദഹനം നടക്കുന്നു എന്നതിനാ ലാണ്.

11. യാത്രകഴിഞ്ഞുവരുന്ന വ്യക്തി കൈയ്യും കാലും മുഖവും കഴുക ണമെന്നുപദേശിക്കാൻ കാരണം, എല്ലാ അഴുക്കുകളും നീക്കം ചെയ്യുക, മുഖം ചൈതന്യവത്താക്കുക, കാൽ കഴുകിചെളി നീക്കം ചെയ്യപ്പെടുക എന്നതു മാത്രമല്ല ശരീരം പൂർണ്ണമായും തണു പ്പിക്കുക എന്ന നന്മക്കുവേണ്ടിയുമാണ്.

12. ഉറങ്ങുന്നതിനുമുമ്പ് ഹൃദയമിടിപ്പും രക്ത ചംക്രമണവും നിയന്ത്ര ണവിധേയമാക്കാനാണ്, കിടക്കയിലിരുന്നുള്ള നാമജപം

(മേൽ വിവരിച്ചത് ശാസ്ത്രീയനന്മമാത്രമാണ്. ആത്മീയ നന്മ അനു ഭവിച്ചറിയാൻ നമുക്ക് സാധിക്കുന്നതാണ്.

## ഭഗവദ്ഗീതാ സന്ദേശങ്ങൾ

1. കർമ്മ മണ്ഡലത്തിൽ ഓരോ വ്യക്തിയും ധീരനായി മുന്നേറണം.
2. സ്വധർമ്മം അനുഷ്ഠിക്കുന്നതാണ് ജീവിതത്തിലെ പ്രധാന ലക്ഷ്യവും മാർഗവും
3. സ്വധർമ്മമനുഷ്ഠിക്കുമ്പോൾ ഉണ്ടാകുന്ന സുഖദു:ഖങ്ങളും ജയപ രാജയങ്ങളും, നിന്ദാ-സ്തുതികളും നമ്മെ തളർത്തരുത്.
4. കർമ്മ മണ്ഡലത്തിൽ സ്വധർമ്മമനുഷ്ഠിക്കാത്തവനെ ഭീരു എന്ന് സമൂഹം അവഹേളിക്കും.
5. ശ്രേഷ്ഠന്മാർ സ്വധർമ്മമനുഷ്ഠിച്ചില്ലെങ്കിൽ സാധാരണ ജനതയും ആ പന്ഥാവ് പിന്തുടരും.



Scanned with CamScanner

6. സ്വധർമ്മമനുഷ്ഠിക്കുമ്പോൾ ഉണ്ടാകുന്ന പരാജയം പോലും ശ്രേഷ്ഠമാണ്. വിജയമാണെങ്കിൽ, അതിന്റെ ഫലവും അനുഭവിക്കാം.
7. ദുഃഖത്തിൽ തളരാതിരിക്കുക, സുഖത്തിൽ മതി മറന്നാഹ്ളാദിക്കാതിരിക്കുക- മാനസീക സന്തുലനം നിലനിർത്തുക.
8. ഒന്നിനോടും പരിധിക്കപ്പുറമുള്ള ബന്ധമോ, ഭയമോ, ദ്വേഷ്യമോ ഉണ്ടാകരുത്.
9. സർവ്വചരാചരങ്ങൾക്കും കർമ്മാനുഷ്ഠാനം കൂടാകെ വർത്തിക്കുവാൻ സാധ്യമല്ലാത്തതിനാൽ കർമ്മം ചെയ്തേ മതിയാകൂ
10. ശരീരം പല അവസ്ഥകളായ ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിവയിലൂടെ കടന്ന് അന്ത്യത്തിൽ യാത്രയാകുന്നു. ആ ശരീരം ധർമ്മാനുഷ്ഠാനത്തിനുള്ള ഉപകരണമാക്കുക.
11. ജനനത്തിനുമുമ്പുള്ളതും മരണത്തിനുശേഷമുള്ളതുമായ അവസ്ഥകൾ അവ്യക്തങ്ങളാണ്. വ്യക്തമായത് ഇന്നത്തെ ജീവിതം അത് നന്മയ്ക്കുവേണ്ടി ഉപയോഗിക്കുക.
12. വ്യക്തിത്വം, വാക്ക്, മനസ്, ചിന്ത, കർമ്മം, കർമ്മഫലം, ആഹാരം, ലക്ഷ്യം ഇവയെ സാത്വീകാവസ്ഥയിലേക്കെത്തിക്കുക.
13. ഓരോ ചിന്താധാരയും ശാസ്ത്രീയമായി വിശകലനം ചെയ്ത് മാത്രം വിലയിരുത്തി ഉത്തമമായത് മാത്രം സ്വീകരിക്കുക.
14. ആത്മീയത പോലും ശാസ്ത്രീയമായി വിശകലനം ചെയ്തു പഠിച്ച് സ്വജീവിതത്തിലനുഷ്ഠിക്കുക.
15. കർമ്മഫലത്തെക്കുറിച്ച് പരിധിക്കപ്പുറം വേവലാതിപ്പെടാതിരിക്കുക. കർമ്മാനുഷ്ഠാനം ധർമ്മമാണെന്ന ബോധമുണ്ടാക്കുക.
16. എല്ലാ ദുഃഖങ്ങൾക്കും വേദനകൾക്കും അടിസ്ഥാനകാരണം ബന്ധമാണെന്നറിയുക. സുഖവും ദുഃഖവും ജീവിതത്തിന്റെ ഭാഗമാണെന്നോർമ്മവേണം.
17. ഈ ഭൂമിയിൽ ആരും ശാശ്വതമായി ജീവിക്കുന്നവരല്ല. ജനിച്ചവർക്കെല്ലാം മരണമുണ്ട്. അതുകൊണ്ട് തന്നെ മരണത്തെ ഓർത്ത് ദുഃഖിക്കേണ്ടതില്ല.
18. ഓരോവിദ്യാർത്ഥിക്കും, അദ്ധ്യാപകനും, വക്കീലിനും, ഡോക്ടർക്കും, അമ്മക്കും, അച്ഛനും, പുത്രനും, പുത്രിക്കും, ഭാര്യക്കും, ഭർത്താവിനും, രാജാവിനും, ...................... അവരവരുടേതായ ധർമ്മവും കർമ്മവുമുണ്ട്. സത്യസന്ധമായി, ആത്മാർത്ഥമായും, അതനുഷ്ഠിച്ച് മറ്റുള്ളവർക്ക് മാതൃകയാകണം !

## പതഞ്ജലി മഹർഷിയുടെ ദശോപദേശങ്ങൾ

യോഗശാസ്ത്രം, ആറു പ്രധാന ദർശനങ്ങളിൽ ഒരു ദർശനമാണ്, ഇത് പതഞ്ജലി മഹർഷി ഏകദേശം 2400 വർഷങ്ങൾക്കു മുമ്പ് എഴുതിയതാണ്. ആധുനീക ശാസ്ത്ര ദൃഷ്ട്യാ അത്യുജ്ജ്വലമായ നമ്മുടെ ഈ പൈതൃക ശാസ്ത്രത്തിന്റെ ഒരു ഭാഗം മാത്രമാണ് അഷ്ടാംഗ യോഗം. അഷ്ട അംഗം എന്നതിന്റെ അർത്ഥം എട്ട് ഭാഗങ്ങൾ എന്നാണ്. എട്ടു ഭാഗങ്ങൾ : യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി എന്നിവയാണ്. ഇതിലാണ് പത്തു ജീവിത സന്ദേശങ്ങൾ നൽകിയിരിക്കുന്നത്. യമത്തിലും നിയമത്തിലും അഞ്ചു വീതമാണ്. സംതൃപ്തമായ ഒരു ജീവിതത്തിന് എല്ലാവരും ഇതറിയുകയും നിത്യജീവിത കർമ്മപഥത്തിൽ കൊണ്ടുവരുകയും ചെയ്യുന്നത് വളരെപ്രയോജനപ്പെടും.

1. **അഹിംസ :** വാക്ക്, മനസ്, പ്രവർത്തി ഇവകൊണ്ട് ഒരു ജീവിയേയും വേദനിപ്പിക്കുകയോ, ഹിംസിക്കുകയോ ചെയ്യാതിരിക്കുക.
2. **സത്യം :** എല്ലാ കാര്യത്തിലും സത്യം, വസ്തുത ഇവ എന്തെന്നറിയുക. ജീവിതത്തെക്കുറിച്ചുള്ള സത്യവും അറിയുക.
3. **ആസ്തേയം :** സ്തേയം എന്നാൽ ചൂഷണം അഥവാ മോഷണം. ആസ്തേയമെന്നാൽ മറ്റൊരുവന്റേയും (മറ്റൊന്നിന്റേയും) മോഷണം. ചൂഷണം ചെയ്യാതിരിക്കുക.
4. **ബ്രഹ്മചര്യം :** (ഈ സന്ദേശത്തിന് യോഗികൾക്കുള്ള അർത്ഥം സാധാരണ ജനതക്ക് വേണമെന്നില്ല) ആധുനിക ജീവിതത്തിൽ ബ്രഹ്മചര്യ എന്നാൽ ആദ്യന്തികമായ ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ബോധമുണ്ടാകുക, അതിലൂടെ സഞ്ചരിക്കുക
5. **അപരിഗ്രഹം :** മറ്റുള്ളവനുള്ളതും, അർഹിച്ചതും, അവന്റേ തെന്ന് വ്യക്തമായി അറിയാവുന്നതുമായത്, സ്വന്തമാക്കണമെന്ന തോന്നലാണ് പരിഗ്രഹം. അവനർഹിക്കുന്നത്, എനിക്ക് വേണ്ട എന്ന തോന്നലാണുണ്ടാകേണ്ടത്. അതാണ് അപരിഗ്രഹം.
6. **ശൗചം :** ശാരീരികമായ ശുദ്ധിയും മാനസികശുദ്ധിയുമാണ് ശൗചം. സ്നാനത്തിലൂടെ ബാഹ്യശരീരശുദ്ധിയും നല്ല ചിന്തകളിലൂടെ മനഃശുദ്ധിയും ലഭിക്കുന്നു. ശൗചം പ്രധാനമായും ശരീരശുദ്ധിയാണ് ലക്ഷ്യമിടുന്നത്.
7. **സന്തോഷം :** തനിക്കുള്ളതിലും, ലഭിച്ചതിലും, ലഭിക്കുന്നതിലും, സംതൃപ്തിയും ചാരിതാർത്ഥ്യവും കണ്ടെത്താൻ സാധിക്കുന്നതാണ്



Scanned with CamScanner

സന്തോഷം. ജീവിതത്തിൽ സുഖ: ദു:ഖങ്ങൾ, ഉയർച്ച താഴ്ച, ചിരി കരച്ചിൽ എന്നിവയുണ്ട്. ഇതിനിടക്ക് ലഭിക്കുന്ന സന്തോഷിക്കാനുള്ള നിമിഷങ്ങൾ കളയാതിരിക്കണം.

8. തപ : ആധുനിക ലോകത്തിൽ തപസ് എന്നാൽ അവനവന്റെ കർമ്മ മണ്ഡലത്തിൽ പൂർണ്ണമായും ആത്മാർത്ഥതയോടെയും അർപ്പണ ബോധത്തോടെയും പ്രവർത്തിക്കലാണ്. കർമ്മം ധർമ്മമാണ്. ധർമ്മാനുഷ്ഠാനമാണ് തപശ്ചര്യ.

9. **സ്വാധ്യായം** : യോഗികൾക്ക് ഇത് വേദപഠനമാണ്. അല്ലാത്തവർക്ക് സ്വന്തം കർമ്മമണ്ഡലത്തെക്കുറിച്ചും (Profession) അതിലെ എല്ലാവിധ കാര്യ-കാരണങ്ങളെക്കുറിച്ചുമുള്ള ഗഹനമായ ജ്ഞാന സമ്പാദനമാർഗമാണ് സ്വാധ്യായം. കർമ്മമണ്ഡലത്തിലെ എല്ലാ അറിവുകളും വിരൽ തുമ്പിലുണ്ടായിരിക്കുകയാണ് സ്വാധ്യായത്തിന്റെ ഫലം.

10. **ഈശ്വര പ്രണിധാനം** : സർവചരാചരങ്ങളിലും പ്രവർത്തിക്കുന്ന ഒരു ചൈതന്യമുണ്ട്. പ്രപഞ്ചത്തെ തന്നെ നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ട്. അത് നമ്മിലും പ്രവർത്തിക്കുന്നു. ആ പ്രപഞ്ചശക്തിയെക്കുറിച്ച് വ്യക്തമായ ബോധത്തോടെ ജീവിക്കുമ്പോൾ സഹോദരഭാവം, ജീവിത ലാളിത്യം, ......... എന്നിവ ലഭിക്കുന്നു. ഇതാണ് ഈശ്വരാർപിത ജീവിതം.

## ശ്രീ നാരായണഗുരു ദേവന്റെ ജീവിതസന്ദേശം

സംതൃപ്തവും രോഗമുക്തവും നന്മനിറഞ്ഞതും അനുഗ്രഹീതഉജ്ജ്വല സന്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംക്ഷിപ്തമായി ഗുരുദേവൻ തന്നെ ഇതിനു പേരിട്ടിരിക്കുന്നത് പഞ്ചശുദ്ധി എന്നാണ്. നമ്മുടെ നിത്യജീവിതത്തെ ധന്യമാക്കുവാൻ ഈ സന്ദേശങ്ങൾ പ്രയോജനപ്പെടും.

1. **ശരീരശുദ്ധി** : പതഞ്ജലി മഹർഷി നൽകിയ ശൗചം തന്നെയാണിത്. ശാരീരികമായ ശുദ്ധി ഉണ്ടായിരിക്കുക.

2. **ആഹാരശുദ്ധി** : സസ്യാഹാരവും, സാത്വികമായ പാൽ, തുടങ്ങിയവയുമാണ്, ശുദ്ധമായ ആഹാരം. ഹിംസയിലൂടെ ലഭിക്കുന്ന ചോര വാർന്നൊലിക്കുന്ന, മൃഗങ്ങൾ വേദന കൊണ്ട് പിടഞ്ഞ് അറത്തു കൊന്നുണ്ടാക്കുന്ന മാംസം ഒഴിവാക്കി പൂർണ്ണമായ സസ്യാഹാരത്തെയാണ് ആഹാര ശുദ്ധിയിലൂടെ വിവക്ഷിക്കുന്നത്.

3. **വാക് ശുദ്ധി** : ഉയർന്നവരോടോ താഴ്ന്നവരോടോ സംസാരിക്കുമ്പോൾ പാരുഷ്യമില്ലാത്ത മധുരമായ ക്ഷമയോടുകൂടിയ പക്വമായ വാക്കുകൾ ഉപയോഗിക്കുന്നതാണ് വാക് ശുദ്ധി



Scanned with CamScanner

4. **മനഃശുദ്ധി** : നന്മ നിറഞ്ഞ ശുദ്ധമായ മനസ്സുണ്ടാകുക. അസൂയ, കുശുമ്പ്, വാശി, പക, ദ്വേഷ്യം, ഭയം ഇവയെല്ലാം അശുദ്ധമായ മനസ്സിന്റെ വികാരവിചാരങ്ങളാണ്. ശുദ്ധമായ മനസ്സിൽ സന്തോഷം, പരസഹായപ്രവണത പ്രസന്നവദനം, നന്മ നിറഞ്ഞ വാക്കുകൾ, നന്മ നിറഞ്ഞ പ്രവൃത്തികൾ എന്നിവയാണ് വർത്തിക്കുന്നത്.
5. **കർമ്മ ശുദ്ധി** : മറ്റുള്ളവനും തനിക്കും നന്മവരാൻ വേണ്ടി അനുഷ്ഠിക്കുന്ന എല്ലാകർമ്മവും കർമ്മശുദ്ധിയുടെ ഭാഗമാണ്. അശുദ്ധമായ മനസ്സിലുദിക്കുന്ന വിചാരവികാരങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ അശുദ്ധ കർമ്മങ്ങളാണ്. **ഈ പഞ്ചശുദ്ധി നിത്യജീവിതത്തിൽ സാധിക്കുന്നത്രയും പ്രയോഗത്തിൽ കൊണ്ടുവരുക.**

## ശ്രീകൃഷ്ണന്റെ ജീവിതം : അമൃതാനന്ദമയിയുടെ സന്ദേശം

ദ്വാപരയുഗത്തിൽ വസുദേവർക്കും ദേവകിക്കും പുത്രനായി ജനിച്ച ശ്രീകൃഷ്ണന്റെ ജന്മനാളാണ് അഷ്ടമിരോഹിണി. എന്നാൽ ജനനമരണങ്ങളില്ലാത്ത ഭഗവാൻ ശ്രീകൃഷ്ണൻ എല്ലായിടവും നിറഞ്ഞ ചൈതന്യമായി ഇന്നും ജീവിക്കുന്നു. ആ കൃഷ്ണൻ നമ്മുടെ ഉള്ളിലെ പ്രേമമാകുന്ന ഗർഭപാത്രത്തിൽ ജനിക്കേണ്ടതാണ്.

ജീവിതത്തിൽ സംഭവിക്കുന്ന ജയവും പരാജയവും ഒരുപോലെ സ്വീകരിക്കുവാൻ കഴിയുന്നവർ വളരെ കുറവാണ്. ശ്രീകൃഷ്ണൻ രണ്ടും തുല്യപ്രാധാന്യത്തോടെ സ്വീകരിച്ച കൂട്ടത്തിലാണ്. അതുകൊണ്ടാണ് കൃഷ്ണന് എപ്പോഴും ചിരിക്കാൻ കഴിഞ്ഞത്.

ചിരിച്ചുകൊണ്ടു ജനിച്ച്, ചരിച്ചുകൊണ്ടു ജീവിച്ച്, ചിരിച്ചുകൊണ്ടു ശരീരം വെടിഞ്ഞ ഭഗവാൻ ശ്രീകൃഷ്ണന്റെ തിരുനാളായ അഷ്ടമിരോഹിണി, ജീവിതം ഒരു വലിയ പൊട്ടിച്ചിരിയാക്കാനുള്ള സന്ദേശമാണ് നമുക്ക് നൽകുന്നത്. ചെറിയ ചെറിയ ഉത്തരവാദിത്തങ്ങളിൽ വലിയ അഭിമാനംകൊണ്ട് അഹങ്കരിക്കുന്നവരാണ് നമ്മൾ. എന്നാൽ കൊച്ചു കൊച്ചു ജീവിത ഭാരങ്ങൾ ചുമക്കുമ്പോൾ ചിരിക്കാനും സന്തോഷിക്കുവാനും നമ്മൾ പലപ്പോഴും മറന്നുപോകുന്നു, നേരെമറിച്ചു കൃഷ്ണനെ നോക്കൂ; എത്രയായിരുന്നു അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങൾ. ഏതെല്ലാം കർമ്മ രംഗങ്ങളിലായിരുന്നു ആ മഹാത്മാവ് ഏർപ്പെട്ടിരുന്നത്. എല്ലാം ഭംഗിയായി നിറവേറ്റി. വലുപ്പചെറുപ്പമില്ലാതെ



Scanned with CamScanner

സകലജോലികളും ഒരേപോലെ ഏറ്റെടുക്കുകയും പൂർണ്ണതയിൽ എത്തിക്കുകയും ചെയ്തു.

തലയിൽ ഭാരവും ചുമന്നു നില്ക്കുന്ന ഒരാളോട് നല്ലൊരു തമാശ പറഞ്ഞു നോക്കൂ. ഭാരത്തിന്റെ കാഠിന്യം കാരണം അയാൾ ചിരിക്കില്ല, ചിരിക്കാൻ കഴിയില്ല. ഭഗവാൻ കൃഷ്ണൻ അങ്ങനെ ആയിരുന്നില്ല. ഹിമാലയപർവ്വതം പോലെ ചുമതലകൾ ഉണ്ടായിരുന്നു. പക്ഷേ, ഒരിക്കൽപ്പോലും ചിരിക്കാൻ മറന്നില്ല.

യുദ്ധത്തിൽ പരാജയപ്പെട്ടിട്ടുണ്ട് കൃഷ്ണൻ. അപ്പോഴെല്ലാം അദ്ദേഹം പുഞ്ചിരിയോടെ തോല്‌വി ഏറ്റുവാങ്ങിയിട്ടുമുണ്ട്. അതിന് അദ്ദേഹത്തിന് യാതൊരു മടിയും ഉണ്ടായിട്ടില്ല. തന്റെ പരാജയത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കാതെ മറ്റുള്ളവരുട തലയിൽ കെട്ടിവയ്ക്കുന്നവരാണ് സമൂഹത്തിൽ കൂടുതലും. എന്നാൽ ജയിച്ചാലോ ? അതു തന്റെ കഴിവും. പക്ഷെ, അത്തരക്കാരനായിരുന്നില്ല ശ്രീകൃഷ്ണൻ. തോല്‌വിയുടെ പൂർണ്ണചുമതല തുറന്ന മനസ്സോടെ ഏറ്റെടുക്കാനുള്ള ചങ്കൂറ്റം-ആ മാതൃക ഭഗവാനെപ്പോലെ മറ്റാരും നമുക്കു കാട്ടിത്തന്നിട്ടില്ല.

ജീവിതത്തിൽ ജയം മാത്രമേ സ്വീകരിക്കൂ എന്ന മനോഭാവം തെറ്റാണ്. പരാജയത്തെയും സ്വാഗതം ചെയ്യാൻ കഴിയണം. ജയത്തിന്റെയും തോൽവിയുടെയും എണ്ണവും കണക്കും നോക്കിയല്ല ജീവിതത്തെ വിലയിരുത്തുന്നത്. നേരെമറിച്ച്, അതിനെ രണ്ടിനെയും എങ്ങനെ ഉൾകൊണ്ടു എന്നതാണ് പ്രധാനം. അതാണു ഭഗവാന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്.

അല്പസ്വല്പം സ്ഥാനമാനങ്ങൾ കിട്ടിയാൽ അതിന്റെ ഹുങ്ക് തലയ്ക്കുപിടിച്ച്, താൻ മനുഷ്യനാണെന്ന കാര്യംപോലും മറന്നുപോകുന്നവരാണിന്ന് സമൂഹത്തിൽ ഏറെ. എന്നാൽ, സർവ്വശക്തനായിട്ടും, സ്വന്തം ശക്തിയിൽ അല്പംപോലും അഹന്ത ഇല്ലായിരുന്നു ഭഗവാന്. സാധാരണക്കാരനാകേണ്ട സന്ദർഭങ്ങളിൽ സാധാരണക്കാരിൽ സാധാരണക്കാരനായി കണ്ണൻ ഭൂമിയോളം ക്ഷമിച്ചു. എന്നാൽ തീരെ നിവൃത്തിയില്ലാതെ വന്നപ്പോൾ കംസനെപ്പോലയുള്ള അഹങ്കാരികളെ നല്ല പാഠം പഠിപ്പിക്കുകയും ചെയ്തു.

സദാ കർമ്മനിരതനായ കൃഷ്ണൻ ജീവിതത്തിൽ തനിക്ക് അണിയാൻ വച്ചു നീട്ടിയ വേഷങ്ങളെല്ലാം സന്തോഷത്തോടെ അണിഞ്ഞു. എല്ലാം വൈവിദ്ധ്യമാർന്ന വേഷങ്ങളായിരുന്നു. രാജാവിന്റേയും, പ്രജയുടേയും, അച്ഛന്റേയും, മകന്റേയും, സഹോദരന്റേയും, സഹപാഠിയു



Scanned with CamScanner

ടേയും, യോദ്ധാവിന്റേയും, ദൂതന്റേയും, ഗോപികാനാഥന്റേയും, തേരാളിയുടേയും, ഭക്തവത്സലനായ ഭഗവാന്റേയും, അങ്ങനെ ഒരുപാടൊരുപാടു വേഷങ്ങൾ. എല്ലാ വേഷങ്ങളും കെട്ടി, പൂർണ്ണമായി ആടുകയും ചെയ്തു. ഒന്നും പകുതിയാക്കിയില്ല, മുഴുവനാക്കിയിട്ടേ വേഷങ്ങളൊക്കെ അഴിച്ചുവച്ചുള്ളു.

എല്ലാവരെയും എല്ലാത്തിനെയും ഒരുപോലെ തഴുകിത്തലോടിയ ഒരു കുളിർകാറ്റുപോലെ ആയിരുന്നു കൃഷ്ണന്റെ ജീവിതം. ഒരു മുറിയിൽനിന്നു മറ്റൊരു മുറിയിലേക്കു പോകുന്ന ലാഘവത്തോടെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതയാത്ര. തന്നോടു ബന്ധപ്പെട്ടവർക്കെല്ലാം സന്തോഷം വാരിവിതറി ആ പരമാത്മാവു ശരീരം വെടിഞ്ഞപ്പോഴും സ്വന്തം കാലിൽ അമ്പെയ്ത വേടനു പരമപദം നൽകി അനുഗ്രഹിച്ചിട്ടാണു യാത്രയായത്.

ജീവിതത്തോടുള്ള ആ പുണ്യപുരുഷന്റെ ആനന്ദകരമായ സമീപനവും കർമ്മകുശലതയും മറക്കാതെ എല്ലാവരുടെയും ഓർമ്മയിൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആ കാലടികളെ പിന്തുടരാനുള്ള ശക്തിയും വീര്യവും എല്ലാവരിലും നിറയട്ടെ എന്നും ആശംസിക്കുന്നു.

## കവിതകൾ

### ഓമനത്തിങ്കൾക്കിടാവോ

**ഇരിമ്മൻ തമ്പി**

ഓമനത്തിങ്കൾക്കിടാവോ- നല്ല കോമളത്താമരപ്പൂവോ?
പൂവിൽ നിറഞ്ഞമധുവോ- പരിപൂർണ്ണേന്ദു തന്റെ നിലാവോ?
പുത്തൻപവിഴക്കൊടിയോ-ചെറു തത്തകൾ കൊഞ്ചും മൊഴിയോ?
ചാഞ്ചാടിയാടും മയിലോ- മൃദു പഞ്ചമം പാടും കുയിലോ?
തുള്ളുമിളമാൻകിടാവോ-ശോഭ കൊള്ളുന്നൊരോമൽക്കൊടിയോ?
ഈശ്വരൻ തന്ന നിധിയോ- പരമേശ്വരിയേന്തും കിളിയോ?
പാരിജാതത്തിൻ തളിരോ- എന്റെ ഭാഗ്യദ്രുമത്തിൻ ഫലമോ?
വാത്സല്യരത്നത്തെ വയ്പ്പാൻ- മമ വാച്ചൊരു കാഞ്ചനച്ചെപ്പോ?
ദൃഷ്ടിക്കുവച്ചോരമൃതോ- കൂരിരുട്ടത്തു വച്ച വിളക്കോ?
കീർത്തിലതയ്ക്കുള്ളവിത്തോ-എന്നും കേടുവരാതുള്ള മുത്തോ?
ആർത്തിത്തിമിരം കളവാൻ- ഉള്ള മാർത്താണ്ഡദേവ പ്രഭയോ?
സൂക്തിയിൽ കണ്ട പൊരുളോ-അതിസൂക്ഷ്മമാം വീണാരവമോ?



Scanned with CamScanner

വമ്പിച്ച സന്തോഷവല്ലി- തന്റെ കൊമ്പതിൽ പൂത്ത പൂവല്ലി?
പിച്ചകത്തിൻ മലർച്ചെണ്ടോ-നാവിനിച്ച നൽകുന്ന കൽക്കണ്ടോ?
കസ്തൂരി തന്റെ മണമോ-നല്ല സത്തുക്കൾക്കുള്ള ഗുണമോ?
പൂമണമേറ്റൊരു കാറ്റോ- ഏറ്റം പൊന്നിൽക്കലർന്നോരു മാറ്റോ?
കാച്ചിക്കുറുക്കിയ പാലോ-നല്ല ഗന്ധമെഴും പനിനീരോ?
നന്മവിളയും നിലമോ- ബഹു ധർമ്മങ്ങൾ വാഴും ഗൃഹമോ?
വാടാത്ത മല്ലികപ്പൂവോ- ഞാനും തേടിവച്ചുള്ള ധനമോ?
കണ്ണിനു നല്ല കണിയോ- മമ കൈവന്ന ചിന്താമണിയോ?
ലാവണ്യ പുണ്യ നദിയോ- ഉണ്ണിക്കാർവർണ്ണൻ തന്റെ കണിയോ?
ലക്ഷ്മി ഭഗവതി തന്റെ- തിരുനെറ്റിമേലിട്ട കുറിയോ?
എന്നുണ്ണി കൃഷ്ണൻ ജനിച്ചോ -പാരിലിങ്ങനെ വേഷം ധരിച്ചോ?
പത്മനാഭൻ തൻ കൃപയോ- ഇനി ഭാഗ്യം വരുന്ന വഴിയോ?

**കീർത്തനം**

## പാർത്ഥസാരഥി

**എഴുത്തച്ഛൻ- മഹാഭാരതം**

നിരന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽ കൂട്ടിത്തിറമൊടുകെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നീടും മണിക്കിരീടവും
കുനുകുന ചിന്നും കുറുനിരതന്മേൽ
നനുനനപ്പൊടിഞ്ഞൊരു പൊടി പറ്റി,
തിലകവുമൊട്ടു വിയർപ്പിനാൽ നന-
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി-
ച്ചിളകുന്ന ചില്ലിയുഗള ഭംഗിയും
അടിയരെക്കുറിച്ചൊരു കരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും
മടുമൊഴിമാരിൽ വളർന്ന രാഗവും
കലഹം കണ്ടൊരത്ഭുത രസങ്ങളും
ചപലന്മാരോടു കലർന്ന ഹാസവും
എതിരിടുന്നോർക്കു ഭയങ്കരത്വവും
പലതുമിങ്ങനെ നവ നവ രസ-
മിടയിടക്കൂടെക്കലർന്ന നേത്രവും



Scanned with CamScanner

മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക
സുമന്ദഹാസവുമധരശോഭയും
തുളസിയും നല്ല സരസിജങ്ങളു
മിളതായിടിന തളിരുകളുമാ-
യിടകലർന്നുടനിളകും മാലകൾ
തടയും മുത്തുമാലകളും കൗസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചൊരു കരതലവും കുങ്കുമം
മുഴുക്കപ്പൂശിന തിരുമറുമാറും
നിറന്ന മഞ്ഞപ്പൂന്തുകിലും കാഞ്ചിയും
പാദസരോരുഹയുഗവുമെന്നുടെ
ഹൃദയം തന്നിലങ്ങിരിക്കുംപോലെയ-
മ്മണിരഥം തന്നിലകം കുളിർക്കവേ
മണിവർണ്ണൻ തന്നെത്തെളിഞ്ഞു കണ്ടു ഞാൻ.

## കവിതകൾ

## പൂക്കാലം (പുഷ്പവാടി)

**കുമാരനാശാൻ**

പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേൻമാവു പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ,
ചോക്കുന്നു കാടന്തി മേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു,
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവുതേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾപൊന്നിൻ നിറം പൂണ്ടു; നീളെ-
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം

കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറയായി.
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ- വന്നൂ വസന്തം!
നാകത്തിൽ നിന്നോമനേ, നിന്നെ വിട്ടീ-
ലോകത്തിനാനന്ദമേകുന്നിതീശൻ

ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകല്ല പോകല്ല പൂക്കാലമേ നീ!
ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?- ഞാനറിഞ്ഞു!
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യൂ" വെന്നല്ലയല്ലീ?

## ഉപദേശം

## വിജ്ഞാനസുഭാഷിതം

1. *ശരീരമനസോ യോഗ പരസ്പരമനുവ്രജേദ്*
   *ആധാര ആധേയ ഭാവേന തപ്താജ്യാ ഘടയോരിവ*

   ശരീരവും മനസ്സും പരസ്പരം പൂരകങ്ങളാണ്. ശരീരം ആധാരവും മനസ് ആധേയവുമാണ്. ശരീരത്തിനുണ്ടാകുന്ന സുഖദുഃഖങ്ങൾ മനസ്സിനേയും മനസ്സിനുണ്ടാകുന്ന സുഖദുഃഖങ്ങൾ ശരീരത്തേയും ബാധിക്കും. നന്മനിറഞ്ഞ മനസ് നല്ലശരീരത്തിനത്യാവശ്യമാണ്.

2. *ഉദ്യമേനൈവ സിദ്ധ്യന്തി കാര്യാണി ന മനോരഥൈ:*
   *നഹി സുപ്തസ്യ സിംഹസ്യ പ്രവിശന്തി മുഖേ മൃഗാ:*

   ഏതുകാര്യവും സാധിച്ചെടുക്കണമെങ്കിൽ പ്രയത്നം ആവശ്യമാണ് മനോരഥത്താൽ ഒന്നും നേടാനാകില്ല. ഉറങ്ങിക്കിടക്കുന്ന സിംഹത്തിന്റെ വായിലേക്ക് ഇര സ്വയം വന്നു ചേരാറില്ല.

3. *തക്ഷകസ്യവിഷം ദന്തം മക്ഷകസ്യ വിഷം ശിര:*
   *വൃശ്ചികസ്യ വിഷം പുച്ഛം സർവ്വാംഗം ദുർജനസ്യ ച*

   പാമ്പിന്റെ വിഷം പല്ലിലും, ഈച്ചയുടെ വിഷം ശിരസിലും തേളിന്റെ വിഷം വാലിലും ദുർജനങ്ങളുടെ വിഷം ശരീരം മുഴുവനുമാകുന്നു.

4. *അഗ്രതശ്ചതുരോ വേദാഃ പൃഷ്ഠത സശരം ധനു:*
*ഇദം ബ്രാഹ്മ്യം ഇദം ക്ഷാത്രം ശാപാദപി ശരാദപി*

ഹേ! മനുഷ്യാ നീ അറിവിന്റെ നിറകുടമായിരിക്കണം. ആവനാഴിയിൽ നിറഞ്ഞ ശരങ്ങളുമായി നീ ശക്തനുമായിരിക്കണം. അറിവന്റേയും ശരത്തിന്റേയും ശക്തിയുപയോഗിച്ച് ജീവിതത്തിൽ മുന്നേറണം.

5. *സാക്ഷാത് അനുഭവൈർ ദൃഷ്ടോ ന ശ്രുതോ ന ഗുരു ദർശിത:*
*ലോകാനാം ഉപകാരായ ഏതത് സർവം പ്രദർശിതം*

അനുഭവിച്ചറിഞ്ഞ കാര്യങ്ങളാണ് സമഗ്രമായി സ്വീകരിക്കേണ്ടത്. ഗുരുവചനമാണ്, മറ്റുള്ളവർ പറയുന്നതാണ് എന്നുവിചാരിച്ച് ഒന്നും തന്നെ അനുഷ്ഠിക്കേണ്ടതില്ല. ലോകനന്മയ്ക്ക് വേണ്ടിയാണ് ഈ ആചാരങ്ങൾ ഉള്ളത്.

6. *സ്വഗ്രാമേ പൂർണമാചാരം അന്യഗ്രാമേ തദർധകം*
*പട്ടണേ തു തത് പാദം യാത്രേ ബാലാത് അചരതേത്*

സ്വന്തം ഗ്രാമത്തിൽ ആചാരങ്ങൾ പൂർണമായും അനുശാസിക്കണം., മറ്റൊരു ഗ്രാമത്തിലാണ് എങ്കിൽ പകുതിയും പട്ടണത്തിലാണ് താൽക്കാലികമായി എത്തിയിരിക്കുന്നതെങ്കിൽ കാൽ ഭാഗവും ആചരിക്കണം. യാത്രാവേളയിലാണെങ്കിൽ ആചാരാങ്ങളെല്ലാം ഒഴിവാക്കി ബാലനെപോലെയുമാകാം.

7. *ആചാര്യാത് പാദമാദത്തെ പാദം ശിഷ്യ സ്വമേധയാ*
*പാദം സബ്രഹ്മചാരിഭ്യ: ശേഷം കാലക്രമേണ ച.*

ആചാര്യനിൽനിന്നു ആചാരാനുഷ്ഠാനങ്ങളുടെ കാൽഭാഗം പഠിക്കണം. കാൽഭാഗം ശിഷ്യൻ സ്വമേധയാ വിശകലനം ചെയ്ത് പഠിക്കണം, സഹപാഠികളിൽ നിന്ന് കാൽഭാഗവും, ബാക്കി കാലക്രമത്തിൽ കണ്ടും കേട്ടും പഠിക്കണം.

8. *ആചിനോതി ച ശാസ്ത്രാർത്ഥാൻ ശിഷ്യാൻ സാധയതേ സുധീ*
*സ്വയമാചരതി ചൈവ സ: ആചാര്യ ഇതി സ്മൃതാ:*

ആചാര്യനിർവചനമിതാണ് : ആചാരങ്ങളുടെ ശാസ്ത്രീയമായ അർത്ഥം അറിയാവുന്നവനും, ശിഷ്യന്മാർക്ക് എളുപ്പത്തിൽ പഠിപ്പിക്കുവാൻ അറിയാവുന്നവനും, ഉപദേശിക്കുന്ന കാര്യങ്ങൾ സ്വയം ജീവിതത്തിലനുഷ്ഠിക്കുന്നവനുമാണ് ആചാര്യനായി സ്മരിക്കപ്പെടുന്നത്.



Scanned with CamScanner

9. *താതസ്യ കൂപോയ മിതി ബ്രുവാണ കാ പുരുഷഃ ക്ഷാരജലം പിബതി*

അച്ഛൻ കുഴിച്ച കിണറാണെന്ന് വിചാരിച്ച് അച്ഛനോട് ബഹുമാനം കാണിക്കുവാൻ ആ കിണറ്റിൽ ഉപ്പുവെള്ളമാണെങ്കിൽ ഏതു മനുഷ്യനാണ് കുടിക്കുക. (ഉപ്പുവെള്ളം കുടിക്കേണ്ടതില്ല. പണ്ടുള്ളവർ ആചരിച്ചവ തെറ്റാണെങ്കിൽ നാമത് സ്വീകരിക്കേണ്ട ആവശ്യമില്ല.)

1. ശാസ്ത്രംപ്രമാണം : ശാസ്ത്രമാണ് ആധാരമാക്കേണ്ടത്.
2. ആപ്തവാക്യം പ്രമാണം : ശ്രേഷ്ഠന്മാരുടെ വാക്കുകളും പ്രമാണമാണ്.
3. പ്രത്യക്ഷം പ്രമാണം : നേരിൽ കാണുന്നതും പ്രമാണമാണ്.
4. അനുമാനം പ്രമാണം : (സത്യസന്ധമായി) ഊഹിച്ചെടുത്താലും പ്രമാണമാകുന്നു.
5. സത്യമേവ ജയതേ : സത്യം എന്നും വിജയിക്കുക തന്നെ ചെയ്യും
6. വിദ്യയാƒമൃതമശ്നുതേ : വിദ്യയിലൂടെ അമരത്വം നേടുക.
7. ധർമ്മോസ്മദ്കുലദേവതാ : ധർമ്മം നമ്മുടെ കുലദേവതയാണ്.
8. ജനനീ ജന്മഭൂമിശ്ച സ്വർഗാദപിഗരീസി : അമ്മയും ജന്മഭൂമിയും സ്വർഗത്തേക്കാൾ വലുതാണ്.
9. മാതൃദേവോ ഭവ : മാതാവ് ഈശ്വരതുല്യയാണ്.
10. പിതൃദേവോ ഭവ : പിതാവ് ഈശ്വരതുല്യനാണ്.
11. ആചാര്യദേവോ ഭവ : അധ്യാപകൻ ഈശ്വരനുതുല്യനാണ്.
12. അതിഥി ദേവോ ഭവ : (ദിവസം നോക്കാതെ വീട്ടിൽ കയറിവരുന്നവർ) അതിഥി ഈശ്വരതുല്യരാണ്.
13. തത്ത്വമസി : നീയും അതേ ഈശ്വരചൈതന്യമാണ്.
14. അയമാത്മാ ബ്രഹ്മ : സർവചരാചരങ്ങളിലുമുള്ള ആത്മ ചൈതന്യമാണ് ഈശ്വര ചൈതന്യം
15. പ്രജ്ഞാനം ബ്രഹ്മ : ചരാചരങ്ങളിലന്തർലീനമായിരിക്കുന്ന സ്വത സിദ്ധമായ ജ്ഞാനം (awareness & consciousness) അതാണ് ഈശ്വര ചൈതന്യം

## സാഹിത്യം

## പൈതൃക ഗ്രന്ഥങ്ങൾ - വേദങ്ങൾ

ഭാരതത്തിൽ അനവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ആത്മീയ ഗ്രന്ഥങ്ങൾ, ഭൗതീക ഗ്രന്ഥങ്ങൾ, ശാസ്ത്രീയ ഗ്രന്ഥങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു. സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള ഗ്രന്ഥ



Scanned with CamScanner

ങ്ങളാണിവയെല്ലാം. ഇവയിൽ വൈദീകഗ്രന്ഥങ്ങളുടെ ഒരു ഏകദേശ വിവരണം ചുവടെ ചേർക്കുന്നു.

ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിങ്ങനെ നാലുവേദങ്ങളുണ്ട്. ഭാരതീയ ചിന്താധാരകളുടെയും സനാതനധർമ്മത്തിന്റെയും അടിസ്ഥാനശിലകളാണ് ഈ വേദങ്ങൾ. ഭാരതീയ ഈശ്വരസങ്കൽപം, ഭാരതീയ ഭാഷാശാസ്ത്രം, വൈദീക ആചാരങ്ങൾ, തത്വശാസ്ത്രം എന്നിവയ്ക്കെല്ലാം ആധാരമായിരിക്കുന്നത് വേദഗ്രന്ഥങ്ങളാണ്. വേദങ്ങൾ കവിതകൾ / പദ്യങ്ങൾ ആയിട്ടാണ് എഴുതിയിരിക്കുന്നത്. ഇരുന്നൂറിൽപരം ഋഷിവര്യന്മാരാണ് ഋഗ്വേദത്തിലെ 397260 അക്ഷരങ്ങൾ ചേർത്ത 193816 പദങ്ങൾ ഉണ്ടാക്കി 10552 ഋക്കുകളിലായി കവിതാരൂപത്തിലെഴുതിയ 64 അദ്ധ്യായങ്ങളിലുള്ള സൂക്തങ്ങളെഴുതിയത്. വിശ്വാമിത്രമഹർഷിയുടെ കുലത്തിൽ ജനിച്ചവരാണ് ഈ മഹർഷിമാരിൽ ഭൂരിഭാഗവും.

യജുർവേദത്തിൽ രണ്ടു ശാഖകളുണ്ട്. പദ്യങ്ങൾ മാത്രമുള്ള ശുക്ലയജുർവേദം. പദ്യവും ഗദ്യവുമുള്ള കൃഷ്ണയജുർവേദം. ശുക്ലയജുർവേദത്തിൽ നാൽപത് അദ്ധ്യായങ്ങളാണുള്ളത്. യജ്ഞവൽക്യമഹർഷിയാണ് ഈ വേദത്തിന്റെ രചയിതാവ്.

ഋഗ്വേദത്തിലെയും യജുർവേദത്തിലേയും കുറെ മന്ത്രങ്ങളെ ഗാനരൂപത്തിൽ ചൊല്ലുന്നതായിട്ടാണ് സാമവേദമന്ത്രരചന. സാമഗാനം എന്നു പറയുവാൻ കാരണംതന്നെ പൂർണമായും സംഗീതാത്മകമായ ഒരു വേദമാണിത് എന്നതുകൊണ്ടാണ്.

അഥർവവേദമാണ് നാലാമത്തെവേദം. മറ്റു വേദങ്ങളിലുള്ള ധാരാളം മന്ത്രങ്ങളും, കൂടാതെ പുതിയ മന്ത്രങ്ങളും ഇതിലുണ്ട്.

ആദിമകാലഘട്ടത്തിൽ ഒന്നായിരുന്ന വേദത്തെ കൃഷ്ണദ്വൈപായനൻ എന്ന മഹർഷിശ്രേഷ്ഠൻ നാലാക്കിയതാണ് മേൽവിവരിച്ചത്. വിഷയത്തിന്റെയും, അവതരണത്തിന്റെയും, ഭാഷാശൈലിയുടേയും, ഇതെല്ലാം എഴുതുവാൻ കാരണക്കാരയ ഋഷിവര്യന്മാരുടെയും അടിസ്ഥാനത്തിലാണ്, അറിവ്, ജ്ഞാനം എന്ന അർത്ഥമുള്ള വേദം നാലായി വിഭജിച്ചത്.

ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് എഴുതിയ ഈ ഗ്രന്ഥങ്ങൾ/മന്ത്രങ്ങൾ ഏതുകാലത്തുണ്ടായി എന്നറിയാത്തതിനാൽ വേദങ്ങൾ അനാദിയാണ് എന്നുപറയന്നു.



Scanned with CamScanner

പ്രപഞ്ചത്തിലെ ചൈതന്യമാകുന്ന സത്യങ്ങളെ മാത്രം എഴുതിയതുകൊണ്ട് അപൗരുഷേയം എന്നു പറയുന്നു. പ്രപഞ്ചത്തിലെ ഈ ചൈതന്യത്തെ നേരിട്ടു ദർശിക്കുവാൻ സാധിച്ചവരായ ഋഷിവര്യന്മാരെഴുതിയതുകൊണ്ട് ഋഷിവര്യന്മാരെ മന്ത്രദൃഷ്ടാക്കൾ എന്നു പറയുന്നു.

വേദങ്ങളിൽ വിവരിക്കുന്നത് പ്രപഞ്ച ചൈതന്യത്തെക്കുറിച്ചാണ്. അതിൽ സൂര്യൻ, ചന്ദ്രൻ, പ്രകൃതി, വനങ്ങൾ, പർവതങ്ങൾ, മനുഷ്യർ, ജീവജാലങ്ങൾ, ലോഹങ്ങൾ, ഗണിതം, ജീവിതം കർമ്മമാർഗം, തത്വശാസ്ത്രം, സാമൂഹികവിഷയം, ഇവയിലെല്ലാം നിലനിൽക്കുന്ന ചൈതന്യമാണ് വേദവിഷയങ്ങൾ

പ്രപഞ്ചത്തിലെ എല്ലാ വിഷയങ്ങളും വേദങ്ങൾ സ്പർശിക്കുന്നതുകൊണ്ടാണ്, എല്ലാം വേദത്തിൽ വിവരിച്ചിട്ടുണ്ടെന്ന് പറയുന്നത്. വേദമന്ത്രങ്ങളിൽ കഥകളല്ല ഉള്ളത്, ചരിതങ്ങളുമില്ല, ഇതു നാം പ്രത്യകം ഓർമ്മിക്കണം പ്രപഞ്ച വിവരണങ്ങളും, പ്രപഞ്ചചൈതന്യസ്തുതികളുമാണുള്ളത്.

വേദമന്ത്രം പറയുക എന്ന പദമല്ല ഉപയോഗിക്കുക. പ്രത്യേക സ്വരത്തോടെ വേദമന്ത്രങ്ങൾ ചൊല്ലുക / ആലപിക്കുക എന്ന പ്രയോഗമാണുള്ളത്.

വേദമന്ത്രങ്ങൾക്ക് പത്തു സ്വരങ്ങളാണുള്ളത്. ഉദാത്തം, അനുദാത്തം, സ്വരിതം, രേഫം, ഹ്രസ്വം, പ്രചേയം, അനുനാസികം, കമ്പം, ദീർഘകമ്പം, പ്ലുതം എന്നിവയാണ് സ്വരങ്ങൾ.

## തത്വശാസ്ത്രം

## ദർശനങ്ങൾ

പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളെയും, അവയുടെ കാര്യവും കാരണവും, അതിന്റെ പിന്നിലുള്ള തത്വങ്ങളും വിശകലനം ചെയ്ത് ഋഷിവര്യന്മാർ സംഗ്രഹിച്ചെഴുതിയ വിജ്ഞാനബിന്ദുക്കളുടെ സമാഹാരമാണ് ദർശനങ്ങൾ. പ്രപഞ്ചത്തിലെ പ്രതിഭാസങ്ങളെക്കുറിച്ചുള്ള അവരുടെ വീക്ഷണമായതുകൊണ്ടാണ് വീക്ഷിച്ചത് എന്ന അർത്ഥം വരുന്ന ദർശനം എന്ന പേരുണ്ടായത്. ആറു ദർശനങ്ങളാണ് പ്രധാനപ്പെട്ടവ.

1. **പൂർവ മീമാംസ :** ജൈമിനി മഹർഷി, സഹസ്രാബ്ദങ്ങൾക്കുമുമ്പെഴുതിയ പൂർവ്വമീമാംസാ ദർശനത്തിന്റെ കാതലായ തത്വം, ധർമ്മം- അധർമ്മം ഈ രണ്ടു വിധ കർമ്മങ്ങളാണ് ലോകത്തിലെ നിലനിൽപിനും, വളർച്ചയ്ക്കും, കാരണമെന്നതാണ്. അധർമ്മത്തിനെ



Scanned with CamScanner

തിരെ ധർമ്മത്തിന്റെ വിവിധ ശക്തികൾ നിരന്തരം പ്രവർത്തിക്കുന്നു. എല്ലാ ഈശ്വരീയ കർമ്മങ്ങൾക്കും ധർമ്മത്തിന്റെ പിൻബലമുണ്ട്.

2. **ഉത്തര മീമാംസ :** മഹർഷി വേദവ്യാസനാണ്. ഉത്തരമീമാംസയുടെ ഉപജ്ഞാതാവ്. സർവചരാചരങ്ങളും ബ്രഹ്മത്തിലാധാരമായിരിക്കുന്നു. ബ്രഹ്മമാണ് ശാശ്വത സത്യമായിട്ടുള്ളത്. ബാക്കിയെല്ലാം താൽകാലിക സത്യം മാത്രമാണ്. പരിശുദ്ധമായ അദ്വൈതം (രണ്ടല്ലാത്തത്) അതാണത്രെ ഉത്തര മീമാംസ.

3. **സാംഖ്യാ യോഗം :** കപില മഹർഷിയുടെ ദർശനമാണ് സാംഖ്യ യോഗ ദർശനം. സാംഖ്യയോഗത്തിൽ പ്രപഞ്ചത്തിന്റെ അടിസ്ഥാനം അഷ്ടപ്രകൃതിയിലും, അടിസ്ഥാനശക്തി പ്രപഞ്ച പുരുഷ ചൈതന്യവുമാണ്. അഷ്ട പ്രകൃതി- ഭൂമി (ഖരം) ആപ (ദ്രവം), അഗ്നി, വായു, ആകാശം, മനസ്, ബുദ്ധി, പ്രജ്ഞാനം ഇവ പ്രകൃതിയായ പ്രപഞ്ചത്തിന്റെ അടിസ്ഥാനശിലയും പരമാത്മചൈതന്യം അഥവാ പ്രപഞ്ച ചൈതന്യം എട്ടു പ്രകൃതികളെ ചൈതന്യവത്താക്കുന്നതുമാണ്. ഇവയാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനം.

4. **യോഗ ദർശനം :** പതഞ്ജലി മഹർഷിയാണ് യോഗദർശനത്തിന്റെ ഉപജ്ഞാതാവ്. അഷ്ടാംഗ യോഗചര്യ, യോഗദർശനതത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്. പ്രപഞ്ചപുരുഷ ചൈതന്യമായ ബ്രഹ്മ ചൈതന്യം മാത്രമാണ് സൃഷ്ടി, സ്ഥിതി, സംഹാരത്തിന് കാരണമായത് എന്നു വിവരിക്കുന്നു. എല്ലാവികാര വിചാരങ്ങൾക്കും അടിസ്ഥാനകാരണം മനസ്സായതിനാൽ മനോനിയന്ത്രണമാണ് ശാശ്വത സത്യം അറിയുവാനുള്ള മാർഗം എന്നും പതഞ്ജലി ദർശിച്ചു.

5. **വൈശേഷിക ദർശനം :** കണാദമഹർഷിയുടെ ദർശനമാണ് വൈശേഷികം. ഈ ദർശനത്തിലെ അടിസ്ഥാനതത്വം- 'എല്ലാദ്രവ്യങ്ങളും ആറ്റങ്ങളാൽ- പരമാണുക്കളാൽ നിർമ്മിതമാണ്.' പ്രപഞ്ചവും ഈ ഘടകങ്ങളാലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

6. **ന്യായശാസ്ത്രം :** ഗൗതമ മഹർഷിയാണ് ന്യായശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്. പ്രപഞ്ചത്തിലെ സർവചരാചരങ്ങളുടെ സൃഷ്ടിക്കും പിന്നിൽ ഒരു സൃഷ്ടികർത്താവുണ്ട്. ഈ സൃഷ്ടികർത്താവിനെ ഗൗതമ മഹർഷി ഈശ്വരൻ എന്നു വിളിച്ചു. ന്യായ ശാസ്ത്രത്തിലൂടെയാണ് ഗൗതമൻ ഈശ്വരന്റെ അസ്തിത്വത്തെ വിവരിക്കുന്നത്.

ലോകമെമ്പാടും പഠനത്തിന് വിധേയമാക്കി കൊണ്ടിരിക്കുന്ന അത്യുജ്ജ്വല തത്വ സംഹിതകളാണ് മേൽ വിവരിച്ച ആറ് ദർശനങ്ങൾ.



Scanned with CamScanner

എല്ലാം പരസ്പരം പൂരകങ്ങളാണെന്നും ഒന്നും, മറ്റൊന്നിന് വിരുദ്ധമല്ലെന്നും ശാസ്ത്രത്തിന്റെ സഹായത്താൽ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകും. ന്യായശാസ്ത്രത്തിലെ മാത്രം ഉദാഹരണത്തിലൂടെ അല്പം അതു വിവരിക്കാം.

## തത്വശാസ്ത്രം

## ന്യായശാസ്ത്രം

ചില കാര്യങ്ങൾ വിവരിക്കുമ്പോൾ നാമുപയോഗിക്കുന്ന യുക്തിയാണ് ന്യായ ശാസ്ത്രതത്തിന്റെ അടിസ്ഥാന തത്വം. മലയാളത്തിൽ ഒരുപ്രയോഗമുണ്ട്. 'ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം' ഇതിന്റെയർത്ഥം എല്ലാവർക്കുമറിയാം. നാട്ടിൽ പഞ്ഞം/ ക്ഷാമം ഉണ്ടെങ്കിൽ അവിടെയുള്ള ചില കാര്യങ്ങൾ വിശകലനം ചെയ്താൽ മതിയാകും. ഇങ്ങനെയാണ് ഗൗതമ മഹർഷി ന്യായശാസ്ത്രത്തിലൂടെ പല തത്വങ്ങളും വിവരിക്കുന്നത്. പത്ത് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. **സ്ഥാലീപുളാകന്യായം :** അരി വേവിക്കുമ്പോൾ എല്ലാ അരിയും വെന്തിട്ടുണ്ടോ എന്നറിയുന്നതിന്, ഒന്നോ രണ്ടോ അരിയുടെ/ ചോറിന്റെ വേവു നോക്കിയാൽ മതിയാകും എന്ന ന്യായമാണ് സ്ഥാലീപുളാകന്യായം.

2. **രജ്ജുസർപന്യായം :** മങ്ങിയ വെളിച്ചത്തിൽ കയറ്, പാമ്പാണ് എന്നു ധരിക്കുന്നു. നല്ല പ്രകാശം വന്നാൽ അത് കയറാണ്, പാമ്പല്ല എന്ന് വ്യക്തമാകും. ജ്ഞാന പ്രകാശം ലഭ്യമാകുന്നതു വരെ വ്യക്തമായ രൂപഭാവം ലഭിക്കുന്നില്ല എന്ന ന്യായമാണിത്.

3. **സമുദ്ര-തരംഗന്യായം :** ഓരോ തിരയും വ്യക്തമായി കാണുവാനും എണ്ണുവാനും സാധിക്കുമെങ്കിലും, എല്ലാതിരകളും സമുദ്രത്തിന്റെ അവിഭാജ്യഘടകമാണ്. സമുദ്രത്തിൽ നിന്ന് ഭിന്നമായി തരംഗത്തിന് ആസ്തിത്വമില്ലതന്നെ. ഈ അഭേദ്യമായ ബന്ധവിവരണം നൽകുന്ന ന്യായമാണ് സമുദ്രതരംഗന്യായം.

4. **വാതഗന്ധ ന്യായം :** ഓരോന്നിലുമുള്ള ഗന്ധത്തെ കാറ്റ് പരത്തുന്നു. ഇതിൽ കാറ്റിന് ഗന്ധത്തോട് സ്നേഹമോ വെറുപ്പോ ഇല്ല. നന്മതിന്മകൾ ബ്രഹ്മത്തെ സ്വാധീനിക്കില്ല. (ഊർജ്ജത്തെയും) എന്ന ന്യായവിവരണത്തിനാണ് ഈ ഉദാഹരണം.

5. **സൂര്യ-ബിംബന്യായം :** കടലിലും, കുളത്തിലും, കിണറിലും, ഏതു ജലാശയത്തിലും സൂര്യബിംബം കാണാമെങ്കിലും സൂര്യൻ ഒന്നേ

യുള്ളൂ. പലതരത്തിലുള്ള ജീവജാലങ്ങളുണ്ടെങ്കിലും അവയിലെല്ലാമുള്ള ചൈതന്യം ഒന്നാണെന്ന് തെളിയിക്കുവാനാണ് ഈ ന്യായം ഉപയോഗിക്കുന്നത്.

6. **അരുന്ധതി ന്യായം** : അറിയാവുന്ന നക്ഷത്രത്തെ അടിസ്ഥാനമാക്കി മറ്റൊരു നക്ഷത്രത്തിന്റെ സ്ഥാനം നിർണയിക്കുന്നതു പോലെ അറിയാവുന്നതിലൂടെ വേണം അറിയാത്തതിലേക്കു പോകുവാൻ എന്നു വാദിക്കാനാണ് ഈ ന്യായം.

7. **ബീജവൃക്ഷ ന്യായം** : ബീജമാണോ ആദ്യമുണ്ടായത് വൃക്ഷമാണോ ആദ്യമുണ്ടായത് എന്ന് വ്യക്തമാക്കുവാൻ വിഷമം വരുന്നതുപോലെ, വാദപ്രതിവാദങ്ങളിൽ ഏത് ആദ്യം, ഏത് രണ്ടാമത്തെ എന്നു വാദിക്കുവാൻ പ്രയോഗിക്കുന്ന ന്യായമാണിത്.

8. **അശ്മലോഷ്ട ന്യായം** : കല്ല്- ചെളി ഇവയിൽ ഒന്ന് കാഠിന്യമുള്ളത് മറ്റേത് മൃദുവായത്. ഈ പദപ്രയോഗങ്ങൾ ആപേക്ഷികമാണ്. വജ്രത്തേക്കാൾ കല്ലു മൃദുവാണ്. പഞ്ഞിയേക്കാൾ ചെളി കഠിനമാണ്. വാചകപ്രയോഗത്തിന്റെ അർത്ഥം ആപേക്ഷികമാണ്, എന്ന ന്യായമാണിവിടെ വിവരിക്കപ്പെടുന്നത്.

9. **വിഷ-കൃമിന്യായം** : ചില വൃത്തികെട്ട വസ്തുക്കൾ കൃമികൾക്ക് ഇഷ്ടഭോജ്യമാണ്. ചില നല്ല വസ്തുക്കൾ മറ്റു ചിലതിന് വിഷമാണ് അതുപോലെ മറിച്ചും ഇതാണ് വിഷകൃമി ന്യായം.

10. **ക്ഷുരക- പുത്രന്യായം** : ഒരു വ്യക്തിക്ക് (ഇവിടെ മുടി വെട്ടുകാരന്) അവനവന്റെ പുത്രന്റെ സൗന്ദര്യമാണ് ഏറ്റവും ശ്രേഷ്ഠമായത്. ശ്രേഷ്ഠമല്ലാത്തതിനേയും നമ്മുടെ ബന്ധം, നമുക്ക് ശ്രേഷ്ഠമാക്കുന്നു എന്നതാണ് ഈ ന്യായത്തിന്റെ സാരാംശം. ഇപ്രകാരം അനവധി ന്യായവാദങ്ങളുണ്ട്.

## ഗ്രന്ഥങ്ങൾ

### A. വേദങ്ങൾ

I. ഋഗ്വേദസംഹിത (25 ശാഖകൾ) II. യജുർവേദസംഹിത (108 ശാഖകൾ) III. സാമവേദസംഹിത (1000 ശാഖകൾ) IV.അഥർവവേദസംഹിത (50 ശാഖകൾ)



Scanned with CamScanner

## B. ബ്രാഹ്മണങ്ങൾ

**I. ഋഗ്വേദീയ ബ്രാഹ്മണങ്ങൾ :** 1. ഐതരേയ ബ്രാഹ്മണം 2. സംഖായന ബ്രാഹ്മണം 3. കൗഷീതകി ബ്രാഹ്മണം

**II. യജുർവേദീയ ബ്രാഹ്മണങ്ങൾ :** 1. ശതപഥബ്രാഹ്മണം 2. തൈത്തരീയബ്രാഹ്മണം 3. മൈത്രായണീയബ്രാഹ്മണം

**III. സാമവേദീയ ബ്രാഹ്മണങ്ങൾ :** 1. ജൈമിനീയ ബ്രാഹ്മണം 2. താണ്ഡ്യബ്രാഹ്മണം 3. ആർഷേയ ബ്രാഹ്മണം 4. ഷഡ്വിംശദ് ബ്രാഹ്മണം 5. ഛാന്ദോഖ്യബ്രാഹ്മണം 6. സാമവിധാനബ്രാഹ്മണം 7. അഭൂത ബ്രാഹ്മണം 8. വംശബ്രാഹ്മണം 9. സംഹിതോപനിഷദ്ബ്രാഹ്മണം

**IV. അഥർവവേദീയ ബ്രഹ്മണം :** 1. ഗോപഥബ്രാഹ്മണം

## C. ആരണ്യകങ്ങൾ

**I. ഋഗ്വേദീയ ആരണ്യകം :** 1. ഐതരേയ ആരണ്യകം 2. കൗഷീതകി ആരണ്യകം

**II. യജുർവേദീയ ആരണ്യകം :** 1. മൈത്രായണീയ ആരണ്യം 2. തൈത്തരീയ ആരണ്യകം

(സാമവേദത്തിനും അഥർവവേദത്തിനും ആരണ്യകങ്ങളില്ല)

## D. ഉപനിഷത്തുകൾ

**I. ഋഗ്വേദീയ ഉപനിഷദ് :** 1. ഐതരേയ ഉപനിഷദ് 2. കൗഷീതകി ഉപനിഷദ് 3. നാദബിന്ദു ഉപനിഷദ് 4. ആത്മബോധ ഉപനിഷദ്, 5. നിർവാണ ഉപനിഷദ് 6. മുൽഗല ഉപനിഷദ് 7. അക്ഷമാലിക ഉപനിഷദ് 8. ത്രിപുര ഉപനിഷദ് 9. സൗഭാഗ്യലക്ഷ്മി ഉപനിഷദ് 10. ബഹ്വൃച ഉപനിഷദ്

**II. ശുക്ലയജുർവേദീയ ഉപനിഷദ് :** 1. ഈശാവാസ്യ ഉപനിഷദ് 2. ബൃഹദാരണ്യക ഉപനിഷദ് 3. ഹംസ ഉപനിഷദ് 4. പരമഹംസ ഉപനിഷദ് 5. സുബാല ഉപനിഷദ് 6. മന്ത്രിക ഉപനിഷദ് 7. തൃശിഖിബ്രാഹ്മണ ഉപനിഷദ് 8. നിരാലംബ ഉപനിഷദ് 9. മണ്ഡലബ്രാഹ്മണ ഉപനിഷദ് 10. അദ്വയ ഉപനിഷദ് 11. താരക ഉപനിഷദ് 12. ഭിക്ഷുക ഉപനിഷദ് 13. അദ്ധ്യാത്മ ഉപനിഷദ് 14. മുക്തിക ഉപനിഷദ് 15. താരാശര ഉപനിഷദ് 16. യജ്ഞവൽക്യ ഉപനിഷദ് 17. ശാട്യായന ഉപനിഷദ് 18. തുരിയതീത അവധൂത ഉപനിഷദ്

**III. കൃഷ്ണയജുർവേദീയ ഉപനിഷദ് :** 1. കഠ ഉപനിഷദ് 2. തൈത്തിരീയ ഉപനിഷദ് 3. ബ്രഹ്മ ഉപനിഷദ് 4. കൈവല്യ ഉപനിഷദ് 5. ശ്വേതാശ്വേതര ഉപനിഷദ് 6. ഗർഭ ഉപനിഷദ് 7. മഹാനാരായണ ഉപനിഷദ്



Scanned with CamScanner

8. അമൃതബിന്ദു ഉപനിഷദ് 9. അമൃതനാദ ഉപനിഷദ് 10. കാലാഗ്നിരുദ്ര ഉപനിഷദ് 11. ക്ഷുരിക ഉപനിഷദ് 12. സർവസാര ഉപനിഷദ് 13. ശുകരഹസ്യ ഉപനിഷദ് 14. തേജബിന്ദു ഉപനിഷദ് 15. ധ്യാനബിന്ദു ഉപനിഷദ് 16. ബ്രഹ്മവിദ്യ ഉപനിഷദ് 17. യോഗതത്വ ഉപനിഷദ് 18. ദക്ഷിണാമൂർത്തി ഉപനിഷദ് 19. സ്കന്ദ ഉപനിഷദ് 20. ശാരീരിക ഉപനിഷദ് 21. യോഗശിഖ ഉപനിഷദ് 22. ഏകാക്ഷര ഉപനിഷദ് 23. അക്ഷി ഉപനിഷദ് 24. അവധൂത ഉപനിഷദ് 25. കഠരുദ്ര ഉപനിഷദ് 26. രുദ്രഹൃദയ ഉപനിഷദ് 27. പഞ്ചബ്രഹ്മ ഉപനിഷദ് 28. പ്രാണാഗ്നിഹോത്ര ഉപനിഷദ് 29. വരാഹ ഉപനിഷദ് 30. യോഗകുണ്ഡലിനി ഉപനിഷദ് 31. കലിസന്തരണ ഉപനിഷദ് 32. സരസ്വതീ രഹസ്യ ഉപനിഷദ്.

**IV. സാമവേദീയ ഉപനിഷദ് :** 1. കേന ഉപനിഷദ് 2. ഛാന്ദോഖ്യ ഉപനിഷദ് 3. ആരുണി ഉപനിഷദ് 4. മൈത്രയണീ ഉപനിഷദ് 5. മൈത്രേയീ ഉപനിഷദ് 6. വജ്രസൂചിക ഉപനിഷദ് 7. യോഗചൂഢാമണി ഉപനിഷദ് 8. വാസുദേവ ഉപനിഷദ് 9. മഹോപനിഷദ് 10. സന്യാസ ഉപനിഷദ് 11. അവ്യക്ത ഉപനിഷദ് 12. കുണ്ഡിക ഉപനിഷദ് 13. സാവിത്രി ഉപനിഷദ് 14. ജാബാല ഉപനിഷദ് 15. ദർശന ഉപനിഷദ് 16. രുദ്രാക്ഷ ജാബാല ഉപനിഷദ്

**V. അഥർവവേദീയ ഉപനിഷദ് :**

1. പ്രശ്ന ഉപനിഷദ് 2. മുണ്ഡക ഉപനിഷദ് 3. മാണ്ഡൂക്യ ഉപനിഷദ് 4. അഥർവശിര ഉപനിഷദ് 5. അഥർവശിഖ ഉപനിഷദ് 6. ബൃഹദ്ജാബാല ഉപനിഷദ് 7. സീത ഉപനിഷദ് 8. ശരഭ ബിന്ദു ഉപനിഷദ് 9. മഹാനാരായണ ഉപനിഷദ് 10. രാമരഹസ്യ ഉപനിഷദ് 11. രാമതാപിനി ഉപനിഷദ് 12. സാണ്ഡില്യ ഉപനിഷദ് 13. പരമഹംസ ഉപനിഷദ് 14. അന്നപൂർണ ഉപനിഷദ് 15. സൂര്യ ഉപനിഷദ് 16. ആത്മ ഉപനിഷദ് 17. പാശുപത ഉപനിഷദ് 18. പരബ്രഹ്മ ഉപനിഷദ് 19. തൃപുരതാപിനി ഉപനിഷദ് 20. ദേവി ഉപനിഷദ് 21. ഭാവന ഉപനിഷദ് 22. ഭസ്മ ജാബാല ഉപനിഷദ് 23. ഗണപതി ഉപനിഷദ് 24. മഹാവാക്യ ഉപനിഷദ് 25. ഗോപാലതാപിനി ഉപനിഷദ് 26. ശ്രീകൃഷ്ണ ഉപനിഷദ് 27. ഹയഗ്രീവ ഉപനിഷദ് 28. ദത്താത്രേയ ഉപനിഷദ് 29. ഗരുഡ ഉപനിഷദ് 30. നരസിംഹ പൂർവതാപിനി ഉപനിഷദ് 31. നാരദപരിവ്രാജക ഉപനിഷദ് 32. നരസിംഹ ഉത്തരതാപിനി ഉപനിഷദ്.

## E. വേദാംഗങ്ങൾ

1. ശിക്ഷ 2. നിരുക്തം 3. വ്യാകരണം 4. ഛന്ദഃശാസ്ത്രം 5. കൽപശാസ്ത്രം : (ശ്രൗതസൂത്രം + പിതൃമേധസൂത്രം + സുൽബസൂത്രം + ഗൃഹ്യസൂത്രം + പ്രായശ്ചിതം) 6. ജ്യോതിഷം : (ഗണിതം +കാലക്രിയ+ഗോളം+ജാതകം + മുഹൂർത്തം + പ്രശ്നം +നിമിത്തം)



Scanned with CamScanner

## F. ഉപവേദങ്ങൾ

1. അർത്ഥശാസ്ത്രം 2. ധനുർവേദം 3. ഗാന്ധർവവേദം 4. ആയുർവേദം 5. സ്ഥാപത്യവേദം (തച്ചുശാസ്ത്രം)

## G. മഹാപുരാണങ്ങൾ

1. വിഷ്ണുപുരാണം 2. ഭവിഷ്യ പുരാണം 3. ഗരുഡ പുരാണം 4. അഗ്നി പുരാണം 5. മഹാഭാഗവതപുരാണം 6. ശിവപുരാണം 7. മാർക്കണ്ഡേയപുരാണം 8. ലിംഗപുരാണം 9. ബ്രാഹ്മവൈവർത്ത പുരാണം 10. മത്സ്യ പുരാണം 11. കൂർമ്മപുരാണം 12. വരാഹപുരാണം 13. വാമനപുരാണം 14. സ്കന്ദപുരാണം 15. ബ്രഹ്മാണ്ഡപുരാണം 16. പത്മപുരാണം 17. വായുപുരാണം 18. നാരദീയ പുരാണം

## H. ഉപപുരാണങ്ങൾ

1. സാംബപുരാണം 2. ദേവീഭാഗവതപുരാണം 3. കാലികപുരാണം 4. ലഘുനാരദീയപുരാണം 5. ഹരിവംശപുരാണം 6. വിഷ്ണു ധർമ്മോത്തരപുരാണം 7. കൽകിപുരാണം 8. മുൽഗലപുരാണം 9. ആദിപുരാണം 10. ആത്മ പുരാണം 11. ബ്രഹ്മപുരാണം 12. വിഷ്ണു ധർമ്മപുരാണം 13. നരസിംഹപുരാണം 14. ക്രിയായോഗപുരാണം 15. സൂര്യപുരാണം 16. ബൃഹദ് നാരദീയപുരാണം 17. പുരുഷോത്തമ പുരാണം 18. ബൃഹദ് വിഷ്ണു പുരാണം

## I. ദർശനങ്ങൾ

1. ന്യായദർശനം (ഗൗതമൻ) 2. വൈശേഷികദർശനം (കണാദൻ) 3. സാംഖ്യദർശനം(കപിലൻ) 4. യോഗദർശനം (പതഞ്ജലി) 5. പൂർവ മീമാംസാദർശനം (ജൈമിനി) 6. ഉത്തരമീമാംസാദർശനം (വ്യാസൻ)

## J. സ്മൃതികൾ

1. ഉശന സ്മൃതി 2. യജ്ഞവൽക്യസ്മൃതി 3. വിഷ്ണുസ്മൃതി 4. മനുസ്മൃതി 5. അംഗീരസസ്മൃതി 6. യമസ്മൃതി 7. അത്രിസ്മൃതി 8. സംവർത്തസ്മൃതി 9. ബൃഹത്പരാശരസ്മൃതി 10. ബൃഹസ്പതി സ്മൃതി 11. ദക്ഷസ്മൃതി 12. ശാതാതപസ്മൃതി 13. ലിഖിതസ്മൃതി 14. വ്യാസസ്മൃതി 15. ഗൗതമസ്മൃതി 16. ശംഖസ്മൃതി 17. ഗൗതമസ്മൃതി 18. വസിഷ്ഠസ്മൃതി

## K. ഇതിഹാസങ്ങൾ

1. വാത്മീകി രാമായണം 2. വ്യാസമഹാഭാരതം



Scanned with CamScanner

## പൊതുവിജ്ഞാനം

## സംഖ്യാതത്വങ്ങൾ

ഈശ്വരോപാസന രീതികൾ : വൈദീകം, താന്ത്രികം

അശ്വനീദേവതകൾ : മിതാഹാരം, ഹീതായാസം

ത്രിമൂർത്തികൾ : സൃഷ്ടിക്കാധാരമായ പ്രപഞ്ച ചൈതന്യം- ബ്രഹ്മാവ് സ്ഥിതിക്കാധാരമായ പ്രപഞ്ച ചൈതന്യം - വിഷ്ണു സംഹാരത്തിന്നാധാരമായ പ്രപഞ്ച ചൈതന്യം - ശിവൻ

ത്രിഗുണം : സത്വഗുണം, രജോഗുണം, തമോഗുണം

ത്രിസന്ധ്യ : ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള സന്ധി-പ്രഭാത സന്ധ്യ; സൂര്യന്റെ ഉയർച്ചയിൽ നിന്ന് താഴ്ചയിലേക്കുള്ള സന്ധി - മധ്യാഹ്ന സന്ധ്യ; വെളിച്ചത്തിൽ നിന്നിരുട്ടിലേക്കുള്ള സന്ധി - സായം സന്ധ്യ

ത്രിഫല : കടുക്ക- നെല്ലിക്ക- താന്നിക്ക. മൂന്നു ആയുർവേദ ഔഷധഗുണമുള്ളവയാണ്

ത്രിമധുരം : കദളിപ്പഴം, തേൻ, കൽക്കണ്ടം

ത്രികാലജ്ഞാനം : ഭൂത- വർത്തമാന - ഭാവികാലത്തെക്കുറിച്ചുള്ള ജ്ഞാനം

ത്രി ദോഷം : വാത - പിത്ത - കഫം (ആയുർവേദത്തിന്റെ അടിസ്ഥാന തത്വം)

ത്രിലോകം : ഭൂലോകം. ഭുവർലോകം. സ്വർലോകം

ത്രി നാഡി : ഇഡ - പിംഗള - സുഷുമ്ന

(ത്രി)പ്രാണായാമം : രേചകം - പൂരകം - കുംഭകം

ത്രിഋണം : തീരാത്ത മൂന്ന് കടങ്ങൾ ഈ ജന്മം നൽകിയതിന് ഈശ്വരനോടുള്ള കടം **ദേവ ഋണം. അച്ഛനമ്മമാരോടുള്ളത് പിതൃ ഋണം. ഋഷിവര്യന്മാരോടുള്ളത് ഋഷി ഋണം.**

ചതുർവേദം : ഋഗ്വേദം, യജുർ വേദം, സാമവേദം, അഥർവവേദം

ചതുരാശ്രമം : ബ്രഹ്മചര്യം, ഗൃഹസ്ഥം, സന്യാസം, വാനപ്രസ്ഥം

ചതുർവിധപുരുഷാർത്ഥം : ധർമ്മ - അർത്ഥ - കാമ - മോക്ഷം

(ധാർമ്മീക മൂല്യങ്ങൾ സംരക്ഷിക്കുക. സുഖമായി ജീവിക്കാനുള്ള സമ്പത്ത് ധാർമ്മികമായുണ്ടാക്കുക, ജീവിതത്തിലെ ആഗ്രഹങ്ങൾ സഫലീകരിക്കുക, എല്ലാത്തിൽ നിന്നും മോചനം നേടുക)



Scanned with CamScanner

ചതുരവസ്ഥ : ജാഗ്രത്, സ്വപ്ന, സുഷുപ്ത, തുരീയാവസ്ഥകൾ

പഞ്ച ഭൂതം : പൃഥ്വി-അപ്-തേജ-വായു - ആകാശം (പ്രപഞ്ചഘടന യുടെ ആധാരമാണിത്)

പഞ്ച പ്രാണൻ : പ്രാണ - അപാന - വ്യന - ഉദാന - സമാനൻ

പഞ്ച ജ്ഞാനേന്ദ്രിയം : കണ്ണ് - ചെവി - മൂക്ക് - നാക്ക് - ത്വക്ക് (മനുഷ്യൻചുറ്റുപാടുകളുമായി ബന്ധപ്പെടുന്ന അവയവങ്ങളാണിത്)

പഞ്ച കർമ്മേന്ദ്രിയം : കൈ-കാൽ-നാക്ക്-ഗുദം-ജനനേന്ദ്രിയം (ശരീരത്തിൽ പ്രവർത്തിക്കുന്ന അവയവങ്ങൾ)

പഞ്ചാഗ്നി തപസ് : നാലുവശത്തും തീയിട്ട് മുകളിൽ സൂര്യനുമുള്ളപ്പോൾ ചെയ്യുന്ന തപസ്സാണ് പഞ്ചാഗ്നിതപസ്.

പഞ്ചയമങ്ങൾ : അഹിംസ - സത്യം - ആസ്തേയം - ബ്രഹ്മചര്യം -അപരിഗ്രഹം (ഹിംസിക്കാതിരിക്കുക, സത്യമറിയുക, മറ്റുള്ളവനെ ചൂഷണം ചെയ്യാതിരിക്കുക, ജീവിത ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുക. മറ്റുള്ളവരുടേത് ആഗ്രഹിക്കാതിരിക്കുക)

പഞ്ചനിയമങ്ങൾ : ശൗചം, സന്തോഷം, തപഃ സ്വാധ്യായം ഈശ്വരപ്രണിധാനം (ശാരീരകശുദ്ധി, സംതൃപ്തി, പ്രവർത്തന മണ്ഡലത്തിലെ ഗഹനമായ അറിവ്, സ്വയം പഠിച്ചറിവുനേടുക, പ്രപഞ്ചചൈതന്യത്തിനാധാരമായ ഒരു ജീവിതം നയിക്കുക.

പഞ്ചമാതാ : സ്വന്തം മാതാവ്, വളർത്തമ്മ, ജ്യേഷ്ഠപത്നി, ഗുരുപത്നി, രാജപത്നി ഇവരാണ് അഞ്ച് അമ്മമാർ.

പഞ്ചാംഗം : തിഥി, വാരം, നക്ഷത്രം, കരണം, യോഗം ഇവയാണ് പഞ്ചാംഗം

പഞ്ചാമൃതം : പഴം-ശർക്കര-നെയ്യ്-കൽക്കണ്ടം-മുന്തിരി (ചിലപ്പോൾ പാൽ ചേർക്കാറുണ്ട്)

പഞ്ചഗവ്യം : ചാണകം, ഗോമൂതം, നെയ്യ്, തൈര്, പാൽ (പശുവിന്റെ അഞ്ചുതരം ഉൽപ്പന്നങ്ങൾ)

പഞ്ചവാദ്യം : തിമില, നാദസ്വരം, ഇലത്താളം, ഇടക്ക, ചെണ്ട

പഞ്ചമഹായജ്ഞം: ദേവന്മാർക്കുള്ളത് ദേവയജ്ഞം, ഋഷിമാർക്കുള്ളത് ഋഷിയജ്ഞം, പിതൃക്കൾക്കുള്ളത് പിതൃയജ്ഞം, നമ്മുടെ ചുറ്റുപാടുമുള്ള ചരാചരങ്ങൾക്കുള്ളത് ഭൂതയജ്ഞം, മുനുഷ്യർക്കുള്ളത് മനുഷ്യയജ്ഞം

പഞ്ച കന്യകൾ : അഹല്യ - ദ്രൗപതി- സീത - താരാ -മണ്ഡോദരി



Scanned with CamScanner

പഞ്ചപാണ്ഡവർ : ധർമ്മപുത്രൻ- ഭീമൻ- അർജ്ജുനൻ, നകുലൻ, സഹദേവൻ

പഞ്ച ലോഹം : (നാലുഭാഗം) വെള്ളി, (ഒരു ഭാഗം) സ്വർണ്ണം, (എട്ടു ഭാഗം) ചെമ്പ്, (എട്ടു ഭാഗം) പിച്ചള (അൽപം) ഇരുമ്പ്

പഞ്ചാക്ഷരം : ന മ ശി വാ യ

ഷഡ് രസം : ഉപ്പ്, പുളി, എരിവ്, ചവർപ്പ്, മധുരം, കയ്പ്

ഷഡാധാരം : മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞാചക്രം

ഷഡംഗങ്ങൾ : ശിക്ഷ, നിരുക്തം, വ്യാകരണം, ഛന്ദശാസ്ത്രം, കൽപ ശാസ്ത്രം, ജോതിഷം

ഷഡ് ദർശനം : പൂർവ്വ മീമാംസ, ഉത്തര മീമാംസ, വൈശേഷികം, ന്യായം, സാംഖ്യം, യോഗം

സപ്തസ്വരം : സ രി ഗ മ പ ധ നി

സപ്തഗിരി : മഹേന്ദ്രപർവതം, മലയപർവതം, സഹ്യപർവതം, ഹിമാലയപർവതം, രേവാപർവതം, വിന്ധ്യാപർവതം, ആരാവലി പർവതം

സപ്ത ലോകം : ഭൂമിക്കുമുകളിലുള്ള ഏഴുലോകങ്ങൾ : ആവഹ - പ്രവഹ- ഉദ്വഹ- സുവഹ - പരിവഹ - പരാവഹ.

ഇതിനെ മറ്റൊരുരീതിയിലും അറിയപ്പെടുന്നു ഭൂലോകം- ഭുവർലോകം -സ്വർലോകം- മഹർലോകം- ജനലോകം- തപോലോകം- സത്യ ലോകം

ഭൂമിക്ക് ചുവട്ടിലുള്ള സപ്തലോകം : അതല- വിതല- സുതല- രസാതല- തലാതല- മഹാതല- പാതാളം

സപ്തദ്വീപുകൾ : (ഭൂമിയിലുള്ള ഏഴു ഭൂഖണ്ഡങ്ങൾ) ജംബു ദ്വീപ്, പ്ലക്ഷ ദ്വീപ്, ശാക ദ്വീപ്, കുശ ദ്വീപ് ക്രൗഞ്ച ദ്വീപ്, ശാൽമലി ദ്വീപ്, പുഷ്കര ദ്വീപ്

സപ്ത നദികൾ : ഗംഗ- യമുന- ഗോദാവരി- സരസ്വതീ- നർമ്മദ- സിന്ധു- കാവേരി

സപ്ത ചിരംജീവികൾ : അശ്വത്ഥാമാവ്- ബലി- വ്യാസൻ - ഹനുമാൻ - വിഭീഷണൻ- കൃപൻ- പരശുരാമൻ

സപ്ത നഗരികൾ : അയോദ്ധ്യ- മഥുര- കാശി- കാഞ്ചീ- അവന്തിക- പുരീ- ദ്വാരാവതീ

പ്രതിഷ്ഠയിലെ സപ്ത മാതൃക്കൾ : ബ്രാഹ്മീ, മാഹേശ്വരീ, കൗമാരി, വൈഷ്ണവീ, വാരാഹീ, ഇന്ദ്രാണീ, ചാമുണ്ഡി.



Scanned with CamScanner

സപ്ത മഹാശൈലങ്ങൾ (സംസ്കൃതത്തിലെ അതിപുരാതന നാമങ്ങൾ) ഹിമശൈലം, ഹേമകൂട ശൈലം, ക്ഷുധാചലം, സുരാചലം, നിഷധാചലം, നീലാചലം, ശ്വേതാചലം

അഷ്ട ദ്രവ്യങ്ങൾ : കരിമ്പ്, അരിപ്പൊടി, കദളിപ്പഴം, അവിൽ, എള്ള്, മോദകം, നാളികേരം, മലർ

(അഷ്ടമംഗലങ്ങൾ പലവിധത്തിലുണ്ട്)

അഷ്ടമംഗലം (1) : കണ്ണാടി, നിറകുടം, സ്വർണ്ണം, പുതുവസ്ത്രം, സ്ത്രീ, അക്ഷതം, പശു, ദീപം

(ലൗകീക) അഷ്ടമംഗലം (2) : ദീപം, കണ്ണാടി, സ്വർണ്ണം, ധാന്യപാത്രം, നെയ്യ്, വസ്ത്രം, ഗ്രന്ഥം, കുങ്കുമച്ചെപ്പ്

(ഉത്തമ) അഷ്ടമംഗലം (3) : അക്ഷതം, ഗ്രന്ഥം, ദീപം, കണ്ണാടി, സ്വർണം, നിറകുടം, പഴം, വസ്ത്രം

അഷ്ടമംഗലം (4) : വെറ്റില, അക്ഷതം, അടയ്ക്ക, മരപ്പാത്രം, വസ്ത്രം, കണ്ണാടി, ഗ്രന്ഥം, ദീപം

അഷ്ടാംഗപ്രണാമം : മാറിടം, നെറ്റി, വാക്ക്, മനസ്, തൊഴുകൈ, കണ്ണ്, കാൽമുട്ടുകൾ, കാലടികൾ ചേർന്നുള്ള പ്രണാമം

അഷ്ടാക്ഷരം : ഓം നമോ നാരായണായ.

അഷ്ടദിക് പാലകർ : ഇന്ദ്രൻ (കിഴക്ക്) അഗ്നി (കിഴക്ക് തെക്ക് എന്നീ ക്രമത്തിൽ) യമൻ, നിർഋതി, വരുണൻ, വായു, സോമൻ, ഈശാനൻ

അഷ്ടബന്ധം : ശംഖുപൊടി, ചെഞ്ചെല്യം, കടുക്ക, പരുത്തി, കോഴിപ്പരൽ, ആറ്റുമണൽ, കോലരക്ക്, നെല്ലിക്ക

അഷ്ടാംഗയോഗം : യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി

അഷ്ടഐശ്വര്യം : (1) അണിമ. (അണുവിനെപ്പോലെ ചെറിതാകുന്നതിനുള്ള കഴിവ്) (2) മഹിമ (പർവ്വതത്തെപ്പോലെ വലുതാകുന്നതിനുള്ള കഴിവ്) (3) ഗരിമ (ഭാരം വളരെ വർദ്ധിപ്പിക്കാനുള്ള കഴിവ്) (4) ലഘിമ (ഭാരം കുറക്കാനും ഇല്ലാതാക്കാനുമുള്ള കഴിവ്) (5) പ്രാപ്തി (അഭീഷ്ടങ്ങളെല്ലാം സാധിക്കുന്നതിനുള്ള കഴിവ്) (6) പ്രാകാമ്യം (അഭീഷ്ടങ്ങളെല്ലാം സാധിക്കുന്നതിനുള്ള കഴിവ്) (7) ഈശ്വത്വം (ഈശ്വരനു തുല്യമായ അവസ്ഥയിൽ എത്തിച്ചേരാനുള്ള കഴിവ്) (8) വശിത്വം (എല്ലാറ്റിനേയും വശീകരിക്കാനുള്ള കഴിവ്)

(**അണിമ :** ഇവിടെ യോഗിയുടെ ശരീരത്തെ അണുവിനേപ്പോലെ ചെറു



Scanned with CamScanner

താക്കുന്നതിന് കഴിയുമെന്നല്ല അർത്ഥമാക്കുന്നത്. അണുവിന്റെ അത്രയും ചെറിയ ഒരു സംഗതിയെപ്പോലും അതുമായി താദാത്മ്യം പ്രാപിക്കുന്നതുകൊണ്ട് കൂടുതലറിയാൻ സാധിക്കുന്നമെന്നാണ് സൂചിപ്പിക്കുന്നത്.

**മഹിമ** : യോഗികൾക്ക് പർവ്വതത്തോപ്പോലെ വലുതാകുന്നതിനുള്ള കഴിവിനെയല്ല സൂചിപ്പിക്കുന്നത്. പർവ്വതത്തെപ്പോലുള്ള മഹത്തായ ഒരു കാര്യം നമുക്ക് കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ നാം മാനസികമായി പർവ്വതാകാരം പൂണ്ടെങ്കിൽ മാത്രമേ അത് നമ്മുടെ കൈപ്പിടിയിൽ അമർന്നു കിട്ടുകയുള്ളൂ അതാണ് മഹിമ.

**ഗരിമ** : ഗരിമയാകട്ടെ നിസ്സാരകാര്യമെന്ന് നാം ധരിക്കുന്ന കാര്യങ്ങൾ നിസ്സാരങ്ങളായിക്കൊള്ളണമെന്നില്ലെന്നും അതിന് അതിന്റേതായ ഘന മുണ്ടെന്നും അതിനെ ഘനമായിത്തന്നെ കാണണമെന്നുമുള്ള കാഴ്ചപ്പാടിലാണ് ഗരിമ

**ലഘിമ** : ലഘിമയാകട്ടെ മസ്സിന്റെ ഭാരം കുറച്ച് ശരീരത്തെ കൊണ്ട് എത്ര ഭാരപ്പെട്ട സംഗതികളേയും ചെയ്യിക്കാമെന്നുള്ളതാണിത്.)

അഷ്ടപ്രകൃതി : ഭൂമി- ആപ- അനലൻ- വായു- ആകാശം- മനസ്സ്- ബുദ്ധി- അഹങ്കാരം

അഷ്ടദിഗ്ഗജങ്ങൾ : ഐരാവതം, പുണ്ഡരീകം, വാമനം, കുമുദം, അഞ്ജനം, പുഷ്പദന്തം, സാർവഭൗമം, സുപ്രതീകം-പ്രപഞ്ചത്തിൽ ഭൂമിയുടെ സ്ഥാനത്തെ വിവരിക്കുന്ന മഹാസങ്കല്പത്തിലാണ് ഈ എട്ട് ദിഗ്ഗജങ്ങളുടെ പേരുവരുന്നത്

**നവഗ്രഹങ്ങൾ** : സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി, രാഹു, കേതു (ഇവിടെ ഗ്രഹം എന്ന പദത്തിന് പ്ളാനറ്റ് എന്ന അർത്ഥമല്ല ഉള്ളത്, സ്വാധീനിക്കുന്നത് എന്നർത്ഥമേയുള്ളൂ. പ്ളാനറ്റ് എന്ന അർത്ഥത്തിൽ വരണമെങ്കിൽ അതിന് ജ്യോതിശാസ്ത്രത്തില പദം താരാഗ്രഹം എന്നാണ്.)

നവരത്നം : മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേദകം, വജ്രം, പവിഴം, പത്മരാഗം, മരതകം, നീലം

നവഖണ്ഡങ്ങൾ : (ഏഷ്യ ഭൂഖണ്ഡത്തിലുള്ളത്) ഇന്ദ്ര ഖണ്ഡം, കശേരു ഖണ്ഡം, താമ്രഖണ്ഡം, ഗഭസ്തിഖണ്ഡം, നാഗഖണ്ഡം, സൗമ്യഖണ്ഡം, ഗന്ധർവഖണ്ഡം, ശരഖണ്ഡം, രാമഖണ്ഡം

ദശാവതാരം : മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ബലരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ഘഢ്ഗി (കൽകി)



Scanned with CamScanner

ദശനാദജാതികൾ : ചിണി, ചിഞ്ചിണി, ഘണ്ടാനാദം, ശംഖനാദം, തന്ത്രീനാദം, വേണുനാദം, താളനാദം മൃദംഗനാദം, ഭേരീനാദം, മേഘനാദം

മുപ്പത്തി ആറു തത്വങ്ങൾ : ശിവം, ശക്തി, സദാശിവം, ഈശ്വരൻ ശുദ്ധ വിദ്യ, മായാ, കലാ, വിദ്യാ, രാഗം, കാലം, നിയതി, (പ്രപഞ്ച) പുരുഷ, പ്രകൃതി, അഹങ്കാര (awareness) ബുദ്ധി, മനസ്, ശ്രോത്രം, ത്വക്, നേത്രം, ജിഹ്വാ, ഘ്രാണം വാക്, പാണി, പാദം, വായു, ഉപസ്ഥം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, ആകാശം, വായു, തേജസ്, ആപസ്, പൃഥ്വീ തത്വങ്ങൾ

## പ്രപഞ്ചഘടന

## പഞ്ചഭൂതം ഒരു ശാസ്ത്രീയ വിശകലനം

മനുഷ്യശരീരം പൃഥ്വീ- അപ്- തേജ- വായു- ആകാശം എന്നീ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് എന്ന് ഋഷിമാർ വിവരിച്ചു. അതെന്തൊക്കെയാണെന്ന് മനസ്സിലാക്കുവാൻ മനുഷ്യശരീരം ഒന്നു വിശകലനം ചെയ്താൽ സാധിക്കും. (ഒരു ഏകദേശരൂപം നമുക്ക് പഞ്ചഭൂതത്തെക്കുറിച്ച് ലഭിക്കുവാനാണീവിവരണം).

പൃഥ്വിതത്വം : ശരീരത്തിലെ അസ്ഥി, മാംസം, ത്വക്ക്, രക്തകുഴലുകൾ, നഖം, മുടി, എന്നീ ഖരരൂപത്തിലുള്ളതെല്ലാം.

ജല (ആപതത്വം) : രക്തം, ഉമിനീര്, വിയർപ്പ്, കണ്ണുനീർ, പ്ലാസ്മ എന്നിവയെല്ലാം

അഗ്നിതത്വം : വിശപ്പ്, ദാഹം, ഉറക്കം, ഊർജ്ജസ്വലത, ശരീരതാപം

വായുതത്വം : നടക്കുക, ഓടുക, തുടങ്ങിയ എല്ലാ കർമ്മങ്ങൾക്കും പിന്നിലുള്ള നിയന്ത്രണതത്വം.

ആകാശം : സുഖം, ദുഃഖം, ദ്വേഷ്യം, ഭയം, ബന്ധം, സ്നേഹം എന്നീ വികാരവിചാരങ്ങൾ

## സംസ്കൃതം

## മലയാളത്തിലെ സംസ്കൃതപദങ്ങൾ

മാതാ പിതാ സഹോദര സഹോദരി പുത്ര പുത്രി രക്ഷാകർത്താ ഈശ്വര ഗുരു ദേവ ദേവി ക്ഷേത്രം ഉത്സവം പായസം പ്രദക്ഷിണം ഭക്തി വിനയം ക്ഷമ കോപം ഭയം ദയ ബുദ്ധി ശ്കതി ജ്ഞാനവിജ്ഞാനം

ചിന്ത ചിന്താശക്തി ബുദ്ധിശക്തി വിവേകം സത്യം ധർമ്മം സാധാരണം സാമാന്യം ദാനം ആദരം വിശ്വാസം ബഹുമാനം അപമാനം അഹങ്കാരം സഹനം ധൈര്യം ആത്മാഭിമാനം അസൂയ മനോധൈര്യം മനസ്സാക്ഷി ആരോഗ്യം അനാരോഗ്യം ആയുസ്സ് സൗഭാഗ്യം രോഗം ദോഷം ഗുണം വിഷമം സങ്കടം ക്ഷീണം വാർദ്ധക്യം ജീവിതം ലാഭം നഷ്ടം മാനഹാനി ആത്മഹത്യ കഷ്ടം ശത്രു മിത്രം വിരോധം ഭൂകമ്പം ദുരിതാശ്വാസപ്രവർത്തനം സംഭാവന വിതരണം ആത്മാവ് മനസ്സ് ഹൃദയം ജീവൻ, ശരീരം ഇന്ദ്രിയം മുഖം നഖം നാഡി സിര രക്തം അസ്ഥി മാംസം ത്വക്ക് അംഗം കരം, കണ്ഠം ദന്തം ആശ നിരാശ ആഗ്രഹം അത്യാഗ്രഹം ഭാഷ കാരണം കാര്യം ഫലം അനുഭവം സംശയം മനുഷ്യമൃഗം പക്ഷി സസ്യലതാദി ജനം വനം സമുദ്രം മേഘം വർഷം ആകാശം വായു അഗ്നി ജലം ഭൂമി പ്രപഞ്ചം നക്ഷത്രം സൂര്യൻ ചന്ദ്രൻ നവഗ്രഹം

പർവ്വതം പ്രദേശം വൃക്ഷം നദി ജലജന്തു കീടം പ്രാണി കീടനാശിനി വിഷം മദ്യം നിരോധനം അസഭ്യം, പീഡനം, മോചനം ചർച്ച സൂത്രവിദ്യ രക്ഷ ശിക്ഷ വധം പാപം പുണ്യം ധർമ്മം അഹിംസ പരോപകാരം നാശം പരിഹാസം ഉപദ്രവം, ഉപഹാരം, വിചാരം, വികാരം പ്രേമം ദ്വേഷ്യം, ഭക്തി ശീലം സ്വഭാവം ദുഃശീലം സ്വാതന്ത്ര്യം ശ്രദ്ധ അശ്രദ്ധ പ്രതീക്ഷ ഹിംസ അധർമ്മം കലഹം സമരം, സാഹസം കീർത്തി അപവാദം ഉപദേശം ജാതി മതം സദാചാരം സംസ്ക്കാരം ആധി വ്യാധി രോഗാണു നിരാഹാരം ഉപവാസം, രോഗി, പാപി, നീചൻ, ദുഷ്ടൻ ദ്രോഹി അന്യദേശം വിദേശം വിമാനയാത്ര പ്രവാസി പ്രഭാതം പ്രകാശം സന്ധ്യ രാത്രി സ്വർഗ്ഗം സ്വപ്നം സ്വന്തം, സ്വർണ്ണം സ്വരം സ്വയം സുന്ദരം സുഹൃത്ത് സൗന്ദര്യം സ്വാദ് സന്തതി സമഗ്രവികസന സ്ഥിരോത്സാഹം സ്നേഹം അനീതി കഠിനം മഹാപാപം വാസം ന്യായം വിധി നീതി ബഹുമതി, പുരസ്ക്കാരം അർഹത ദേവസ്വം പൂജ യാഗം ഹോമം ജപം യഥാശക്തി ഭക്ത ശക്ത നിത്യം കർത്തവ്യം തപ വനവാസം മന്ത്രം നാമം പൂർവ്വം ജട ആശ്രമം തീരം. ശബ്ദം നിശബ്ദത മൗനം അനുഗ്രഹം ആരംഭം അവസാനം

വിദ്യാലയം പ്രാർത്ഥന, പ്രതിജ്ഞ വാർത്ത പഠനപുസ്തകം ആഹാരം വിശ്രമം വിദ്യാർത്ഥി സ്ഥാനാർത്ഥി അഭയാർത്ഥി, ഉദ്യോഗാർത്ഥി യാചക ധനികം ധൂർത്തം കന്യാസ്ത്രീ വൈദികം സന്യാസി ബ്രാഹ്മണം ധ്യാനം ആരാധന പുരുഷ സ്ത്രീ വനിത സമൂഹം സംഘടന നേതാ നായക മന്ത്രി മുഖ്യമന്ത്രി പ്രധാനമന്ത്രി രാഷ്ട്രപതി രാഷ്ട്രീയ



Scanned with CamScanner

ഉപരാഷ്ട്രപതി രാഷ്ട്രപിതാ സ്വാതന്ത്ര്യസമരസേനാനി അഭ്യുദയകാംക്ഷി പണ്ഡിത പാമര വിദ്വാൻ രാജാ കവി ബുദ്ധിമാൻ ശാസ്ത്രജ്ഞൻ വേദി രംഗം നൃത്തം നാടകം സംഗീതം വാദ്യം ശാസ്ത്രീയഗാനം അഭിനയവും യുവജനോത്സവം ബാലകലോത്സവം മാനവീയം ജനകീയാസൂത്രണം യോഗം യോഗാദ്ധ്യക്ഷ അതിഥി സ്വാഗതം വിശിഷ്ടവ്യക്തി ഉദ്ഘാടനം ആശംസ മുഖ്യപ്രഭാഷണം സമ്മാനദാനം ഉപസംഹാരം കൃതജ്ഞതാപ്രകടനം ദേശീയഗാനം പ്രതിരോധം ആഭ്യന്തരം വിദ്യാഭ്യാസം ധനകാര്യം, ആരോഗ്യം വൈദ്യുതി പരിസ്ഥിതി ആഭരണം മാല കഥ കവിത ദിവസം മാസം വർഷം ലക്ഷം കോടി സംഖ്യ വാരിക മാസിക വാർഷികം നാവികസേന വായുസേന ദ്രുത കർമ്മസേന സർവ്വകലാശാല കാർഷികം സംസ്കൃതം സുഭാഷിതം പ്രഭാതഗീതം കാർഷികവാർത്ത വിദ്യാഭ്യാസരംഗം ഭക്തിഗാനം ചലച്ചിത്രഗാനം ലളിതഗാനം മഹിളാലയം വാർത്താപത്രിക യുവവാണി നിയമവേദി പ്രാദേശികവാർത്ത ലോകവാർത്ത ആരോഗ്യരംഗം

(മലയാളത്തിൽ നിത്യവും പ്രയോഗിക്കുന്ന സംസ്കൃതപദങ്ങളാണിവയെല്ലാം.)

## ഗണിതം

## വേദഗണിതസൂത്രങ്ങൾ

പ്രസിദ്ധ ഗണിതജ്ഞനും അനവധി ബിരുദാനന്തരബിരുദമുള്ള സന്ന്യാസി ശ്രേഷ്ഠനുമായ പുരി ഗോവർദ്ധനമഠം ശങ്കരാചാര്യ സ്വാമി ഭാരതീകൃഷ്ണതീർത്ഥ എഴുതിയ 16 സൂത്രങ്ങളടങ്ങുന്നതാണ് വേദഗണിതം. ഉപസൂത്രങ്ങൾ 13 എണ്ണം പിന്നീട് എഴുതിച്ചേർത്തുവത്രെ. ഇത് ആദ്യമായി പ്രസിദ്ധീകരിച്ചത് 1965 ലാണ് വേദഗണിതത്തിന്റെ എല്ലാ സൂത്രങ്ങൾക്കും പ്രായോഗിക വ്യാഖ്യാനം നടത്തിയിട്ടില്ലെന്ന് കാണുന്നു. നാം വേദഗണിത സൂത്രങ്ങളുടെ പേരുകളെങ്കിലും അറിഞ്ഞിരിക്കണം.

1. ഏകാധികേനപൂർവേണ
2. നിഖിലം നവത, ചരമം, ദശത
3. ഊർധ്വ തിര്യഗാഭ്യാം
4. പരാവർത്യ യോജയേത്
5. ശൂന്യം സാമ്യ സമുച്ചയേ
6. സങ്കലന വ്യവകലനാഭ്യാം
7. (അനുരുപ്യേ) ശൂന്യമന്യത്
8. യാവദൂനം
9. ചലനകലനാഭ്യാം
10. പൂർണാപൂരണാഭ്യാം
11. ശേഷാന്യങ്കേന ചരമേണ
12. വ്യഷ്ടി സമഷ്ടി



Scanned with CamScanner

13. സോപാന്ത്യ ദ്വയമന്ത്യം

14. ഗുണകസമുച്ചയം

15. ഗുണിതസമുച്ചയം

16. ഏകന്യൂനേന പൂർവേണ

**ഉപസൂത്രങ്ങൾ**

1. ആനുരൂപ്യേണ
2. ആദ്യമാദ്യേന അന്ത്യമന്ത്യേന
3. അന്ത്യയോർ ദശകേപി
4. അന്ത്യ യോ രേവ
5. ശിഷ്യതേ ശേഷ സംജ്ഞ
6. കേവലൈ സപ്തകം ഗുണ്യാത്
7. യാവദൂനം താവ ദൂനം
8. യാവദൂനം താവദൂനീകൃത്യ വർഗംചയോജയേത്
9. സമുച്ചയ ഗുണിതം
10. ലോപന സ്ഥാപനാഭ്യാം
11. വിലോകനം
12. ഗുണിതസമുച്ചയ :
13. സമുച്ചയഗുണിത :
14. ദ്വാന്തയോഗ
15. സുധ
16. ധ്വജാങ്ക

## ഭൂതസംഖ്യ, ഗണിത/ ജ്യോതിശാസ്ത്ര പ്രയോഗത്തിൽ

പൈതൃകപഠനം 1-ാം ഭാഗത്തിൽ ഭൂതസംഖ്യയുടെ അടിസ്ഥാന തത്വങ്ങൾ പഠിച്ചത് ഓർക്കുമല്ലോ. നയനം = 2, ഗുണം, രാമൻ, അഗ്നി = 3 വേദം സമുദ്രം = 4, ശരം = 5 രസം = 6 സ്വരം, മുനി = 7 വസു, ദിക് = 8, ഗ്രഹം, രന്ധ്രം = 9, രുദ്രൻ = 11, രവി, സൂര്യൻ = 12, തിഥി = 15, ജിനൻ = 24, ദന്തം = 32 എന്നിപ്രകാരം പഠിച്ചത് ഓർമ്മിക്കുക.

ഭൂതസംഖ്യയുടെ പ്രായോഗികതലം ഒന്നു പരിശോധിച്ചു നോക്കാം ലല്ലാചര്യന്റെ ശിഷ്യധീ വൃദ്ധി തന്ത്രം എന്ന പുസ്തകത്തിൽ നിന്നാണ് ഉദാഹരണങ്ങൾ എടുത്തിരിക്കുന്നത്.

1. ശരാക്ഷി നിശാകരൈ = 125 (ശരം=5, അക്ഷി=2, നിശാകരൻ (ചന്ദ്രൻ) = 1
2. ശരരസകു = 165 (കു = ഭൂമി = 1)
3. രസരസാ = 66, ശശി ബാഹുവോ = 21, യമശരാ = 52
4. ശരപൂർണവിലോചന - 205 (പൂർണം = 0)
5. ഖഖാബ്ധിവിഷയാ - 5400 (ഖ = ശൂന്യാകാശം = 0
6. ഭനവാഗ്നി = 3927 (ഭ = നക്ഷത്രം = 27, നവ = 9)
7. ഖഖഷഡ്ഘനം = 21600 (ഖ = 0, ഷഡ്ഘനം എന്നാൽ ആറിന്റെ ക്യൂബ്)



Scanned with CamScanner

8. വിഷയനാഗശരാങ്ക ശരാബ്ധയോ = 459585 (അങ്ക = 9)
9. തുരഗ ശൈലഹുതാശകൃതാഗ്നയ : (34377) (കൃതം = 4)
10. സമുദ്രശൈലാംബരശീതഭാസ = 1074

## ഗണിതം

## സംസ്കൃത അക്കങ്ങൾ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| १ | २ | ३ | ४ | ५ | ६ | ७ | ८ | ९ | १० |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |

**സംസ്കൃത സംഖ്യരചനാക്രമം എഴുതിപ്പഠിക്കുക**

134, १३४, 178, १७८, 432, ४३२, 554, ५५४, 134, १३४, 647, ६४७

## ഗണിതം

## കടപയാദി സംഖ്യാസമ്പ്രദായം

പ്രാചീനമായതും കേരളീയമെന്ന് പരക്കെ അറിയപ്പെടുന്നതുമായ ഒരു സംഖ്യാരചനാസമ്പ്രദായമാണ് കടപയാദി സംഖ്യ. ഇതിനെ പരൽ പേര് എന്നും പറഞ്ഞു കേട്ടിട്ടുണ്ട്. ദക്ഷിണ ഭാരതത്തിലെ പ്രത്യേകിച്ചും കേരളത്തിലെ അതിപ്രഗത്ഭരായ ഗണിതജ്ഞന്മാരും ജ്യോതിശാസ്ത്ര ജ്ഞന്മാരും സംസ്കൃത സംഖ്യയോടൊപ്പം കടപയാദി സംഖ്യയും ഉപ യോഗിച്ചിരുന്നു. ദൃഗ്ഗണിത പരമേശ്വരാചാര്യൻ, പുതുമന സോമയാജി, സംഗ്രമഗ്രാമ മാധവാചാര്യർ തുടങ്ങി അനവധി പണ്ഡിതർ അവരുടെ ശാസ്ത്രരചനകളിലും സാഹിത്യരചനകളിലും ഈ രീതി ഉപയോഗി ച്ചിരുന്നു.

ക-ട-പ-യ- ആദി എന്നാൽ "ക, ട, പ, യ എന്നു തുടങ്ങിയ" എന്നാണർത്ഥം. അതായത് നാലക്ഷരങ്ങൾക്കും 1 എന്നതാണ് മൂല്യം, ഖ, ഫ, ര, ഇവക്ക് 2 എന്ന മൂല്യം ഗ, ഡ, ബ, ല ഇവക്ക് 3 ആണു മൂല്യം. ഇപ്രകാരം തുടർച്ചയായി 9 വരെ മൂല്യങ്ങൾ വരുന്നു. ഈ വിവ രണം മറ്റൊരു വിധത്തിൽ നൽകിയാൽ;

ക മുതൽ ഝ വരെ 1 മുതൽ 9 വരെ സംഖ്യകൾ (മൂല്യം)

ട മുതൽ ധ വരെ1 മുതൽ 9 വരെ സംഖ്യകൾ (മൂല്യം)



Scanned with CamScanner

പ മുതൽ മ വരെ1 മുതൽ 5 വരെ സംഖ്യകൾ (മൂല്യം)

യ മുതൽ ള വരെ 1 മുതൽ 9 വരെ സംഖ്യകൾ (മൂല്യം)

ഒരക്ഷരം കഴിഞ്ഞ്, അടുത്ത ഓരോന്നും പറയുമ്പോൾ, സംഖ്യകളിൽ അക്കത്തിന്റെ സ്ഥാനം, ഒന്ന്, പത്ത്, നൂറ്, ആയിരം............. എന്നിപ്രകാരമായിത്തീരുന്നു.

മേൽവിവരിച്ച അക്ഷരങ്ങളോടൊപ്പം സ്വരാക്ഷരങ്ങൾ ചേർന്നാൽ മൂല്യവ്യത്യാസം വരുന്നില്ല എന്ന് പ്രത്യേകം ഓർമ്മിക്കണം. ചി, ചു എല്ലാത്തിനും 6 മൂല്യം. അതുപോലെ വ, വി, വു..... 4 തന്നെ മൂല്യം. ഞ, ന എന്നിവക്ക് 0 ആണ് മൂല്യം ഉപയോഗിക്കേണ്ടത്. ലളിതമായ ഉദാഹരണങ്ങൾ പരിശോധിക്കാം

രവി = 42 (ര ഒന്നാം സ്ഥാന അക്കം, രണ്ടാമതായി വരുന്ന 'വി'യ്ക്ക് 'വ' യുടെ മൂല്യം. അത് പത്താം സ്ഥാനത്തിരിക്കണം)

ല (3) ഹ(8) രി(2) = 283; സു(7) ധ(9) = 97

വിഭീഷണൻ = 5644 (ൻ ന് വിലയില്ല); തിമില = 456,

ശിവ ശിവ = 4545, പ (1) ര (2) മ (5) പ (1) ദം (7) = 71521

വലിയ സംഖ്യകൾ എഴുതി പഠിക്കുക. രാവണൻ, ദശരഥൻ, കലികാലം, പാത, പുകുതി, കരുണാകുരൻ, മധുസൂദനൻ, രാപകൽ, (ൽ ന് മൂല്യമില്ല കാരണം പൂർണാക്ഷരമല്ലാത്തതിനൊന്നും മൂല്യമില്ല), കവിയുക, നദി, ഗതി, കുരുന്നില്ല, ഭാരതം, കേരളം എന്നിവയ്ക്ക് സംഖ്യകളെഴുതുക.

ഇനി മറ്റൊരു പ്രധാന നിയമം ശ്രദ്ധിക്കുക. സ്വരാക്ഷരങ്ങൾ ആദ്യം വന്നാൽ 0 ഉപയോഗിക്കണം. മറ്റെവിടെ വന്നാലും മൂല്യമില്ല. ഉദാഹരണം : ഗതി = 63; അഗതി = 630 : സൂയ = 17; അസൂയ=170,; ഇല= 30,; ഉ(0)റ(2)ങ്ങു(5)ക(1) = 1520, ഭാവം = 44, അഭാവം = 440.

കടപയാദി സംഖ്യ പ്രയോഗിക്കുമ്പോൾ ശ്രദ്ധിക്കാനുള്ള മൂന്നാമത്തെ പ്രധാന നിയമം. അർധാക്ഷരങ്ങൾക്ക് മൂല്യമില്ല എന്നതാണ് ന്ത = ന് + ത (ഇതിൽ ന് മൂല്യമില്ല) ർദ്ധ = ർ + ദ് + ധ (ഇതിൽ ആദ്യത്തെ രണ്ട് ഭാഗികാക്ഷരങ്ങളുടെ മൂല്യമെടുക്കേണ്ടതില്ല. 'ധ'യുടെ മാത്രം മൂല്യം എടുക്കണം. ഉദാഹരണങ്ങൾ പരിശോധിക്കുക. സന്ധ്യ = 17 (ന് + ധ് + യ = ന്ധ്യ, ഇതിൽ യ യുടെ മൂല്യമേ എടുത്തിട്ടുള്ളൂ)



Scanned with CamScanner

ക്ത = 6, ദ്ധ = 9, ന്ധു = 5, ർത്ത്യ = 1 (ർ+ത്+ത്+യ ഇതിൽ യ മാത്രമേ എടുക്കേണ്ടതുള്ളൂ) ച്ച = 6, ത്ഥ = 7, എന്നിപ്രകാരം കുറെ ഉദാഹരണങ്ങൾ സ്വയം അക്ഷരം ഛേദിച്ചു പഠിക്കുക. സമഗ്രമായ ഉദാഹരണങ്ങൾ ശ്രദ്ധിക്കുക!

അക്ഷീണപ്രയത്നം (ഇതിനെ അക്ഷരഛേദം ചെയ്താൽ അ, ക് + ഷി, ണ, പ് + റ, യ, ത് + ന = 012560 =12560 (ഇതിൽ റ = ര എന്നെപ്പോഴും എടുക്കണം, കൂടാതെ ന പൂജ്യമാണല്ലോ)

അനുഗ്രഹം (അ, നു, ഗ്ര, ഹം = 8200); ആയുരാരോഗ്യ സൗഖ്യം (ആ(0), യു(1), രാ(2), രോ(2), ഗ്+യ(1), സൗ (7), ഖ്+യം(1) = 1712210

ജന്മനാലന്ധൻ = ജ, ൻ+മ, നാ, ല, ൻധ, ൻ =93058 (നാ=0. ൻ വിലയില്ല)

ഇവയുടെ മൂല്യങ്ങൾ കണ്ടുപിടിക്കുക

1. ആരാധ്യദേവതയെ പൂജിക്കുക
2. നക്ഷത്രം വ്യക്തമായറിയണം
3. ജീവിതദുഃഖം
4. രാമചന്ദ്രപ്രഭു
5. കരകാണാകയത്തിൽ
6. ആരംഭശൂരത്വമണ്ടാകരുത്
7. കണക്കാണേറെവിഷമം
8. അഭിജ്ഞാനശാകുന്തള പഠനം
9. രാമരാവണയുദ്ധം
10. അശോകവനത്തിലെ ദുഃഖം
11. ചാണക്യസൂത്രം
12. ശ്മശാനത്തിലെ വേദന
13. കലിയുഗദിനാരംഭം
14. കണ്ണടവെച്ചുവായിക്കണം
15. ദാമോധരനമ്പ്യാർ

സംഖ്യ (ഉത്തരം)

| | | | |
|---|---|---|---|
| 1. | 11811648120 | 2. | 5121561260 |
| 3. | 28638 | 4. | 422652 |
| 5. | 6115121 | 6. | 2115425420 |
| 7. | 56425151 | 8. | 2196150040 |
| 9. | 9154252 | 10. | 283604150 |
| 11 | 27156 | 12. | 8436055 |
| 13. | 42083131 | 14. | 511464151 |
| 15. | 302958 | | |

കടപയാദി സംഖ്യാ സമ്പ്രദായത്തിലെ ഉദാഹരണങ്ങൾ (എല്ലാകൂട്ടക്ഷരങ്ങളും പദച്ഛേദം ചെയ്തു വേണം മൂല്യം നിർണയിക്കാൻ. ഞ, ന, സ്വരാക്ഷരങ്ങൾ ഇവക്ക് പൂജ്യമാണ് മൂല്യം. ചിലപ്പോൾ ള ഉപയോഗിച്ചാൽ അതിന്റെ മൂല്യം 9 എന്നെടുക്കണം. ഇത്രയും ഓർമ്മയിൽ വെച്ചുകൊണ്ട്, ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

അനന്തപുരം - 21600 ; ശാക്ഷര -265 ;
മതിസ്ഥഃ - 765 ; രാജാ - 82 ഗാനം - 3 ഹരി - 28
ശകടം - 115 ; മാതുല - 365 : കാർത്തവീര്യ : - 1461,



Scanned with CamScanner

മോദാണ്ഡ്യ പുത്ര : -20185; ശ്രീജഗാന്തപുരം - 216382
രാഹു - 82, അബ്ദപതിപ്രിയ. - 126180 ചിന്താശ്രേഷ്ംധിയം-192266

**പ്രായോഗീക ഉദാഹരണങ്ങൾ ഗ്രന്ഥത്തിൽ നിന്ന്**

ഇനോമാസാദിധുരോ രാജ്യവലയേ 134122987500
ഇനമാരുതം ധിഗ്ദക്ഷാംബരന്നവേ 402368962500
നീതിസ്സകലനിധിർന്ന് ഭൃത് 4909031760
നാരദ കറിതാം കഥയ 171641820
അജ്ഞാന പ്രിയ ബാലക്ഷോഭം സന്നസ്ഥലോ 3707463312000
അജ്ഞനശംസീധവദാനദഗ്ദോധനാഢ്യ : 1099808 4975000
ജ്ഞാനീമുരാന്തക:ശ്രീകൃഷ്ണോ ദൈത്യഘ്നോ പാരണഘ്ന: 524018512162500
അജ്ഞാനീശുരമുദ്ധേശോഭൂതി ധാർമ്മികമന്മഥ : ധന്യോ ധരോ നയേ ജ്ഞാനം 102919755159645952500O.
ഊന ജ്ഞാനേന മാസോ ഹി കുലശ്രേഷ്ഠ, ഗുരുപ്രിയ : ധനീ ധർമ്മീ ഗജേന്ദ്രാനു 283590912232231875000O0

## ഭൗതീകശാസ്ത്രം

## പുരാതന ഭാരതീയ അളവുകൾ, തൂക്കങ്ങൾ

| | | | |
|---|---|---|---|
| **നാണയങ്ങൾ** | പുരാണം | = | 16 പണം |
| | 1 പണം | = | 4 കാകണി |
| | 1 കാകണി | = | 20വരാടകം/ കൗഡി |
| **തൂക്കം** | 1 മാഷം | = | 5 ഗുഞ്ചം |
| | 16 മാഷം | = | 1 കർഷം |
| | 14 കർഷം | = | 1 പലം |
| **അളവ്** | 1 ഖാരി | = | 16 ദ്രോണം |
| | 1 ദ്രോണം | = | 4 ആഢകം |
| | 1 ആഢകം | = | 4 പ്രസ്ഥം |
| | 1 പ്രസ്ഥം | = | 4 കുടവം |
| **നീളം** | 24 അംഗുലം | = | 1 ഹസ്തം |
| | 4 വസ്ത്രം | = | 1 ദണ്ഡം |
| | 4 ക്രോശം | = | 1 യോജന |

(1 യോജന ഏകദേശം 12.11 കി.മീ.)

## സമയത്തിന്റെ അളവ്

60 ഘനാക്ഷരങ്ങൾ പറയുവാൻ വേണ്ട സമയം = 1 വിനാഴിക (24 സെക്കന്റ്)

60 വിനാഴിക = 1 നാഴിക



Scanned with CamScanner

| | | | |
|---|---|---|---|
| 60 | നാഴിക | = | 1 അഹോരാത്രം (ദിവസം) |
| 30 | ദിവസം | = | 1 മാസം |
| 2 | മാസം | = | 1 ഋതു |
| 3 | ഋതു | = | 1 അയനം (ദക്ഷിണായനം/ഉത്തരായനം) |
| 2 | അയനം | = | 1 വർഷം |
| 12 | വർഷം | = | 1 വ്യാഴവട്ടം |
| 30 | മനുഷ്യവർഷം | = | 1 പിതൃവർഷം |
| 2 | പിതൃവർഷം | = | 1 ഷഷ്ട്യബ്ദം |
| 12 | പിതൃവർഷം | = | 1 ദേവവർഷം |
| 12000 | ദേവവർഷം | = | 1 യുഗം |

ഒരു യുഗത്തിന്റെ ആരംഭം അവസാനം ഇവ കുറിക്കുന്ന ബിന്ദുവിന്റെ പേര് 'ദുഷ്ഷമ' മധ്യബിന്ദു 'സുഷമ' (ഒരു യുഗത്തിന്റെ ആദ്യപകുതി യുടെ പേര് ഉത്സർപിണി രണ്ടാം പകുതിയുടെ പേര് അപസർപിണി)

| | | |
|---|---|---|
| കലിയുഗം | = | 432000 വർഷങ്ങൾ |
| ദ്വാപരയുഗം | = | 864000 വർഷങ്ങൾ |
| ത്രേതായുഗം | = | 1296000 വർഷങ്ങൾ |
| കൃതയുഗം | = | 172800 വർഷങ്ങൾ |

ഒരു മഹായുഗം (കൃത + ത്രേതാ + ദ്വാപര + കലിയുഗം ചേർന്നത് = 4320000 വർഷം

72 മഹായുഗങ്ങൾ= ഒരു മന്വന്തം

432000 വർഷങ്ങൾ= കലിയുഗം

14 മന്വന്തരം = ബ്രഹ്മാവിന്റെ ഒരു പകൽ

28 മന്വന്തരം = ബ്രഹ്മാവിന്റെ ഒരു അഹോരാത്രം

1008 യുഗം (ഒരുയുഗം = 4320000 വർഷങ്ങൾ ചേർന്നത്) = ബ്രഹ്മാവിന്റെ ഒരു ദിവസം

ബ്രഹ്മാവിന്റെ ആയിരം ദിവസങ്ങൾ = 1 കൽപം

## പതിനാല് മന്വന്തരങ്ങളുടെ പേരുകൾ

1. സ്വായംഭുവ മന്വന്തരം
2. സ്വാരോചിഷമന്വന്തരം
3. ഉത്തമ മന്വന്തരം
4. താപസ മന്വന്തരം
5. രൈവത മന്വന്തരം
6. ചാക്ഷുഷ മന്വന്തരം
7. വൈവസ്വത മന്വന്തരം
8. സൂര്യസാർവണി മന്വന്തരം
9. ബ്രഹ്മസാവർണി മന്വന്തരം
10. രുദ്രസാവർണി മന്വന്തരം
11. ഇന്ദ്ര സാവർണി മന്വന്തരം
12. യക്ഷ സാർവണി മന്വന്തരം
13. ദക്ഷ സാർവണി മന്വന്തരം
14. രൗച മന്വന്തരം

**നാലുയുഗങ്ങൾ**

കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം.



Scanned with CamScanner

## സാമൂഹ്യശാസ്ത്രം

### കേരളീയ ജീവിതം - അമ്മയുടെ ദിനചര്യ

കേരളത്തിലെ ജനങ്ങൾ സൂര്യോദയത്തിനുമുമ്പ് ഉറക്കമുണർന്ന്, കിടക്കയിലിരുന്നു അൽപനേരം പ്രാർത്ഥിച്ച്, എഴുന്നേറ്റ് ഭൂമി തൊട്ട് തലയിൽ വെച്ച് ശൗചസ്നാനകർമ്മങ്ങൾ അനുഷ്ഠിക്കുക എന്നതായിരന്നു ദിനചര്യയിൽ ആദ്യത്തേത്.

മുറ്റമടിച്ചുവെടിപ്പാക്കാൻ സഹായികളില്ലാത്ത വീട്ടിൽ, അമ്മമാർ തന്നെ മുറ്റമടിച്ച് ഒരു പാത്രത്തിൽ ചാണകം വെള്ളത്തിൽ അലിയിച്ച് - ആ ചാണകവെള്ളം തളിച്ച് മുറ്റം ശുദ്ധിയാക്കുന്നു.

കുളികഴിഞ്ഞ് നാമം ജപിച്ചുകൊണ്ട്, നനഞ്ഞമുണ്ടുമുടുത്ത് പൂജാമുറിയിലെ വിളക്കുകത്തിക്കുകയും, നാമം ജപിക്കുകയും, ഈശ്വരന് നമസ്കാരമർപ്പിക്കുകയും ചെയ്യുന്നത് അമ്മയുടെ ആദ്യ കർത്തവ്യമാണ്.

ഏതെങ്കിലും കീർത്തനം ചൊല്ലിക്കൊണ്ട് തന്നെ നനഞ്ഞ മുണ്ടു മാറി, വൃത്തിയായ വസ്ത്രം ധരിച്ച് അടുപ്പത്ത് തീ കത്തിച്ച് പാകം ചെയ്യാനുള്ളത് അടുപ്പത്തുവെക്കുന്നു. അടുപ്പിൽ തീ കത്തിക്കുന്നതിന് മുമ്പ്, അടുപ്പ് തൊട്ടു തലയിൽ വെക്കുക എന്ന പവിത്രകർമ്മം നടത്താറുള്ളത്, ദിവസകർമ്മാരംഭത്തിന്റെ പ്രാർത്ഥനയാണ്, അമ്മമാർക്ക്.

കീർത്തനമോ നാമമോ ചൊല്ലിക്കൊണ്ടു തന്നെ ഒരു കിണ്ടിയിൽ വെള്ളമെടുത്ത്, ഒരു വരക്കട്ട (ഗോപിക്കട്ട) യുമായി ഉമ്മറപ്പടിയിൽ വരക്കുക (ഉമ്മറപ്പടിയെഴുതുക എന്നു പറയും) എന്ന പതിവുണ്ട് ഇതിൽപൂവ്, മുക്കുറ്റി, പൂവാംകുറിഞ്ഞിൽ എന്നിവയിട്ട് കുങ്കുമവും പടിയിൽ തൊടുവിച്ച് മൂന്നുപ്രാവശ്യം ലളിതമായി അമ്മ നമസ്കരിക്കുന്നു. സുപ്രഭാതത്തിൽ ഐശ്വര്യത്തെ സ്വാഗതം ചെയ്യുന്നതിനാണിത്. ഉമ്മറപ്പടി വരച്ച് പുറത്തിറങ്ങി, തുളസിത്തറയിലെ തുളസിക്ക് വെള്ളമൊഴിച്ച്, മൂന്നുപ്രദക്ഷിണം വെച്ച്, തുളസിയിലയിൽ കുങ്കുമം തൊടുവിച്ച്, തുളസിക്ക് നമസ്ക്കരിക്കുന്നു.

അടുക്കളയിൽ വന്ന് ചായയുണ്ടാക്കി കുടിച്ച്, തൈരുണ്ടെങ്കിൽ കടഞ്ഞ് വെണ്ണയെടുത്തുള്ള രണ്ടാം ഭാഗം തീരുന്നു.

പിന്നെ കുട്ടികളെ വിളിച്ചുണർത്തി അവർക്കു വേണ്ടതു ചെയ്തു കൊടുക്കും. പള്ളികൂടത്തിൽ (വിദ്യാലയത്തിൽ) പോകാനുള്ളതെ



Scanned with CamScanner

ല്ലാം, കുളി, പ്രാർത്ഥന, ചായകുടി, പഠനം എന്നിവകഴിഞ്ഞ് കുട്ടികൾ തയ്യാറായി, കഞ്ഞി കുടിച്ചതിനുശേഷം വിദ്യാലയ യാത്രയ്ക്ക് തയ്യാറാക്കുന്നതിൽ അമ്മ സഹായിക്കുന്നു.

മക്കൾ വിദ്യാലയത്തിൽ പോയിക്കഴിഞ്ഞാൽ അമ്മ അടുക്കളപ്പണികളെല്ലാം കഴിഞ്ഞ്, വീട് വൃത്തിയാക്കാനുള്ളതും കഴിഞ്ഞ്. ഉച്ചഭക്ഷണത്തിനുള്ളത് തയ്യാറാക്കുന്നു.

ഉച്ചഭക്ഷണം കഴിഞ്ഞ്, വെറ്റില, അടക്ക, ചുണ്ണാമ്പ്, പുകയില (നാലുകൂട്ടി) മുറുക്കി, ഒന്നു മയങ്ങി അടത്ത ദിവസത്തേക്കുള്ള അരി ഉഴുന്ന് എന്നിവ അരച്ച് പാത്രത്തിലാക്കി വെക്കുന്നത് അമ്മക്ക് ഏറ്റവും വലിയ ജോലിയാണ്.

പറമ്പിലൂടെ നടന്ന് അടുത്ത ദിവസത്തേക്കുള്ള വിറക്, ഓല, മടല്, മരങ്ങളുടെ ഉണങ്ങിയ കമ്പ്, ചിരട്ട ഇവ ശേഖരിച്ച്, ചീര, കപ്പങ്ങ, വാഴക്കൂമ്പ്, ചക്ക, മാങ്ങ ഇവ ഏതെങ്കിലും പറമ്പിൽ നിന്ന് ലഭ്യമാണെങ്കിൽ അതും ശേഖരിച്ച് അടുക്കളയിൽ വെക്കും.

മക്കൾ വിദ്യാലയത്തിൽ നിന്ന് വരുന്നതും നോക്കി അവ'ർക്ക് ഭക്ഷണവും ചായയും തയ്യാറാക്കി, വേണ്ടതെല്ലാം ചെയ്യുന്നു.

മക്കൾ കുറച്ചുനേരം കളി കഴിഞ്ഞ്, സായംസന്ധ്യയാകുന്നതിനു മുമ്പ്, കുളിച്ച്, തയ്യാറായി വരുമ്പോൾ അമ്മ നാമജപത്തോടെ പൂജാമുറിയിൽ വിളക്കുകത്തിച്ചുവെക്കുന്നു. എല്ലാവരും ചേർന്നുള്ള നാമജപം കീർത്തനാലാപനം എന്നിവ കഴിഞ്ഞ് കുറച്ചു സമയം ഒരുമിച്ചിരുന്ന് കുടുംബബന്ധം ദൃഢമാക്കുന്നു (പണ്ട് ടിവിയില്ലായിരുന്നു എന്നോർക്കുമല്ലോ)

മക്കളുടെ പഠിത്തം കഴിഞ്ഞോ അതിനുമുമ്പോ എല്ലാവർക്കും അമ്മ അത്താഴം വിളമ്പി, എല്ലാവരും കഴിച്ച്, പാത്രം കഴുകി ബാക്കി ചോറ് ചീത്തയാകാതിരിക്കാൻ വെള്ളമൊഴിച്ച്, (പണ്ട് ഫ്രിഡ്ജില്ലായിരുന്നു) സൂക്ഷിച്ചുവെക്കുന്നു.

തിളപ്പിച്ച് ആറ്റിയ പാൽ അൽപം തൈര് ഒഴിച്ച് അടുത്ത ദിവസത്തേക്കുള്ള തൈര് തയ്യാറാക്കി, പച്ചവിറകാണെങ്കിൽ അടുപ്പിനുമുകളിൽ ഉണങ്ങാൻ വെച്ച്, അടുക്കള വൃത്തിയാക്കി, പൂജാമുറിയിലെ വിളക്ക് കെടുത്തി, പഠിക്കുന്ന മക്കളോട് കുശലാന്വേഷണം നടത്തിയനുഗ്രഹിച്ച് അന്നത്തെ ജോലി കഴിഞ്ഞാശ്വസത്തോടെ അമ്മ ഒരു പഴയ പായും തലയിണയും വെച്ച്, നാമം ജപിച്ച് പ്രാർത്ഥിച്ച് “ഇന്നത്തെ ദിവസം കഴിഞ്ഞു” എന്നും പറഞ്ഞ് എന്റെ അമ്മ ഉറങ്ങാൻ കിടക്കും!



Scanned with CamScanner

1. എല്ലാ മലയാള മാസത്തിലേയും സംക്രാന്തി പുണ്യകാലത്തിൽ (15 മിനിറ്റ്) അമ്മ പൂജാമുറിയിൽ വിളക്ക് കത്തിച്ച് വെക്കും.
2. കർക്കിടകമാസത്തിൽ വൈകുന്നേരമോ രാവിലേയോ രാമായണം വായിക്കും.
3. എല്ലാ ഏകാദശി ദിവസവും അരി ഭക്ഷണത്തിനുപകരം ഗോതമ്പ് ആയിരിക്കും ഉപയോഗിക്കുക.
4. എല്ലാ തിങ്കളാഴ്ചകളും കുടുംബ നന്മയ്ക്കായി ഉണക്കലരി ഭക്ഷണം ഒരു നേരവും, അത്താഴം ഉപവാസവുമായിരിക്കും.
5. ജന്മാഷ്ടമി രാത്രി 12.30 വരെ ഉറങ്ങാതിരിക്കും, ശിവരാത്രി പൂർണ്ണമായും ഉറക്കം ഒഴിവാക്കും.

അമ്മമാരുടെ ജീവിതം മക്കൾക്കും കുടുംബാംഗങ്ങൾക്കും വേണ്ടി മാത്രമായിരുന്നു!

**ചരിത്രം**

## ഫാഹിയാൻ ദർശിച്ച പുരാതന ഭാരതം

ബുദ്ധവിഹാരങ്ങൾ സന്ദർശിക്കുന്നതിനും ബുദ്ധസാഹിത്യങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ഭാരതത്തിലെത്തിയ ഫാഹിയാൻ ദർശിച്ച ഭാരതം എപ്രകാരമുണ്ടായിരുന്നു എന്നറിയുന്നത് ഓരോ ഭാരതീയനും അഭിമാനാർഹമായിരിക്കുമെന്ന് തോന്നുന്നു. ഫാഹിയാൻ ഭാരതം സന്ദർശിച്ചത് ചന്ദ്രഗുപ്തമൗര്യൻ രണ്ടാമന്റെ ഭരണകാലത്തായിരുന്നു. ഗുപ്തവംശത്തിലെ ഭാരതമാണ് ഫാഹിയാൻ വിവരിക്കുന്നത്. അസംഖ്യം ഭാരതീയരെ എവിടേയും കാണാമായിരുന്നു. അവർ അത്യധികം സന്തുഷ്ടരായിരുന്നു. അവർ ഒരു സ്ഥലത്തും തങ്ങളുടെ സമ്പത്ത് രേഖപ്പെടുത്തേണ്ടതായിട്ടുണ്ടായിരുന്നില്ല. നിയമപാലകന്റെ മുമ്പിൽ പോകേണ്ട ആവശ്യം അവർക്കില്ലായിരുന്നു. സർക്കാർ ഭൂമിയിൽ കൃഷി ചെയ്യുന്നവർ മാത്രം അതിലൊരു ഭാഗം ഖജനാവിലടക്കണമെന്നായിരുന്നു നിയമം. അവർക്കെവിടെവേണമെങ്കിലും പോകാം. എവിടെയെങ്കിലും വസിക്കണമെങ്കിൽ വസിക്കാം. കഠിനമായ ശിക്ഷയോ പിഴയോ ഇല്ലാതെ, രാജാവ് രാജ്യം ഭരിക്കുന്നു. കുറ്റം ചെയ്യുന്ന ചുറ്റുപാടുകൾക്കനുസൃതമായിട്ടായിരുന്നു കുറ്റവാളികൾക്ക് ലഘുവോ കഠിനമോ ആയ ശിക്ഷ വിധിക്കുക. പിഴ ചുമത്തുക എന്നതാണ് സാധാരണയായ ശിക്ഷ. നിരന്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് പല മുന്നറിയിപ്പുനൽകി കഴിഞ്ഞശേഷം, വലത്തേ കൈ ഛേദിക്കുക എന്നതായിരുന്ന ശിക്ഷ. രാജധാനിയിൽ പ്രവർത്തിക്കുന്ന

എല്ലാവർക്കും പ്രത്യേകം നിരക്കിൽ വേതനം നൽകിയിരുന്നു. ഈ രാജ്യത്തൊരിടത്തും മൃഗങ്ങളെ വധിക്കുകയോ, ലഹരിപാനീയങ്ങൾ കഴിക്കുകയോ, ഉള്ളിയും വെളുത്തുള്ളിയും കഴിക്കുകയോ ചെയ്യുന്നവരെ കാണാനില്ലായിരുന്നു. ചണ്ഡാലന്മാരിൽ ചിലർ മാത്രം ഇതിനു വിപരീതമായി ചെയ്തിരുന്നു. ക്രയവിക്രയങ്ങൾക്ക് ജനങ്ങൾ കൗഡിനാണയങ്ങളാണ് ഉപയോഗിച്ചിരുന്നത്. രാജാവിന്റെയും ധനാഢ്യന്മാരുടേയും വൃദ്ധന്മാരുടേയും ധർമ്മമായിരുന്നു ക്ഷേത്രങ്ങൾ പണിയുക, ഭൂമി, വീടുകൾ, പൂന്തോട്ടങ്ങൾ, കന്നുകാലികൾ, കൃഷിയിടങ്ങൾ എന്നിവ ദാനം ചെയ്യുക എന്നത്. കരം പിരിക്കലിലൂടെയായിരുന്നു രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിച്ചിരുന്നത്. ജനങ്ങളുടെ മേൽ രാജാവ് ചുമത്തിയിരുന്ന കരം വളരെ തുച്ഛമായിരുന്നു.

സാമൂഹികമായി ജനങ്ങൾ വളരെ സമ്പന്നരായിരുന്നു. ധാർമ്മികബോധവും കലാബോധവും, വിദ്യാഭ്യാസ അഭിരുചിയും, സാഹിത്യവാസനയുമുള്ളവർ വളരെയധികം പേരുണ്ടായിരുന്നു. പരസ്പരം അനുകമ്പയുള്ളവരും ഏതവസരത്തിലും സഹായ ഹസ്തം കൊടുക്കുന്നവരുമായിരുന്നു ജനങ്ങൾ. മാനുഷിക മൂല്യങ്ങൾക്ക് പരമാവധി വില കൽപിക്കുന്നവരുമായിരുന്നു ഇവിടത്തെ മനുഷ്യർ.

ധനികർ സ്വന്തമായി ധർമ്മാശുപത്രികൾ സ്ഥാപിച്ചിരുന്നു. ഇവിടെ വരുന്ന പാവപ്പെട്ടവർക്കും, വിധവകൾക്കും, അനാഥർക്കും രോഗികൾക്കും, അംഗഹീനർക്കും എല്ലാ സഹായവും ധനികരാണ് നൽകിയിരുന്നത്. അവരുടെ ആവശ്യത്തിന് ഭക്ഷണവും, ഔഷധവും, ചികിത്സയും നൽകിയിരുന്നതും ധനികരുടെ കർത്തവ്യം തന്നെ! രോഗികളെ ഏറെ സാന്ത്വനപ്പെടുത്തുന്ന രീതിയും രോഗം ഭേദമായാൽ അവിടം വിട്ടുപോകുക എന്നതുമായിരുന്നു പതിവ്. മത്സ്യബന്ധനത്തിലേർപ്പെടുന്നവരും, നായാടികളും, മൃഗങ്ങളെ അറുക്കുന്നവരും ചണ്ഡാലന്മാരായി സമൂഹം കണ്ടിരുന്നു. അവർക്ക് പ്രത്യേകമായി കാവടങ്ങളുണ്ടായിരുന്നു. അവരെ ജനങ്ങൾ സ്പർശിച്ചിരുന്നില്ല.

രാജ്യത്തെവിടേയും അതിഥികളായി ദേശവിദേശങ്ങളിൽനിന്നു വരുന്നവർക്ക് സൗകര്യം നൽകിയിരുന്നു. ഭക്ഷണം, കിടക്ക, വസ്ത്രം ഇവ ലഭ്യമാകുന്ന അതിഥിമന്ദിരങ്ങൾ ധാരാളമുണ്ടായിരുന്നു. കുലീന കുടുംബാംഗങ്ങൾ സംഭാവന സ്വീകരിച്ച് സന്യാസിമാർക്ക് നൽകുകയും ആശ്രമങ്ങളെ സംരക്ഷിക്കുകയു മായിരുന്നു പതിവ്. സന്യാസിമാരുടെ വാർഷിക ചാതുർമാസ്യസാധനാ തപസ്സിനുശേഷം അവർക്ക് ആവശ്യ



Scanned with CamScanner

മായതെല്ലാം സംഭാവനയായി നൽകിയിരുന്നു. ബുദ്ധന്റെ കാലം മുതൽക്കുതന്നെ രാജാക്കന്മാരും ധനികരും, ശ്രേഷ്ഠ കുടുംബത്തിൽ പിറന്നവരുമാണ് സന്യാസിമാർക്ക് വിഹാരങ്ങൾ പണിതും വീട്, പൂന്തോട്ടം, സഹായികൾ, വളർത്തുമൃഗങ്ങൾ എന്നിവ ദാനം ചെയ്തിരുന്നത്. ഇത് തലമുറകൾ കൈമാറിയുമിരുന്നു. വിഹാരങ്ങളിൽ വസിക്കുന്ന സന്യാസിമാർ വേദമന്ത്രങ്ങളും ധർമ്മശാസ്ത്രങ്ങളും പഠിച്ചും പഠിപ്പിച്ചും, ജനങ്ങളേയും മൃഗങ്ങളേയും ശുശ്രൂഷിച്ചും സഹായിച്ചും ധ്യാനിച്ചും ജീവിതം നയിച്ചിരുന്നു.

അതിഥികളായി ആശ്രമങ്ങളിൽ അപരിചിതർ വന്നാൽ പോലും ആശ്രമമുഖ്യൻ എല്ലാ ദ്രവ്യങ്ങളും സ്വയം വഹിച്ചുകൊണ്ട് അതിഥി മന്ദിരത്തിലെത്തിക്കുകയും അതിഥിയുടെ കാൽ കഴുകുവാൻ വേണ്ടതു ചെയ്യുകയുമാണ് പതിവ്. പ്രത്യേകമായി തയ്യാറാക്കിയ ഭക്ഷണവും വിശ്രമവും കഴിഞ്ഞതിനുശേഷം അതിഥിയുടെ വിവരങ്ങൾ അന്വേഷിക്കുക എന്നതായിരുന്നു ആചാരം. സന്യാസ ഗൃഹസ്ഥ ആശ്രമത്തിലെ നിലവാരമനുസരിച്ച് (ഗ്രേഡ്) അതിഥി മന്ദിരത്തിൽ വ്യത്യസ്ത നിലവാരത്തിലുള്ള സൗകര്യങ്ങൾ അതിഥികൾക്ക് ലഭ്യമാക്കുകയായിരുന്നു പതിവ്.

ആശ്രമം സന്ദർശിക്കുന്ന ശ്രേഷ്ഠന്മാർ ആശ്രമത്തിന്റെ പുരോഗതിക്ക് സാമ്പത്തികസഹായം ചെയ്യുകയും അവിടെ വരുന്ന പുരോഹിതന്മാർ ധർമ്മപഠനക്ലാസെടുക്കുകയും പതിവായിരുന്നു. പഠിപ്പിക്കുന്നവർക്ക് അർഹമായ ദക്ഷിണ സമ്പത്തായും വിഭവങ്ങളായും ആശ്രമത്തിൽ നിന്ന് മുഖ്യസന്യാസിയാണ് നൽകുക. ബുദ്ധഭഗവാൻ ദിവംഗതനായതിനുശേഷം അതേ ആത്മീയ പൗരോഹിത്യ നിയമങ്ങൾ ഇവിടെ അൽപംപോലും വ്യത്യാസമില്ലാതെ പരിപാലിച്ചു പോരുന്നുണ്ട്.

പാടലീപുത്രത്തിൽ മൂന്നുവർഷം സംസ്കൃതം പഠിച്ച് അവിടത്തെയും എല്ലാ സമീപ പ്രദേശങ്ങളിലേയും വിവരങ്ങൾ ശേഖരിച്ച് ഫാഹിയാൻ ഇപ്രകാരം തുടരുന്നു. പാടലീപുത്രത്തിലെ കാഴ്ചകൾ കണ്ട് അത്ഭുതത്തോടെ ചിന്തിച്ചു. ഇത്തരം സൗധങ്ങൾ മനുഷ്യന് നിർമ്മിക്കുവാൻ സാധ്യമാണോ? ഇവിടെയുള്ള ക്ഷേത്രങ്ങളും കൊട്ടാരങ്ങളും മറ്റു വൻ സൗധങ്ങളും ഭൂതപ്രേതാദികളോ ഇന്ദ്രജാലക്കാരോ പണിതതുപോലെ തോന്നുന്നു. മനുഷ്യ ഹസ്തങ്ങൾകൊണ്ട് ഇത്രയും കമനീയമായ കൊട്ടാരങ്ങൾ നിർമ്മിക്കുവാൻ സാധ്യമാണോ എന്ന് സംശയം തോന്നുന്നു. പാടലീപുത്രത്തിലെ ജനങ്ങൾ സമ്പത്സമൃദ്ധിയുടെ പരമകാഷ്ഠയിലായിരുന്നു. അവർ ദാനശീലരായിരുന്നു. ഇവി



Scanned with CamScanner

ടത്തെ അതി പ്രസിദ്ധവും വിസ്തൃതവുമായ ധർമ്മാശുപത്രി ധന്യാത്മാക്കളുടെ സംഭാവനയായി പണിതതാണ്. ചരിത്രകാരൻ സമിത്, ഫാഹിയാന്റെ ലേഖനത്തെ അധികരിച്ച് ഈ ആശുപ്ത്രിയെക്കുറിച്ച് ഇപ്രകാരം എഴുതി. ഒരു പക്ഷേ അന്നത്തെക്കാലത്ത് ലോകത്തിലെ ഏറ്റവും വിസ്തൃതവും മനോഹരവുമായ ആശുപത്രി ഇതായിരുന്നിരിക്കാം.

വിദേശാക്രമണത്തിന് മുമ്പുള്ള ഗുപ്തകാലത്തിലെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന ചരിത്ര വിവരണം മറ്റു ചില ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ; ഭാരതത്തിൽ കൂട്ടുകുടുംബസമ്പ്രദായമാണ് നിലനിന്നിരുന്നത്. സഹോദരന്മാരാണ്. കുടുംബത്തിന്റെ നേതൃത്വം, പിതൃമരണശേഷം, എടുക്കുന്നത്. രാജാവും ധനികരും ശ്രേഷ്ഠമായ വേഷവിധാനം ഉത്സവവേളകളിൽ സ്വീകരിക്കുമെങ്കിലും സാധാരണയായി വസ്ത്രവും ഷാളും, പുരുഷന്മാരും സാരിയും ബ്ലൗസും, സ്ത്രീകളും ഉടുത്തിരുന്നു. പരുത്തി, സിൽക്, കമ്പിളി ഇവയുടെ വസ്ത്രങ്ങളായിരുന്നു ഇവയെല്ലാം. എല്ലാ സ്ത്രീകളും ധാരാളം ആഭരണങ്ങൾ അണിയുമായിരുന്നു. പൊതുവേ നിലനിന്നിരുന്ന ഭക്ഷണസമ്പ്രദായം സസ്യാഹാരമാണ്. മത്സ്യമാംസാദികൾ ഉപയോഗിക്കുന്നതിൽ നിരോധനമില്ലായിരുന്നുവെങ്കിലും സാർവത്രികമായിരുന്നു സസ്യാഹാരം. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം, രഘുവംശം, മൃച്ഛഘടികം എന്നിവയുടെ നാടകം, കഥാലാപനം, വേട്ടയാടൽ, ഉത്സവാഘോഷം, മതപരമായ ചടങ്ങുകൾ, രഥയാത്രകൾ, എന്നിവ അത്യുൽസാഹത്തോടെ നടത്തുന്നതായിരുന്നു ജനങ്ങളുടെ വലിയ വിനോദം. വിനോദവേളയിൽ ആയിരങ്ങൾ പങ്കെടുക്കുമായിരുന്നു.

എല്ലാ വീക്ഷണങ്ങളേയും വിശ്വാസങ്ങളെയും ഒരേപോലെ ആദരിച്ചിരുന്ന ഇവിടത്തുകാർ, ശൈവ-വൈഷ്ണവ-ചാർവാക (നിരീശ്വരവാദ) മഹായാന-ഹീനയാന-വൈദീകമതദർശനങ്ങളിലുടെ പരസ്പരം സഹവർത്തിച്ചിരുന്നു. ധാരാളം ക്ഷേത്രങ്ങളും ബുദ്ധ ജൈനവിഹാരങ്ങളും പരസ്പരം സഹകരിച്ചു. നളന്ദയും തക്ഷശിലയും പ്രവേശന പരീക്ഷ നടത്തി ദേശവിദേശങ്ങളിൽ നിന്നുമാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിരുന്നത്. ബനാറസിലും, വല്ലഭിയിലും, നാസിക്കിലുമുള്ള പ്രശസ്തമായ സർവകലാശാലകളിലും ഇതേ സമ്പ്രദായമാണ് നിലനിന്നിരുന്നത്. സംഗീതം നാടകം, ഗദ്യം, വ്യാകരണം, തത്വശാസ്ത്രം, ധർമ്മം, ജ്യോതിശാസ്ത്രം, ഗണിതം, ആയുർവേദം തുടങ്ങി 60ൽപരം വിഷയങ്ങളിൽ ധാരാളം ഗ്രന്ഥങ്ങൾ ഇവിടത്തെ പണ്ഡിതർ രചിച്ചിരുന്നു. അവ സർവകലാശാലാ പഠനത്തിന്റെ ഭാഗവുമാക്കിയിരുന്നു. തച്ചു



Scanned with CamScanner

ശാസ്ത്രം, പെയിന്റിംഗ്, ലോഹസംസ്കരണം ഇവയെല്ലാം ഇക്കാലത്ത് ഉത്തുംഗശൃംഗത്തിലെത്തിയിരുന്നു. അജന്ത, എല്ലോറ ഇതിനുദാഹരണമാണല്ലോ.

സ്ത്രീ വിദ്യാഭ്യാസം സാർവത്രികമായിരുന്നു. ഭരണത്തിൽ സ്ത്രീകൾ പ്രധാനപ്പെട്ട പങ്കു വഹിച്ചിരുന്നു. പല വകുപ്പുകളുടെയും തലപ്പത്ത് സ്ത്രീകളായിരുന്നു. ഭരണകാര്യം അവരുടെയും നിർദ്ദേശമനുസരിച്ചായിരുന്നു നിർവ്വഹിച്ചിരുന്നത്. സമൂഹജ്ഞാനം സമഗ്രമായി ലഭിച്ചവരായിരുന്നു സ്ത്രീകൾ. സ്ത്രീകൾ തർക്കങ്ങളിൽ പങ്കെടുക്കുന്നത് സർവസാധാരണമായിരുന്നു. കലാ-കായിക-സാഹിത്യങ്ങളിൽ വിളങ്ങിയിരുന്ന അനവധി സ്ത്രീകളുണ്ടായിരുന്നു. പർദ്ദ സമ്പ്രദായം ഇല്ലായിരുന്നു. ഗുപ്തകാലഘട്ടത്തിലെ സ്ത്രീകളെക്കുറിച്ച് ആർ.സി. മജുംദാരുടെ ചരിത്രവരികൾ : ഉന്നതകുടുംബത്തിലെ സ്ത്രീകൾ ഭരണകാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ട് പങ്കുവഹിച്ചിരുന്നു. ഗുപ്ത ഭരണത്തിൽ രാജ്ഞിമാർ കൈകാര്യം ചെയിതിരുന്നുത് വളരെ പ്രധാന വകുപ്പുകളാണ്. ഡക്കാനിൽ സ്ത്രീകൾ ഗവണർമാരായും ഗ്രാമത്തലവന്മാരായും ഭരണം നടത്തിയിരുന്നു. സ്ത്രീകൾ അടങ്ങിയൊതുങ്ങി കഴിയുന്ന അബലകളാണ് എന്ന ധാരണതന്നെ ഇക്കാലത്തില്ലായിരുന്നു.

കർമ്മത്തിന്റെ അടിസ്ഥാനത്തിൽ നാലുവർണ്ണ വ്യവസ്ഥകൾ നിലനിന്നിരുന്നു. വർണം മാറുവാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു. മയൂര ശോഭൻ എന്ന പണ്ഡിതനായ ബ്രാഹ്മണൻ ക്ഷത്രിയനായിത്തീർന്നതും ചരിത്രകാരന്മാർ ഉദാഹരണമായി കാണിക്കുന്നു.

വിവിധ വർണത്തിലെ ജനങ്ങൾ ഒരുമിച്ചു വർത്തിക്കുന്നതും ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതും പ്രത്യേക സംഭവങ്ങളായിരുന്നില്ല. യജ്ഞവൽക്യ ഋഷികുലത്തിലെ ബ്രാഹ്മണർപോലും കൃഷിക്കാർ, കൂലിപ്പണിക്കാർ, ബാർബർമാർ എന്നിവരോടൊപ്പമായിരുന്നു ഭക്ഷണം കഴിച്ചിരുന്നത്. വർണമേതായാലും ഇഷ്ടമുള്ള കർമ്മമണ്ഡലം സ്വീകരിക്കുവാൻ ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ ചണ്ഡാലന്മാരുടെ സ്ഥിതി വളരെ മോശമായിരുന്നു.

സ്വജാതിയിലും വ്യത്യസ്ത ജാതിയിലുമുള്ള വിവാഹം സർവ്വസാധാരണയായിരുന്നു. ഉയർന്ന വർണത്തിലെ സ്ത്രീ താഴ്ന്ന വർണത്തിലെ പുരുഷനെ വിവാഹം കഴിക്കുന്നത് അനുലോമവിവാഹവും മറിച്ചുള്ളത് പ്രതിലോമവിവാഹവും. ഗുപ്തവംശത്തിലെ രാജധാനിയിലെ ശ്രേഷ്ഠ ബ്രാഹ്മണനായിരുന്ന ചാരുദത്തൻ പ്രഭാവതിഗുപ്ത എന്ന



Scanned with CamScanner

വേശ്യയെയാണ് വിവാഹം കഴിച്ചത്. ബ്രാഹ്മണരായ വാകാടകന്മാരും, കടംബന്മാരും ക്ഷത്രിയ സ്ത്രീപുരുഷന്മാരെയാണ് വിവാഹം കഴിച്ചത്. വിധവാവിവാഹം സാധാരണയായിരുന്നു. സഹോദരന്റെ മരണത്താൽ അനാഥയായ സ്ത്രീയെയാണ് ചന്ദ്രഗുപ്തൻ രണ്ടാമൻ വിവാഹം കഴിച്ചത്.

"യുദ്ധത്തടവുകാരും, കടംവീട്ടാൻ സാധിക്കാത്തവരും, ചൂതുകളിയിൽ വാതുവെച്ച് നഷ്ടപ്പെട്ടവരുമാണ് അടിമപണി ചെയ്യേണ്ടിവരുന്നത്. റോമിലേയോ ഗ്രീക്കിലേയോ അടിമകളെപോലെയായിരുന്നില്ല ഭാരതത്തിൽ. അവരുടെ കടമോ, ശിക്ഷയുടെ കാലാവധിയോ കഴിഞ്ഞാൽ അവർ സ്വമേധയാൽ മോചിതരാണ്. ജനങ്ങൾ ധർമ്മ അർത്ഥ കാമ മോക്ഷം എന്നീ നാലു പുരുഷാർത്ഥ സിദ്ധാന്തങ്ങളിലൂടെ സന്തുഷ്ട ജീവിതം നയിച്ചിരുന്നു. മോക്ഷമാർഗം എല്ലാ ജനഹൃദയങ്ങളിലും സ്ഥായിയായിട്ടുണ്ടായിരുന്നു. കൃഷി, വാണിജ്യം, വ്യവസായം എന്നിവ വളരെ പുരോഗമിച്ചിരുന്നതിനാൽ രാഷ്ട്രം സമ്പദ്സമൃദ്ധമായിരുന്നു." "പുരാതന ഭാരതം" എന്ന തന്റെ പുസ്തകത്തിൽ ആർ.സി. മജുംദാർ ഇപ്രകാരം എഴുതുന്നു. "എവിടെയും സമ്പത്തും സംതൃപ്തിയും ദർശിക്കുവാൻ ഫാഹിയാന് സാധിച്ചു." വ്യത്യസ്തധനാഗമമാർഗങ്ങൾ ഗുപ്ത ഭരണകാലത്ത് എപ്രകാരമായിരുന്നു എന്നു നമുക്ക് പരിശോധിക്കാം. (മജുംദാർ തുടരുന്നു)

കൃഷി : വ്യക്തിയുടെ അധീനതയിലായിരുന്നു കൃഷിഭൂമി. സ്കന്ദഗുപ്തൻ നിർമ്മിച്ച് സുദർശനതടാകത്തെപോലെ അനവധി ജലസംഭരണികൾ രാജാവ് വിവിധ സ്ഥലങ്ങളിൽ നിർമ്മിച്ചുകൊണ്ടേയിരുന്നു. ഗോതമ്പ്, ബാർളി, ചോളം, പരിപ്പ് എന്നിവ വൻതോതിൽ ഉത്പാദിപ്പിച്ചിരുന്നു. സുഗന്ധവ്യഞ്ജനങ്ങൾ, നീലം, വിവിധ പഴവർഗ്ഗങ്ങൾ എന്നിവയും ഉത്പാദിപ്പിച്ചിരുന്നു.

വാണിജ്യം : കര-ജലമാർഗ്ഗങ്ങളിലൂടെ വാണിജ്യം നടന്നിരുന്നു. വലിയ റോഡുകൾ വാണിജ്യകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്നു. ഉജ്ജയനി, ബ്രോച്, വൈശാലി, ഗയ, പ്രയാഗ, പാടലീപുത്രം, മഥുര ഇവയായിരുന്നു ഏറ്റവും വലിയ വാണിജ്യകേന്ദ്രങ്ങൾ.

ബ്രോച്, കല്യാൺ, കാലബേ എന്നീ കേന്ദ്രങ്ങൾ വിദേശരാജ്യങ്ങളുമായുള്ള വാണിജ്യത്തിന്റെ സിരാകേന്ദ്രങ്ങളായി വർത്തിച്ചു. ഇക്കാലത്തായിരുന്നു ആദ്യമായി റോമിൽ നിന്ന് സ്വർണം ഭാരതത്തിലേക്കൊഴുകുവാൻ തുടങ്ങിയത്. മുത്ത്, വൈരം, തുണി, സുഗന്ധതൈലം,



Scanned with CamScanner

സുഗന്ധ വ്യഞ്ജനങ്ങൾ, ഔഷധങ്ങൾ, നാളികേരം, ആനക്കൊമ്പ് എന്നിവ കയറ്റി അയക്കുകയും, ചെമ്പ്, ടിൻ, ലെഡ്, പഴവർഗ്ഗങ്ങൾ, കുതിരകൾ എന്നിവ ഇറക്കുമതി ചെയ്യുകയും വാണിജ്യത്തിന്റെ ഭാഗമായിരുന്നു.

വ്യവസായം : പരുത്തിവ്യവസായം ഏറ്റവുമധികം പുരോഗമിച്ചിരുന്നു. ദശലക്ഷക്കണത്തിന് ജനങ്ങളുടെ ജീവിതമാർഗമായിരുന്നു അത്. അപ്രകാരം തന്നെയായിരുന്നു സിൽക് വ്യവസായം. വിവിധ ഖനികളിൽ നിന്ന് ലോഹധാതു ശേഖരിക്കലും ലോഹനിഷ്കർഷണവും രാജാധികാരത്തിൻ കീഴിലുള്ള വൻ വ്യവസായമായിരുന്നു. സ്വർണാഭരണ നിർമ്മാണം മറ്റൊരു വൻ വ്യവസായമായി രാജ്യമെമ്പാടും നിലനിന്നിരുന്നു. വ്യവസായ വാണിജ്യഗിൽഡുകൾ എല്ലായിടത്തും കർമ്മമണ്ഡലം തീർത്തു. ഗിൽഡുകളെക്കുറിച്ച് പ്രൊഫ. ദണ്ഡേക്കരുടെ വരികൾ "ഗിൽഡ് പ്രസിഡന്റ്, കച്ചവടക്കാർ, പ്രധാനികൾ, ഗിൽഡ് സംഘങ്ങൾ, (അവരുടെ ഉത്തരവാദിത്വം) എന്നിവരുടെ ക്രമീകരണത്തെക്കുറിച്ചുള്ള വിവരണം ആധുനിക കാലഘട്ടത്തിലേതിനെ വെല്ലുന്ന ഒരു അത്ഭുത സാമ്പത്തിക പ്രതിഭാസമായിരുന്നു. സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക കാര്യങ്ങളിൽ ഈ ഗിൽഡുകളുടെ സ്വാധീനം അവർണനീയമായിരുന്നു".

ഈ ഗിൽഡുകളുടെ പ്രവർത്തനം വ്യക്തമായ നിയമാവലികൾക്കനുസരിച്ചായിരുന്നു നടന്നിരുന്നത്. പരസ്പരം സഹായ സഹകരണത്തോടെ പ്രവർത്തിക്കുവാനും അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞു തീർക്കുവാനും ഗിൽഡ് നേതൃത്വം എല്ലായിപ്പോഴും സന്നദ്ധമായിരുന്നു. ആവശ്യമെന്നു കണ്ടാൽ സ്വയം ആയുധമെടുത്ത് ഗിൽഡിനേയും രാഷ്ട്രത്തെയും സംരക്ഷിക്കാനും അവർക്കുണ്ടായിരുന്ന സംവിധാനം അത്ഭുതകരമായിരുന്നു. സാങ്കേതികവും, വിജ്ഞാനപ്രദവുമായ വിദ്യാഭ്യാസം ഗിൽഡ് അംഗങ്ങൾക്ക് നൽകുന്ന ഉത്തരവാദിത്വവും അവരുടെ നേതൃത്വം (Sponsorship) ഏറ്റെടുത്തിരുന്നു.

വൻവ്യവസായികളും സാങ്കേതിക വിദഗ്ദ്ധരും പ്രത്യേകം ഗിൽഡുകൾ ഉണ്ടാക്കിയിരുന്നു. ഇവരിൽതന്നെ തൊഴിലാളി സംഘടനകളും പ്രതിനിധികളും വിലനിയന്ത്രണ അധികാര സമിതിയും, സാമ്പത്തിക സഹകരണത്തിനുള്ള ബാങ്കുകളും, കടം കൊടുക്കുന്നവരും, വാങ്ങിക്കുന്നവരും എല്ലാം ചേർന്നിരുന്നു. ഒരു സമഗ്രപ്രവർത്തന സംഘമായിട്ടായിരുന്നു ഈ ഗിൽഡുകളുടെ പ്രവർത്തനം.



Scanned with CamScanner

സമ്പദ്സമൃദ്ധമായ ഈ രാജ്യത്ത് കലയും, സാഹിത്യവും സ്വമേധയാ വളർന്ന് വികസിച്ചുകൊണ്ടേയിരുന്നു. ഇപ്രകാരമൊരു സമഗ്രവികസനം ഉണ്ടായിരുന്നതിനാലാണ് ഗുപ്തകാലഘട്ടം ഭാരതത്തിന്റെ സുവർണകാലഘട്ടമായി അറിഞ്ഞുപോരുന്നത്. ഒരു രാജ്യത്തിന്റെ ചൈതന്യം നിറഞ്ഞ കാലഘട്ടത്തെക്കുറിച്ച് ഇതിൽ കൂടുതൽ എഴുതുവാൻ സാധ്യമല്ല. ഗുപ്തകാലത്തിന്റെ ചൈതന്യം പ്രസരിക്കുന്ന നൂറ്റാണ്ടുകളിൽ (AD 100 - AD 400) ചിന്താതീതമായ ഒരു ഭൂതകാലത്തിൽ ഇന്നാട്ടിൽ നിലനിന്നിരുന്ന ഈ സമ്പദ്സമൃദ്ധി, വർദ്ധന സാമ്രാജ്യത്തിലും, ഹർഷവർദ്ധനനിലൂടെ ഹ്യൂയാൻത്സാങ് വിവരിക്കുന്നു. അതുംകൂടി സംക്ഷിപ്തമായെങ്കിലും വായിച്ചറിയണം. ചരിത്രം പഠിക്കാനല്ല, എന്തെല്ലാം നമ്മുടെ ഭാരതത്തിന് നഷ്ടപ്പെട്ടു എന്നറിയണമെങ്കിൽ എന്തെല്ലാം ഇവിടെ ഉണ്ടായിരുന്നു എന്നറിയേണ്ടതല്ലേ. അത് ദേശീയരുടെയും വിദേശീയരുടെയും ലിഖിതങ്ങളിലൂടെ അറിഞ്ഞാലേ സത്യസന്ധവും ശാസ്ത്രീയവുമാവുകയുള്ളു. അതുകൊണ്ടു ആദ്യത്തെ അറേബ്യൻ ആക്രമം (ഭാരതത്തിലേക്ക്) നടക്കുന്നതിനുമുമ്പ് ഭാരതത്തിന്റെ അവസ്ഥയും നമ്മളറിയണം.

## പ്രായോഗിക ധർമ്മശാസ്ത്രം

## രാമായണ സന്ദേശത്തിലെ ധാർമ്മിക മൂല്യങ്ങൾ

ഭാരതീയ പൈതൃകപഠനത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമാണ് പൈതൃകഗ്രന്ഥപഠനത്തിനുള്ളത്. അവതാരമായ ശ്രീരാമന്റെ ചരിത്രം വിവരിക്കുന്ന രാമായണം, പാണ്ഡവ-കൗരവ ചരിത്രം വിവരിക്കുന്ന മഹാഭാരതം എന്നീ രണ്ട് ഇതിഹാസങ്ങളാണുള്ളത്. വാൽമീകി മഹർഷി എഴുതിയ രാമായണത്തിൽ ചരിത്രഭാഗങ്ങൾ, ശ്രീരാമജനനം മുതൽ സ്വർഗാരോഹണം വരെ, ശ്രീരാമനെ കേന്ദ്രീകരിച്ചാണ് നൽകിയിരിക്കുന്നത്. ഇവിടെ ആദികാവ്യമായ രാമായണത്തിന്റെ സംക്ഷിപ്തം മാത്രം വിവരിക്കാം.

വാൽമീകി മഹർഷി എഴുതിയ രാമായണത്തിൽ ഏഴു പ്രധാന കാണ്ഡങ്ങളുണ്ട് (ഭാഗങ്ങൾ) അവ ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ദാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം എന്നിവയാണ്. യഥാക്രമം 77, 119, 75, 69, 68, 128, 11 അദ്ധ്യായങ്ങളാണ് ഈ കാണ്ഡങ്ങളിലുള്ളത്.



Scanned with CamScanner

547 അദ്ധ്യായങ്ങളുള്ള ഒരു ഗ്രന്ഥമാണ് രാമായണം. ഇത് ത്രേതാ യുഗത്തിൽ രചിച്ചതാണ്. ഭാരതീയ ജീവിതത്തിൽ ശ്രീരാമ ചരിതത്തിന് മഹത്തായ സ്ഥാനമുണ്ട്. അതുകൊണ്ടു തന്നെ നമ്മളിൽ ഓരോരുത്തരും ഇത് സംക്ഷിപ്തമായിട്ടാണെങ്കിലും പഠിച്ചിരിക്കണം.

രാമായണം തുടങ്ങുന്നതു തന്നെ ശ്രീരാമചരിത്രം നാരദമഹർഷി സംക്ഷിപ്തമായി വിവരിക്കുന്ന രീതിയിലാണ്. തമസാ നദിയുടെ തീരത്ത് തപസ്സു ചെയ്തുകൊണ്ടിരുന്ന വേളയിൽ രണ്ടു ഇണപക്ഷികളിലൊന്നിനെ ഒരു വേടൻ അമ്പെയ്തു വീഴ്ത്തിയതു കണ്ടു നിന്ന വാൽമീകി തുടർന്ന് ശ്രീരാമചരിതം വിസ്തരിച്ചെഴുതുകയാണുണ്ടായത്. രാമായണത്തിന്റെ അവസാനഭാഗത്ത്, വാൽമീകിയും, രാമായണത്തിന്റെ തന്നെ ഭാഗമായിത്തീരുന്നുണ്ട്.

അയോദ്ധ്യ എന്ന പുണ്യദേശം ഭരിച്ചിരുന്ന അതിപ്രശസ്തനായ ചക്രവർത്തിയായിരുന്നു ദശരഥൻ. പുത്രന്മാരില്ലാത്ത ദുഃഖത്താൽ അദ്ദേഹം പുത്രകാമേഷ്ടി യാഗം നടത്തി. ഈശ്വരാനുഗ്രഹത്താൽ ദശരഥപത്നിമാരായ കൗസല്യ ശ്രീരാമനും, കൈകേയി ഭരതനും സുമിത്ര ലക്ഷ്മണ ശത്രുഘ്നന്മാർക്കും ജന്മം നൽകി. വളരെ സന്തോഷത്തോടെ അതിവിസ്തൃതമായ അയോദ്ധ്യാ രാജ്യ ചക്രവർത്തിയുടെ പരിലാളനയോടെ രാമ-ലക്ഷ്മണ-ഭരത-ശത്രുഘ്നന്മാർ വില്ലാളി വീരന്മരായി, എല്ലാ അറിവുകളും യഥാകാലം സ്വീകരിച്ചുകൊണ്ട് വളർന്നു.

ഋഷിവര്യന്മാർ നടത്തുന്ന ശ്രേഷ്ഠമായ യാഗത്തെ ആസുരീക ശക്തികളിൽ നിന്നും സംരക്ഷിക്കുക എന്നത് രാജാവിന്റെ കർത്തവ്യങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു. വേദങ്ങളെഴുതിയ, വിശ്വാമിത്രകുലത്തിലെ ഋഷിവര്യന്മാർ നടത്തുന്ന യാഗ സംരക്ഷണത്തിന്, ദശരഥൻ അയച്ചത് ശ്രീരാമലക്ഷ്മണന്മാരെയാണ്. അവർക്ക് നന്മതിന്മകളറിയാനും, ലോകപരിചയം ലഭിക്കുവാനും, യുദ്ധകാര്യങ്ങളിലേർപ്പെടേണ്ടതെങ്ങിനെയെന്ന് പ്രായോഗികമായി അറിയുവാനും ലഭിക്കുന്ന സന്ദർഭങ്ങളായിത്തീർന്നു, ഈ യാത്ര. വിശപ്പും ദാഹവും മന്ത്രശക്തി/ മനഃശക്തി കൊണ്ടില്ലാതാക്കാൻ സാധിക്കുമെന്ന് വിശ്വാമിത്രൻ അവരെ പഠിപ്പിച്ചു. കൂടാതെ യാത്രാമദ്ധ്യേ പരമാവധി അറിവു നേടുയെടുക്കുവാൻ അവസരം നൽകുന്നതിനായി ശ്രേഷ്ഠന്മാരായ ഋഷിവര്യന്മാരുടെ ആശ്രമങ്ങളിലായിരുന്നു ശ്രീരാമലക്ഷ്മണന്മാരുടെ താമസം.

അനവധി ഋഷിവര്യന്മാരുടെ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് അവർ ജനകരാജ്യത്തിലെത്തി. ജനകപുത്രിയായ സീതയെ വിവാഹം കഴിക്കുവാൻ നിശ്ചയിക്കുകയും. പിന്നീട് കുലഗുരുവായ വസിഷ്ഠന്റെ അനുഗ്രഹത്തോടെ ശ്രീരാമ-സീതവിവാഹം നടക്കുകയും ചെയ്തു.



Scanned with CamScanner

അവതാരങ്ങളുണ്ടാകുന്നത് മഹാവിഷ്ണുവിന്റെ ചൈതന്യാംശത്തിലൊരു ഭാഗമാണ്. മഹാവിഷ്ണുവിന്റെ തന്നെ അംശമായ ശ്രീരാമനും, പത്തവതാരങ്ങളിൽ ചിരഞ്ജീവിയായിത്തീർന്ന പരശുരാമനും ഈ യാത്രവേളയിൽ പരസ്പരം കാണുന്നുണ്ട്. വിശ്വാമിത്രയജ്ഞസംരക്ഷണമെല്ലാം കഴിഞ്ഞ് അയോദ്ധ്യയിൽ കഴിയുന്ന കാലത്താണ് ശ്രീരാമനെ അയോദ്ധ്യയുടെ യുവരാജാവായി വാഴിക്കാൻ ദശരഥൻ തീരുമാനിക്കുന്നത്. ഇത്രയും വിവരങ്ങൾ ഒന്നാം കാണ്ഡമായ ബാലകാണ്ഡത്തിൽ സവിസ്തരം 77 അദ്ധ്യായങ്ങളിൽ നൽകിയിരിക്കുന്നു.

വിജയശ്രീലാളിതനായി മടങ്ങിവന്ന ശ്രീരാമൻ, ദശരഥന്റെ ആദ്യത്തെ പുത്രനായതിനാൽ പിതാവിനുശേഷം രാജ്യം ഭരിക്കുവാനുള്ള പ്രായോഗികജ്ഞാനത്തിനുവേണ്ടി, യുവരാജാവായി അഭിഷേകം ചെയ്യുവാനുള്ള തീരുമാനമുണ്ടാകുന്നു. രാജകൊട്ടാരം അതീവ സന്തോഷത്തിലായിരുന്നുവെങ്കിലും, ഭരതന്റെ മാതാവായ കൈകേയിക്ക് തന്റെ പുത്രനെ അയോദ്ധ്യയിലെ യുവരാജാവാക്കി വാഴിക്കണമെന്ന ആഗ്രഹം തോന്നി. മന്ദര എന്ന ഒരു ദുർബുദ്ധിയുടെ ദുരുപദേശം ശ്രവിച്ചതുകൊണ്ടാണ്, കൈകേയിക്ക് ഇപ്രകാരം ഒരു നിർബന്ധമുദിച്ചത്. ശ്രീരാമനെ മാറ്റി നിർത്തി ഭരതനെ ആ സ്ഥാനത്തേക്ക് അവരോധിക്കുവാൻ ദശരഥൻ തയ്യാറാകുകയില്ല എന്ന് വ്യക്തമായി അറിയാവുന്ന കൈകേയി തനിക്ക്, ദശരഥനിൽ നിന്ന് ലഭിച്ച രണ്ടു വാഗ്ദാനങ്ങൾ നിറവേറ്റിത്തരണമെന്ന് ശഠിച്ചു. രഥത്തിലെ ആണി യുദ്ധക്കളത്തിൽ വച്ച് ഊരിപോകാതെ സംരക്ഷിച്ച്, ദശരഥന് യുദ്ധത്തിൽ വിജയം കാണാൻ സഹായിച്ചതിനുള്ള സന്തോഷാധിക്യത്താലാണ് അദ്ദേഹം കൈകേയിക്ക്, എന്തു വേണമെങ്കിലും ആവശ്യപ്പെടാനുള്ള അവകാശം നൽകികൊണ്ട് രണ്ടു വാഗ്ദാനങ്ങൾ പണ്ട് നൽകിയത്. ഈ വാഗ്ദാനങ്ങൾ കൈകേയി മന്ദരയുടെ ഉപദേശപ്രകാരം, ദശരഥനോട് ചോദിക്കുകയാണുണ്ടായത്.

വാഗ്ദാനപാലനത്തിനായി, ശ്രീരാമൻ വനവാസം സ്വീകരിക്കണമെന്നും രണ്ടാമതായി ഭരതനെ അയോദ്ധ്യയിലെ യുവരാജാവായി വാഴിക്കണമെന്നുമായിരുന്നു, കൈകേയി ദശരഥനോട് ആവശ്യപ്പെട്ടത്. ദശരഥൻ തന്റെ പത്നിക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാനായി ദുഃഖത്തോടെ ശ്രീരാമനെ വനവാസത്തിനയക്കുന്നു. പത്നി സീതയോടും സഹോദരൻ ലക്ഷ്മണനോടുമൊപ്പം ശ്രീരാമൻ അയോദ്ധ്യ നഗരിവിട്ടിറങ്ങുന്നു.

തന്റെ മാതാവിന്റെ ദുഷ്ചെയ്തിയിൽ വേദനിച്ച ഭരതൻ ഈ സംഭവങ്ങൾക്കുത്തരവാദിയായ കൈകേയിയെ വിമർശിക്കുന്നു. ശ്രീരാമന്റെ വേർപാടിലുണ്ടായ ദുഃഖഭാരത്താൽ ദശരഥൻ മരണം സംഭവിച്ചു. ഭ



Scanned with CamScanner

തനോട്, രാജ്യഭാരം ഏൽക്കാൻ വസിഷ്ഠൻ ആവശ്യപ്പെട്ടുവെങ്കിലും ശ്രീരാമനെ തിരിച്ചുകൊണ്ടുവരാനുള്ള ആഗ്രഹത്താൽ ഭരതനും വസിഷ്ഠനും ചേർന്ന് ശ്രീരാമന്റെയടുത്ത് ചെന്ന് ആവശ്യപ്പെടുന്നു. എന്നാൽ പിതാവിന്റെ വാക്ക് പാലിക്കപ്പെടണമെന്നും ഭരതൻ രാജ്യഭാരം ഏൽക്കണമെന്നും ശ്രീരാമൻ ഉപദേശിക്കുകയാണുണ്ടായത്.

അയോദ്ധ്യാകാണ്ഡത്തിലെ 119 അദ്ധ്യായങ്ങളിൽ വിവരിക്കുന്നതാണീ വിഷയങ്ങൾ. ഇവിടെ രാമായണം പഠിക്കുന്ന വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ട മഹത്തായ സന്ദേശങ്ങളിതാണ്.

1. ഏതു നല്ല മനസ്സും ദുഷ്ടന്മാരുടെ ഉപദേശം കേട്ടാൽ മാറും. നല്ലവർ തിന്മയുടെ വഴികളിലൂടെ ചലിച്ചാൽ പരിണതഫലം നാശമായിരിക്കും. ഇത് കൈകേയി- മന്ദരമാരിൽ നിന്നറിയണം.
2. എത്രകാലം കഴിഞ്ഞാലും ജീവിതത്തിലാർക്ക് വാക്ക് കൊടുത്തിട്ടുണ്ടെങ്കിലും എന്തു സംഭവിച്ചാലും അതുപാലിക്കപ്പെടണം - ദശരഥനിൽ നിന്നും പഠിക്കണം.
3. ആർക്കാണെങ്കിലും എന്തെന്തു വാഗ്ദാനം ചെയ്യുമ്പോഴും പരിണതഫലം സൂക്ഷ്മമായി ചിന്തിക്കണം- ദശരഥാനുഭവം ഓർമ്മിക്കണം.
4. രണ്ടുമൂന്നു കർത്തവ്യങ്ങൾ ഒരുമിച്ചു ചെയ്യേണ്ടതായി വരുമ്പോൾ സത്യം, ധർമ്മം, നീതി, ന്യായം ഇവക്കാണ്, വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളെക്കാൾ മഹത്വം കൽപിക്കേണ്ടി വരുക- ശ്രീരാമന്റെ വനത്തിലേക്കുള്ളയാത്രാനിശ്ചയം ശ്രദ്ധിക്കുക.
5. സുഹൃത്തുക്കളായാലും കുടുംബാംഗങ്ങളായാലും, പലകാരണങ്ങളാലും അവർക്കും സ്വാർത്ഥതയുണ്ടാകാം. അതും മുൻകൂട്ടി കാണുവാൻ സാധിക്കണം.
6. അച്ഛന്റെ വാക്ക് പാലിക്കപ്പെടേണ്ടത് മകനിലൂടെയാണ്. ഇന്നും എന്നും നാം അറിയപ്പെടുന്നത് ഇന്ന വ്യക്തിയുടെ മകൻ എന്ന പേരു കൂട്ടി ചേർത്താണ്.
7. സത്യം, ധർമ്മം എന്നിവ പരിപാലിക്കാൻ മഹത്തായത്യാഗം ശ്രീരാമനെ പോലെ, ഒരവതാരമാണെങ്കിൽ പോലും ചെയ്യേണ്ടതായിവരും. ശാന്തമായി അതഭിമുഖീകരിക്കാൻ രാമയണത്തിലെ അനുഭവം നമ്മെപഠപ്പിക്കുന്നു.
8. അച്ഛന്റെ വാക്ക് പാലിക്കുവാൻ സർവ്വദാ സന്നദ്ധനായ ശ്രീരാമനെപ്പോലെ സ്വന്തം കർത്തവ്യം, നിർവഹിക്കുന്ന ശ്രീരാമകർമ്മസന്ദേശം എന്നും മനസ്സിൽ സൂക്ഷിക്കാം.



Scanned with CamScanner

9. ഭർത്താവിന്റെ കൂടെ കാട്ടിൽ സുഖദുഃഖങ്ങളനുഭവിക്കുവാൻ ജനക രാജാവിന്റെ പുത്രിയും പുറപ്പെടുന്നു. ഈ ഭാര്യാധർമ്മം ഭാരതീയ പൈതൃകത്തിലെ ഉജ്ജ്വലമായ ജീവിതസന്ദേശമാണ്.

10. സ്വന്തം സുഖസൗകര്യങ്ങളെ ത്യജിച്ച് ശ്രീരാമനോടൊപ്പം ഇറങ്ങിയ ലക്ഷ്മണൻ സഹോദരബന്ധത്തിന്റെ തിളങ്ങുന്ന ഭാരതീയ മാതൃകയാണ്.

11. തനിക്കർഹിക്കാത്തത് വന്നു ചേർന്നപ്പോൾ അതിനുകാരണമായത് അമ്മയാണെങ്കിൽ പോലും എതിർത്ത ഭരതന്റെ വരികൾ, ഭാരതീയ ധാർമ്മീക ബോധത്തിന്റെ പ്രകാശധോരണിയാണ്.

12. തന്നിലർപിച്ച ഉത്തരവാദിത്വം അതർഹിക്കുന്ന കൈകളിലേക്ക് തന്നെ കൊടുക്കുവാൻ പോയ ഭരതന്റെ വലിയ മനസ്, ഇന്നും എന്നും മാതൃകയാകേണ്ടതാണ്.

13. ഉത്തരവാദിത്വം ഏൽക്കേണ്ടി വരുമ്പോൾ പതറാതെ, പിതാവിനു തുല്യനായ ജ്യേഷ്ഠന്റെ പാദുകത്തെ സാക്ഷി നിർത്തി ചെയ്യുവാൻ ഏറ്റെടുത്ത ഭരതൻ, രാമായണസന്ദേശത്തിന്റെ ഉജ്ജ്വല ദീപമാണ്.

14. ഏതു വിഷമഘട്ടങ്ങളിലും ആത്മീയതയുടെ ചൈതന്യം ചേർത്ത ഉപദേശവും, മാർഗ നിർദേശവും നൽകുന്ന വസിഷ്ഠമഹർഷി രാജാധികാരം ധാർമ്മീകതയുമായി ചേർക്കുന്നതെങ്ങിനെയെന്ന് നമ്മെ പഠിപ്പിക്കുന്നു.

15. ആസുരികശക്തികളുടെ നിഗ്രഹത്തിനായി അവതാരമെടുത്ത ശ്രീരാമനും സീതയും കാട്ടിലേക്കുപോകേണ്ടത് ആവശ്യമായതിനാൽ അതിലൂടെ രാവണനിഗ്രഹം സാധ്യമാകേണ്ടതിനാലും മന്ഥരയും കൈകേയിയും, വാഗ്ദാനവും, ഭരതനും എല്ലാം വെറും നിമിത്തങ്ങൾ മാത്രം. നാം എന്തെല്ലാം ചെയ്യണമെന്നും നമ്മെക്കൊണ്ട് എന്തെല്ലാം ചെയ്യിക്കണമെന്നും പ്രകൃതിയിലെ ഒരു ശക്തി നിശ്ചയിച്ചിട്ടുണ്ട്. അതു നിറവേറ്റാൻ ഇതെല്ലാം സംഭവിച്ചേ പറ്റൂ- ഇതാണ് നിയതി (destiny)

ഇനി നമുക്ക് രാമയണത്തിലേക്കു വീണ്ടും കടക്കാം. ശ്രീരാമൻ, സീത, ലക്ഷ്മണൻ ഇവർ പതിനാലുവർഷക്കാലം വനത്തിൽ വസിക്കുന്ന ചരിത്രമാണ് ആരണ്യകാണ്ഡത്തിലെ വിവരണം.

വനവാസകാലത്ത് അധാർമ്മിക ശക്തികളെയും ആസുരീക ശക്തികളെയും നിഗ്രഹിച്ച്, മഹർഷിമാരുടെ ആശ്രമങ്ങളിൽ വസിച്ച്, ഭാരതത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും അറിഞ്ഞ് വർഷങ്ങൾ



Scanned with CamScanner

നീക്കുന്ന സഞ്ചാരമാക്കിയിരുന്നു അത്. പതിനാലു രാക്ഷസന്മാരുമായി ഉണ്ടായ പോരാട്ടത്തിൽ 13 രാക്ഷസന്മാരും വധിക്കപ്പെടുകയും, അകമ്പനാർ എന്ന രാക്ഷസൻ സീതാ-രാമ- ലക്ഷ്മണന്മാരെക്കുറിച്ച് രാവണനു വിവരം നൽകുകയും ചെയ്തത് ഈ സമയത്താണ്. സീതാദേവിയുടെ വിവരണം ലഭിച്ച രാവണന്, സീതയെ സ്വന്തമാക്കണമെന്ന് ആഗ്രഹം തോന്നി. മാരീചൻ എന്ന മായാവിയായ അസുരന്റെ സഹായത്തോടെ രാവണൻ, സാധിക്കുവാൻ ശ്രമിക്കുന്നു. മാരീചന്റെ കുത്സിതബുദ്ധിയിലുദിച്ച നാടകത്തിൽ, ലക്ഷ്മണനും, ശ്രീരാമനും ഇല്ലാത്ത അവസരത്തിലാണ് സീതാപഹരണം നടക്കുന്നത്. രാവണന്റെ വിമാനത്തിൽ ലങ്കയിലെത്തിയ സീതക്ക് രാക്ഷസകുലജാതർ നൽകുന്ന വരവേൽപ്, വാൽമീകി സുദീർഘമായി വിവരിക്കുന്നു.

രാവണനെ തടഞ്ഞ ജഡായുവിന്റെ മരണം, നല്ലവനായ കബന്ധൻ എന്ന രാക്ഷസൻ രാമനു നൽകുന്ന ലങ്കാപുരി വിവരണം, സുഗ്രീവസഹായത്താൽ രാവണനെ നേരിടാൻ കബന്ധന്റെ ഉപദേശവും ശ്രീരാമലക്ഷ്മണന്മാർ ശബരിയുടെ ആശ്രമത്തിലെത്തി ആതിഥ്യവും മാർഗനിർദേശങ്ങളും സ്വീകരിച്ചുള്ള ആരണ്യയാത്രയും രാമായണചരിതത്തിന്റെ ഈ കാണ്ഡത്തിലെ ഭാഗമാണ്.

ഇവിടെ നാം ഓർമ്മിക്കുവാനുള്ളത് :

1. കാനനവാസത്തിലെ വേദനയിലും ദുഃഖത്തിലും നന്മനിറഞ്ഞ അറിവുകൾ സ്വീകരിക്കുവാനും, തിന്മകളെ ഉന്മൂലനം ചെയ്യുവാനും ശ്രീരാമലക്ഷ്മണന്മാർ സമയം ചിലവഴിക്കുന്നു. ആസുരിക ശക്തികളെ നിഗ്രഹിക്കുന്നതിന് ഈ വനവാസം ആവശ്യമായിരുന്നു എന്നു വ്യക്തമാക്കുന്നു.

2. എല്ലായിടത്തും അവർ വസിച്ചത് ആശ്രമങ്ങളിലായിരുന്നു. എളിമയുടെ അടിത്തട്ടിലുള്ള ജീവിതം യുവജപദവിയിലിരിക്കേണ്ട രാമന് വേദനയുണ്ടാക്കിയില്ല. ഒരു രാജധാനിയിലും അവർ വസിച്ചില്ല.

3. എല്ലാത്തിന്റേയും എല്ലാ കാരണങ്ങളെയും ഇല്ലാതാക്കുവാൻ ആർക്കും സാധിച്ചു എന്നു വരില്ല. പതിമൂന്നു രാക്ഷസരെ വധിച്ചപ്പോൾ അകമ്പനാർ രക്ഷപ്പെട്ട്, രാവണനെ വിവരം അറിയിച്ചു. സീതാപഹരണത്തിന് കാരണമുണ്ടാക്കി. രാവണ നിഗ്രഹത്തിന് ഒരു കാരണമുണ്ടാകണം എന്നത് പ്രകൃതി നിയമമായിരുന്നു. അത് അകമ്പനാറിലൂടെ സാധിച്ചു.

4. ഒരു വംശത്തിലെ എല്ലാവരും ദുഷ്ടന്മാരല്ല എന്നു നമ്മെ പ്രത്യേകം ഓർമ്മിപ്പിക്കുന്നത് നന്മ നിറഞ്ഞ കബന്ധൻ എന്ന രാക്ഷസകുലജാതൻ രാമന് എല്ലാ മാർഗനിർദേശവും നൽകുന്നതിലൂടെയാണ്.

5. ധാർമ്മീകശക്തികൾക്ക് പ്രകൃതിയിലെ ജീവജാലങ്ങളും സഹായമെത്തിക്കുകതന്നെ ചെയ്യുമെന്നതിന് തെളിവാണ് ജഡായു എന്ന പക്ഷിയിലൂടെ വാൽമീകി നമ്മെ അറിയിക്കുന്നത്.

6. പത്നീ വിരഹദുഃഖത്തിലും ജഡായു എന്ന ചെറുജീവിയുടെ അന്ത്യകർമ്മങ്ങൾ നിറവേറ്റാൻ തയ്യാറായ ശ്രീരാമന്റെ ഭൂതദയ അവിസ്മരണീയമായി നിലനിൽക്കണം. പ്രകൃതിയോട് മനുഷ്യൻ അനുവർത്തിക്കേണ്ട കുടുംബ ബന്ധം ഇവിടെ പ്രത്യക്ഷമാകുന്നു.

7. ഒരു കാട്ടുജാതി സ്ത്രീ എന്നു പറയാമെങ്കിൽ പോലും, ശബരിയുടെ അതിഥിമര്യാദ അത് അർഹിക്കുന്ന പവിത്രതയോടെ സ്വീകരിച്ച ശ്രീരാമന്റെ എളിമ. അറിവ്, മര്യാദ, നന്മ, ലോകപരിചയം ഇവ ഏതു കാട്ടിൽ വസിച്ചാലും ലഭ്യമാക്കാവുന്നതേയുള്ളൂ! ശബരിയിൽ നിന്നു നാമിതു പഠിക്കണം.

8. ഇനിയെന്തു ചെയ്യണമെന്നതിനെക്കുറിച്ചുള്ള വിവരം ശബരിയിൽ നിന്നും, കബന്ധനിൽ നിന്നും ജഡായുവിൽ നിന്നും ശേഖരിക്കുവാൻ തയ്യാറായ ശ്രീരാമൻ നന്മയുടെ ഉപദേശം എല്ലായിടത്തുനിന്നും സ്വീകരിക്കുവാൻ സ്വകർമ്മത്തിലൂടെ നമുക്ക് ഉപദേശം തരുന്നു .

9. നമ്മുടെ നന്മമാത്രം ഉദ്ദേശിക്കുന്നവരുടെ ഉപദേശം തിരസ്കരിച്ച സീതാദേവിക്കുണ്ടായ അനുഭവവും നമ്മുടെ മനസ്സിലുണ്ടാകണം. ഇതും നിയതിക്ക് പന്ഥാവൊരുക്കുന്നതിനു കാരണമാകാം.

10. അങ്ങ്, വടക്ക് അയോദ്ധ്യയിൽ വാണരുളിയ ദശരഥന്റെ പുത്രൻ ഇങ്ങ്, തെക്ക് ജഡായുമംഗലം, ചടയമംഗലം, ശബരി (മലയുടെ പേര്) എന്നെല്ലാം ഇന്നും നാം വിളിക്കുന്ന സ്ഥലം വരെയെത്തി, ഈ നാടിന്റെ ഏകത ത്രേതാ യുഗത്തിൽ തന്നെ തെളിയിച്ച വരികൾ സ്മരണയിലുണ്ടാകണം.

ഇത്രയും വാൽമീകി വിവരിക്കുന്നത് ആരണ്യകാണ്ഡത്തിലെ 75 അദ്ധ്യായങ്ങളിലൂടെയാണ്

ഇനി നമുക്ക് കിഷ്കിന്ദാകാണ്ഡത്തിലൂടെ ശ്രീരാമചരിതം നോക്കാം. ശബരിയും മറ്റുള്ളവരും നൽകിയ ഉപദേശമനുസരിച്ച് ശ്രീരാമനും ലക്ഷ്മണനും സുഗ്രീവനെ കാണുവാൻ കിഷ്കിന്ദയിലേക്ക് പുറപ്പെട്ടു. ഇവിടെവെച്ചാണ് ഹനുമാനെ അവർ പരിചയപ്പെടുന്നത്. അത്ഭുതകരമായ വസ്തുത ഹനുമാൻ എന്ന പേര് ആന്ദമാൻ എന്ന പേരുമായി ബന്ധപ്പെട്ടിരിക്കുന്നു. (ഈ ദ്വീപുകൾക്ക്, മലേഷ്യൻ ഭാഷയിൽ ഇന്നും ഹനുമാൻ എന്നു തന്നെയാണ് പേര്) ഒരു പക്ഷേ ബംഗാൾ കടലിലെ ഈ ദ്വീപസമൂഹങ്ങളിൽ വസിച്ചിരുന്നവർ ഭാരതത്തിലെ



Scanned with CamScanner

അവിഭാജ്യഘടകമായിരുന്നു എന്നതിനുത്തമ തെളിവാണ് ഹനുമാനു മായുള്ള ബന്ധം. കിഷ്കിന്ദയിൽ വെച്ച് ദുരാചാരിയും, അഹംഭാവിയും, തന്റെ ആസുരികശക്തിയിൽ സർവതിനേയും അതിക്രമിക്കാൻ മടികാ ണിക്കാത്തവനുമായ ബാലിയെ വധിച്ച്, വർഷകാലം, കഴിയും വരെ കാത്തിരുന്ന് -ശ്രീരാമലക്ഷ്മണന്മാർ, സുഗ്രീവന്റെയും മറ്റുള്ളവരുടെയും സഹായത്തോടെ, സീതാന്വേഷണത്തിനായി പുറപ്പെടുന്ന വിവരണ മാണ് 69 അദ്ധ്യായങ്ങളിൽ ഈ കാണ്ഡത്തിൽ നൽകിയിരിക്കുന്നത്.

1. അതിശക്തനും അധാർമ്മികനുമായ ശത്രുവിനെ(രാവണനെ) നേരി ടാൻ പലരുടേയും സഹായം ആവശ്യമാണ്.
2. ഈശ്വരീയ ശക്തിയോടൊപ്പം മനുഷ്യപ്രയത്നവും ആവശ്യമാണ്. പലതും ചേർന്ന് പ്രവർത്തിച്ചാലെ വലിയകാര്യങ്ങൾ ചെയ്തു തീർക്കുവാൻ സാധിക്കൂ.
3. പലരും ചേരുമ്പോൾ അതിൽ പലതരത്തിൽപ്പെട്ടവരും പലതരം കഴി വുള്ളവരുമുണ്ടാകും, അതെല്ലാം പ്രയോജനപ്പെടുത്തണം.
4. ചിലകാര്യങ്ങൾ നേടിയെടുക്കാൻ വലിയ പ്രത്യുപകാരം ചെയ്യേണ്ടി വരും. ബാലി നിഗ്രഹത്തിലൂടെ സുഗ്രീവനെ വാഴിക്കേണ്ടി വന്നത് അതിനാലാകാം.
5. ചെയ്യുന്ന കാര്യങ്ങളെല്ലാം സമൂഹത്തിന്റെ മുമ്പിൽ ന്യായീകരിക്ക പ്പെട്ടുകൊള്ളണമെന്നില്ല. ബാലിയെ ഒളിയമ്പെയ്തു വീഴ്ത്തേണ്ടി വന്നപ്പോൾ അടുത്ത ജന്മത്തിൽ വേടനായി ജനിച്ച് തിരിച്ച് അപ്രകാരം ചെയ്യാൻ അവസരം നൽകുമെന്ന് വാഗ്ദാനം നൽകേണ്ടിടത്ത് ശ്രീരാമൻ അതു ചെയ്തു.
6. മനുഷ്യജന്മമെടുത്ത എല്ലാവർക്കും പരിമിതികളുമുണ്ട്. അതിശക്ത നായ ബാലിക്ക് തന്നോടുയുദ്ധം ചെയ്യുന്നവന്റെ ഇരട്ടിശക്തി ലഭി ക്കാതിരിക്കാൻ ഇതൊരുമാർഗം കൂടിയെ കഴിയുമായിരുന്നുള്ളൂ. ശ്രീരാമൻ പരിമിതിയുള്ള പച്ച മനുഷ്യരൂപത്തിലുള്ള മനുഷ്യനായ അവതാരമാണ് എന്ന് നാം ഓർമ്മിക്കണം.

എല്ലാവരുടേയും പ്രോത്സാഹനത്തിലൂടെ ഹനുമാൻ ലങ്കയിലേ ക്കു പോയി, സീതാദേവിയുണ്ടോ എന്നും, ലങ്കാദ്വീപിലെ പ്രത്യേകത കളെന്തെന്നും പരിശോധിക്കുവാൻ എല്ലാതടസ്സങ്ങളും തൃണവൽഗണിച്ച് ലങ്കയിലെ അശോകവനത്തിലെത്തി സീതയെ കാണുകയും, രാവണ സേനയുടെ ആക്രമണത്തിൽ നിന്നും വിജയശ്രീലാളിതനായി, ലങ്കാദ ഹനവും കഴിഞ്ഞ് തിരിച്ചുവരുന്നു. ഹനുമാൻ ശ്രീരാമന് ലങ്കയിലെ വിവ



Scanned with CamScanner

രണം നൽകുന്നു. ലങ്കയിൽ ഉണ്ടാകുവാൻ പോകുന്ന സർവനാശത്തെക്കുറിച്ച് തൃജഡ എന്ന രാക്ഷസകുല ജാത മുന്നറിയിപ്പു നൽകുകയും. സീതയെ, അവർ അമ്മയെപ്പോലെ സാന്ത്വനിപ്പിക്കുകയും ചെയ്യുന്നു. ഇതാണ് സുന്ദരകാണ്ഡത്തിലെ 68 അദ്ധ്യായവിവരണ സംക്ഷിപ്തം.

1. വളരെ ശാന്തനും താഴ്മയുള്ളവനുമായ ഹനുമാനെ പ്രോത്സാഹിപ്പിച്ചപ്പോൾ ഒരസാധാരണ ശക്തിയുടെ ഉടമയാണ് താനെന്ന ബോധം വന്നു. എല്ലാവരിലും വിവിധ കഴിവുകൾ ഉറങ്ങിക്കിടക്കുന്നു. ആവശ്യാനുസരണം അവയെ ഉത്തേജിപ്പിച്ച് അസാധ്യമെന്നു തോന്നാവുന്ന കാര്യങ്ങൾ പോലും ചെയ്യണം/ ചെയ്യിക്കണം (ഇതിനെ പാശ്ചാത്യലോകം ഹനുമാൻ ഇഫക്റ്റ് എന്നു പറയുന്നു)
2. എന്തുകാര്യം തീരുമാനിക്കുന്നതിനുമുമ്പും എല്ലാവിവരങ്ങളും ശേഖരിക്കുന്ന ശ്രീരാമൻ, ഹനുമാനെ അയച്ചത് അതിനു വേണ്ടിയായിരുന്നു. ആധുനിക മാനേജ്മെന്റ് സന്ദേശവുമതാണ്.
3. മുമ്പോട്ടുള്ള പ്രയാണത്തിൽ അനവധി തടസ്സങ്ങളുണ്ടാകാം, ചിലർ സഹായിക്കാനുമുണ്ടാകാം. ഈ തടസ്സങ്ങളുണ്ടാകുമ്പോൾ കരുത്തോടുകൂടി മുമ്പോട്ടു പോകണം. വലുതാകേണ്ടിടത്ത് വലുതാവുകയും, ചെറുതാകേണ്ടിടത്ത് ചെറുതാവുകയും, ലഭ്യമായ സഹായങ്ങൾ സ്വീകരിക്കുകയും ലക്ഷ്യം മറക്കാതെയിരിക്കുകയും വേണം - ഇതാണ് ഹനുമത്യാത്ര.
4. ആസുരികസമൂഹത്തിലും നന്മയുള്ളവരുണ്ടാകും, തൃജഡയും മണ്ഡോദരിയും നന്മയുടെ അത്യുജ്ജ്വല ഉദാഹരണങ്ങളായി എന്നും സ്മരണയിലുണ്ടാകണം.
5. സർവ്വശക്തിയുമുപയോഗിച്ച്, ബ്രഹ്മാസ്ത്രമുൾപ്പെടെ ഉപയോഗിച്ചും നേരിട്ടപ്പോൾ, അചഞ്ചലനായി ലങ്കയെ ചാരമാക്കി തിരിച്ചുവരാനുള്ള ശക്തിയുണ്ടെന്ന് വ്യക്തമാക്കിയ ഹനുമാൻ ശക്തിയുടെ മാനേജ്മെന്റ് കൂടിയാണ് കാണിച്ചത്. ശാന്തഗംഭീരനായ ഹനുമാൻ, നമ്മുടെ കർമ്മപഥത്തിന് മാതൃകയാകണം!
6. സീതയെ താൻ സന്ദർശിച്ചു എന്നു തെളിവിനായി സീതയുടെ മോതിരം കൂടി കൊണ്ടു വന്ന ഹനുമാൻ, ഏതു കർമ്മം എവിടെ വച്ച് നാം ചെയ്താലും ഓരോന്നിനും തെളിവുകളും രേഖകളുമുണ്ടാകണം എന്നു കർമ്മത്തിലൂടെ നമ്മെ അറിയിക്കുന്നു.
7. നമ്മുടെ ഓരോപ്രവർത്തിയും, നമ്മെ ആശ്രയിക്കുന്നവർക്ക് ആത്മവീര്യം നൽകുന്നതായിരിക്കണം.



Scanned with CamScanner

യുദ്ധകാണ്ഡത്തിലൂടെ ഇനി നമുക്ക് സഞ്ചരിക്കാം!

സുഗ്രീവന്റെ നേതൃത്വത്തിൽ സേതുബന്ധനം കഴിഞ്ഞ് ശ്രീരാമലക്ഷ്മണന്മാരും മറ്റുള്ളവരും ലങ്കയിലെത്തുന്നു. രാവണന്റെ അധാർമ്മിക പ്രവർത്തനത്തിന് കൂടെ നിൽക്കാത്ത വിഭീഷണൻ ശ്രീരാമനോടൊപ്പം ചേരുന്നു. സൈന്യങ്ങൾ തമ്മിലുള്ള യുദ്ധവും, അസാധാരണശക്തിയുള്ള രാവണ സൈന്യത്തിന്റെ ബ്രഹ്മാസ്ത്രത്തിനു മുമ്പിൽ മോഹലസ്യപ്പെട്ടു വീണ ശ്രീരാമ സൈന്യത്തെ സജീവമാക്കിയതിനുശേഷമുള്ള ശ്രീരാമ വിജയവും ശ്രീരാമചരിതത്തിലെ അവിസ്മരിണീയ വിവരണങ്ങളാണ്. ലങ്കയിൽ സീതാരാമസംഗമം നടന്ന് അയോദ്ധ്യയിലേക്കുള്ള തിരിച്ചുവരവ്, ഭരദ്വാജ ആശ്രമത്തിൽ ഭരതനുമായുള്ള സമാഗമം, പുഷ്പകവിമാനയാത്രയുടെ വിവരണം, അയോദ്ധ്യയിലേക്കുള്ള അവരുടെ പ്രവേശനം, ദിവസങ്ങൾക്കുള്ളിൽ ശ്രീരാമപട്ടാഭിഷേകം, വിഭീഷണ-സുഗ്രീവാദികളുടെ സ്വദേശത്തേക്കുള്ള മടക്കയാത്ര, ശ്രീരാമൻ ഭരിക്കുന്ന അയോദ്ധ്യയുടെ വർണ്ണനം, സ്മരണയിൽ നിൽക്കുന്നതാണിവയെല്ലാം.

1. അധാർമ്മികനായ ഏത് അതിശ്കതനും ദയനീയമായ നാശമുണ്ടെന്ന് നാം മനസ്സിലാക്കണം. ആ നാശം ഒരു കുലത്തിനു മുഴുവനും നാശകാരണമായേക്കാം.
2. ശക്തന്റെ നാശത്തിന്റെ ആരംഭം അവന്റെ പ്രവർത്തനത്താൽ നടക്കുന്നു. വിനാശകാലേ വിപരീതബുദ്ധി.
3. അധർമ്മത്തെ നശിപ്പിക്കുവാനും മന: ശക്തി, ശരീരശക്തി, ആയുധശക്തി വിവിധ കർമ്മത്തിലേർപ്പെട്ടിരിക്കുന്നവരുടെ സഹകരണം, ഈശ്വരാനുഗ്രഹം ഇതെല്ലാം ആവശ്യമാണ്. അവതാരങ്ങളായ മനുഷ്യർക്കും പരിമിതികളുണ്ട്.
4. അധർമ്മം നടത്തുന്നവരുടെയും ഘോരമായ തെറ്റുചെയ്യുന്നവരുടെയും കൂട്ടത്തിൽ നിന്നും കുറെപേർ എന്നും ധർമ്മത്തിന്റെ പക്ഷത്തിലേക്ക് വരുന്നുണ്ടാകും- വിഭീഷണൻ ചെയ്തത് അതാണ്- മണ്ഡോദരി രാവണനെ ഉപദേശിച്ചതും അതാണ്.
5. എത്ര വലിയ വിജയമാണെങ്കിലും തനിക്കർഹിക്കാത്തത് സ്വീകരിക്കരുത് എന്ന് ലക്ഷ്മണനെ ഓർമ്മിപ്പിച്ച്, വിഭീഷണനെ ലങ്കാധിപതിയായി വാഴിച്ച്, അർഹിച്ചവർക്ക് അർഹതപ്പെട്ടതു കൊടുത്ത് ശ്രീരാമൻ ധർമ്മം അനുഷ്ഠിച്ചു. ലങ്കയെ അയോദ്ധ്യയുടെ ഭരണത്തിൽ കീഴിൽ കൊണ്ടുവന്നില്ല.

സീതാന്വേഷണവും സീതാസ്വീകരണവും കൊണ്ടവസാനിപ്പിക്കാതെ ഒരു പ്രവൃത്തി അനേകം നന്മകൾക്കുപകരിച്ചതാണ് ശ്രീരാ



Scanned with CamScanner

മചരിതം. ജഡായുവിനും, ശബരിക്കും, അഹല്യയ്ക്കും മോക്ഷം കൊടുക്കുക, സുഗ്രീവന്റെ മഹാസൈന്യശക്തിയുമായി ബന്ധം സ്ഥാപിക്കുക, അധാർമ്മികരെ നശിപ്പിക്കുക. ദക്ഷിണ- ഉത്തരഭാരതത്തെ ഏകരാഷ്ട്രഭാവത്തിലെത്തിക്കുക. ഇപ്രകാരം അനേകം കർമ്മങ്ങളനുഷ്ഠിച്ച അവതാരമായിരുന്നു ശ്രീരാമൻ.

6. അനുഭവിക്കാനുള്ള ദുഃഖങ്ങൾ അനുഭവിച്ച്, അതിന്റെയെല്ലാം അന്ത്യത്തിൽ ധർമ്മസംരക്ഷണത്തിന് സഹായിച്ച എല്ലാവരേയും പങ്കെടുപ്പിച്ച് അയോദ്ധ്യയിൽ നടത്തിയ ശ്രീരാമപട്ടാഭിഷേകം പോലൊരു വിവരണത്തിലെ ഓരോ വരിയും നമ്മെ അനുസ്മരിപ്പിക്കുന്നത്, ധാർമ്മീകമൂല്യങ്ങൾ ശ്രീരാമനിലൂടെ വിവരിച്ചു തന്ന ഭാരതീയ പൈതൃകമാണ്.

അയോദ്ധ്യയിലെ ധർമ്മാനുശാസനം, ശ്രീരാമചരിതത്തിലെ കഥാപാത്രങ്ങളുടെ പൂർവ്വ ജന്മ വിവരണം, ഇപ്രകാരം സംഭവിച്ചതിനു പിന്നിലുള്ള നിയതി, ഇതിൽ രാവണൻ-കുംഭകർണ്ണൻ-വിഭീഷണൻ, ബാലി, സുഗ്രീവൻ, ശൂർപണഖ, ഇന്ദ്രജിത്, എന്നിവരുടെയെല്ലാം പൂർവ്വജന്മചരിത്രം വരുന്നു.

സീതയെക്കുറിച്ചുള്ള അപവാദശ്രവണദുഃഖത്താൽ രാജവിന്റെ ധാർമ്മികമൂല്യം നിലനിർത്താൻ ശ്രീരാമൻ സീതയെ വാൽമീകിയുടെ ആശ്രമത്തിൽ ഉപേക്ഷിക്കുന്നു. സീതാദേവി ലവകുശന്മാർക്കു ജന്മം നൽകുകയും വാൽമീകിയുടെ അനുഗ്രഹാശിസുകളോടെ ലവകുശന്മാർ പഠനം നടത്തി, വില്ലാളി വീരരായിത്തീരുകയും ചെയ്യുന്നതിന്റെ ഉജ്ജ്വല വിവരണം ഉത്തരകാണ്ഡത്തിലുണ്ട്.

ശ്രീരാമൻ നടത്തുന്ന അശ്വമേധയാഗത്തിൽ, ലക്ഷ്മണൻ നയിക്കുന്ന കുതിരയെ ലവകുശന്മാർ പിടിച്ചു കെട്ടുന്നു പിതാവിന്റെ യാഗാശ്വമാണെന്നറിഞ്ഞ ലവകുശന്മാർ, വാല്മീകിയുടെ അനുഗ്രഹത്തോടെ രാമായണകഥ, ശ്രീരാമസന്നിധിയിൽ വിവരിക്കുന്നു. യജ്ഞശാലയിൽ സ്വന്തം പ്രതിമ വച്ച് അശ്വമേധയാഗം നടത്തിയത് ദർശിച്ച സീതാദേവി മാതാവായ ഭൂമിയുടെ അനുവാദത്തോടെ അന്തർധാനം ചെയ്ത് എന്നെന്നേക്കുമായി മറയുന്നത് രാമചരിതത്തിന്റെ അവസാനഭാഗമാകുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ്.

താപസരൂപത്തിൽ മൃത്യുദേവന്റെ ആഗമനവും, ലക്ഷ്മണനുമായുള്ള വേർപാടും. അന്ത്യത്തിൽ ശ്രീരാമൻ സരയൂ നദിയിൽ ദേഹത്യാഗം ചെയ്യുന്നതോടെ രാമചരിതമവസാനിക്കുന്നതും മനസ്സിനെ സ്വാധീനിക്കുന്ന വേദനാജനകങ്ങളായ സംഭവങ്ങളാണ്..



Scanned with CamScanner

1. ഏതൊരു ദുഃഖത്തിനും പര്യവസാനമുണ്ട്. അതൊരുപക്ഷേ മറ്റൊന്നിലവസാനിക്കാം.
2. തനിക്കർഹിച്ചതു ലഭിക്കുക തന്നെ ചെയ്യുമെന്ന് ശ്രീരാമപട്ടാഭിഷേകത്തിലൂടെ തെളിയുന്നു. അതിനുമുമ്പ് ഓരോ വ്യക്തിക്കും ചെയ്തു തീർക്കേണ്ടതായ കാര്യങ്ങൾ/ധർമ്മങ്ങൾ ചെയ്തു തീർത്തേ മതിയാകു എന്നത് പ്രകൃതിനിയമമാണ്.
3. സ്വധർമ്മമനുഷ്ഠിച്ച് രാഷ്ട്രഭരണം നടത്തേണ്ടതെങ്ങിനെയെന്ന് 'രാമരാജ്യ'ത്തിലൂടെ തെളിയിക്കുന്നതാണ് ശ്രീരാമഭരണം
4. ഒരു രാഷ്ട്രഭരണാധികാരിക്ക് വ്യക്തി ധർമ്മത്തേക്കാൾ രാഷ്ട്രധർമ്മമാണ് പ്രധാനം എന്നു തെളിയിക്കുന്നതിന്, ജനങ്ങളുടെ അഭിപ്രായം മാനിച്ചതാണ് ശ്രീരാമന്റെ ജീവിതസന്ദേശം.
5. സേതു ബന്ധിച്ച്, ഘോരയുദ്ധം ചെയ്ത്, ഒരു ദുഷ്കുലത്തിലെ ഭൂരിഭാഗത്തെയും നശിപ്പിച്ച് സ്വധർമ്മപത്നിയെ, അധാർമ്മികനായ രാവണനിൽ നിന്ന് മോചിപ്പിച്ച ശ്രീരാമൻ, സ്വന്തം ജനതയുടെ അഭിപ്രായത്തിന്റെ മൂല്യം കണക്കിലെടുത്ത് നടത്തുന്ന ധർമ്മ പത്നീ ത്യാഗം. രാജധർമ്മമെന്നെത് നമ്മെ പഠിപ്പിക്കുന്നു.
6. പ്രതിജ്ഞയുടെയും ധർമ്മത്തിന്റെയും മുമ്പിൽ സ്വന്തമെന്നും ബന്ധുവെന്നും ഒന്നുമില്ല എന്ന മഹത്തായ ധർമ്മസന്ദേശം നൽകുന്നു ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, വിഭീഷണൻ........
7. കാലമെത്തുമ്പോൾ എല്ലാം ഉപേക്ഷിച്ച് പോകേണ്ടവരാണ് നാം എന്ന രാമായണത്തിലെ അന്ത്യസന്ദേശം. എന്നും എല്ലാവർക്കും സ്മരണയിലുണ്ടാകണം.

## സംഗീതം

## കേരളീയക്ഷേത്രവാദ്യങ്ങൾ

1. **ഇടയ്ക്ക :** ക്ഷേത്രത്തിലെ പൂജാവേളയിൽ നടയടച്ചുള്ള പൂജക്കുള്ള വാദ്യത്തിന് ഇത് ഉപയോഗിക്കുന്നു. ചെറിയ ഈ സംഗീതഉപകരണമാണ് കീർത്തനാലാപനവേളയിലും, അഷ്ടപദി പാടുമ്പോഴും ഉപയോഗിക്കാറുള്ളത്. ചൂരലിന്റെ ഒരു ചെറിയ കഷ്ണം പോലുള്ള വടിയാണ് ഇടക്കയിൽ ശബ്ദമുണ്ടാക്കാനുപയോഗിക്കുന്നത്.
2. **പാണി :** തിമിലയും ചേങ്ങലയുമാണ് പാണിക്കുപയോഗിക്കുക
3. **പരിഷവാദ്യം :** ഇടയ്ക്ക, ചെണ്ട, തിമില, വലിയ ചെണ്ട ഇവ ചേർന്നു കൊട്ടുന്നതാണ് പരിഷവാദ്യം.



Scanned with CamScanner

4. **കേളി :** ചെണ്ട, മദ്ദളം, ഇലത്താളം ചേർന്നത് കേളി കൊട്ടൽ

5. **കുഴൽപ്പറ്റ് :** ചെണ്ടയും, ചെറിയ കുഴൽ വാദ്യവും, ഇലത്താളവും ചേർന്നുള്ള ശബ്ദവിരുന്നാണ് കുഴൽപ്പറ്റ്.

6. **കൊമ്പുപറ്റ് :** കൊമ്പുപോലുള്ള കുഴൽവാദ്യവും ഇലത്താളവും ചേർന്നുള്ളതാണിത്.

7. **പഞ്ചവാദ്യം :** തിമില, ചെണ്ട, ഇടക്ക, ഇലത്താളം, കൊമ്പ് വാദ്യം. എന്നിവ ചേർന്ന സംഗീത സ്രോതസ്

## കായികം

### ക്ഷേത്രത്തിലെ കളികൾ

1. **ഞാണിന്മേൽ കളി :** ക്ഷേത്രമൈതാനികളിൽ വലിയവടം ഉയരത്തിൽ വലിച്ചുകെട്ടി അതിലൂടെ വീഴാതെ നടക്കുന്നു.

2. **കത്തിയേറുകളി :** മൂന്നോ നാലോ കത്തികൾ മുകളിലേക്കെറിഞ്ഞ് അതിന്റെ പിടിയിൽ പിടിക്കുക. വളരെ വേഗത്തിലാണ് രണ്ടു കൈകൾ കൊണ്ട് മൂന്നോനാലോ കത്തികൾ ഏകദേശം ഒരു മീറ്റർ വരെ ഉയരത്തിലെറിഞ്ഞു പിടിക്കുന്നത്.

3. **പന്തമേറുകളി :** കത്തിക്കുപകരം മൂന്നോ നാലോ കത്തുന്ന തീപന്തം മുകളിലേക്കെറിഞ്ഞ് പിടിക്കുന്നതാണ് പന്തമേറ്.

4. **പുലിക്കളി :** പുലിയുടെ വേഷം കെട്ടി ചാടുകയും തുള്ളുകയും ചെയ്യുന്നത് പുലിക്കളി.

5. **കോടങ്കികളി :** കോടങ്കിയുടെ മുഖംമൂടിവച്ച് പാട്ടുപാടി, താളം പിടിച്ച് മുഖമാടുന്നത് കോടങ്കികളി.

മേൽവിവരിച്ച കളികളെല്ലാം ഒന്നോ രണ്ടോ കലാകാരന്മാർ ക്ഷേത്രമൈതാനിയിൽ നടത്തുന്ന അഭ്യാസങ്ങളാണ്. കാണികൾക്ക് കണ്ടു രസിക്കാൻമാത്രം.

## കലാരംഗം

### ക്ഷേത്രകലകൾ

1. **കൂത്ത് :** പുരാണകഥകൾ, പ്രത്യേകം വേഷംകെട്ടിയ ചാക്യാർ തമാശരൂപത്തിൽ കവിതയും, ഈണവും, പരിഹാസരീതിയും ചേർത്ത് പറയുന്നതാണ് കൂത്ത്. ക്ഷേത്രങ്ങളിൽ കൂത്ത് പറയുവാനുള്ള മണ്ഡപത്തിന് കൂത്തമ്പലം എന്ന പേരുണ്ട്.



Scanned with CamScanner

2. **കൂടിയാട്ടം :** സംസ്കൃതത്തിലുള്ള ഒരുതരം നാടകാഭിനയമാണ് കൂടിയാട്ടം. കഥകളിയിലേതുപോലുള്ളവേഷം, കൈമുദ്രയുടെ പ്രയോഗം ഇവയെല്ലാം ചേർന്നത് കൂടിയാട്ടം.

3. **പാഠകം :** പുരാണ കഥാപ്രസംഗം പോലുള്ള ഒരു ക്ഷേത്രകലയാണ് പാഠകം.

4. **ഓട്ടൻതുള്ളൽ :** കഥകളിയുടെ വേഷത്തോട് അൽപം സാമ്യമുള്ള വേഷത്തോടെ, പ്രത്യേകം രാഗത്തിലുള്ള തുള്ളൽ പാട്ടുകളുമായി ട്ടാണ്, ഈ കല അവതരിപ്പിക്കുന്നത്. ഓട്ടൻതുള്ളൽ, ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നിപ്രകാരം മൂന്നുതരം തുള്ളൽകലയാണ് നിലനിൽക്കുന്നത്.

5. **കഥകളി :** അതിശ്രേഷ്ഠമായ രാഗ-താള-മുദ്രാഭിനയം കഥ ഇവയെല്ലാം ചേർന്നതാണ് കഥകളി. കളിക്കാരന്റെ കൈമുദ്ര, കണ്ണ്, മുഖം, ചുണ്ട്, കൈ-കാലുകൾ എല്ലാമെല്ലാം കഥകളിയുടെ അവതരണത്തിന് ഒരേവിധത്തിൽ പ്രയോഗിക്കപ്പെടുന്നു.

6. **ഹരികഥാ കാലക്ഷേപം :** ഈശ്വരീയകഥകൾ സംഗീതം, കഥ, വാദ്യങ്ങൾ എന്നിവയുടെ സഹായത്താൽ മനോഹരമായി അവതരിപ്പിക്കുന്നതാണ് ഹരികഥാലാപനം.

7. **വില്ലടിച്ചാൻപാട്ട് :** ഒരുവലിയ വില്ലിന്റെ ഒരുവശത്ത് അനേകം കലാകാരന്മാർ ഒരുമിച്ചിരുന്ന്, രസരകരമായ രീതിയിൽ ഇടക്കിടയ്ക്ക് വില്ലിലെ ഞാണിൽ അടിച്ച്, ചിലങ്കയിലേതുപോലുള്ള ശബ്ദമുണ്ടാക്കിയാണ് വില്ലടിച്ചാൻപാട്ട് പാടുന്നത്.

---

## കായികവിനോദം

## പുരാതന കേരളീയകളികൾ

1. **ഏറുപന്തുകളി :** ദൂരെനിന്നും ഒരാൾ പന്തുരുട്ടുന്നു. ഓരോ കളിക്കാരന്റെയും പേരിൽ അടുത്തടുത്തുള്ള കുഴിയുണ്ടായിരിക്കും. ഏതെങ്കിലും ഒന്നിൽ വീഴത്തക്കവണ്ണമാണ് പന്തുരുട്ടേണ്ടത്. ഏതു കളിക്കാരന്റെ കുഴിയിലാണോ പന്ത് വീഴുന്നത്, അവൻ അതെടുത്ത് മറ്റുള്ളവരെ എറിയണം. ആരുടെ ശരീരത്തിലാണോ അതുകൊള്ളുന്നത് അയാൾ (ഒന്നുകിൽ പുറത്തുപോകും അല്ലെങ്കിൽ) അടുത്ത പ്രാവശ്യം പന്തുരുട്ടണം. **ശരീരമാസകലമുള്ള വ്യായാമത്തിന് അത്യുത്തമമാണീ കളി.**

2. **പന്തിട്ടുകൊടുത്തുകളി :** ഒരു കളിക്കാരൻ വില്ലനാകണം. മറ്റുള്ള വർ പന്ത് അങ്ങോട്ടുമിങ്ങോട്ടും എറിഞ്ഞുകൊണ്ടിരിക്കണം. വില്ലൻ അത് തട്ടിയെടുക്കണം. വില്ലന്റെ കയ്യിൽ പന്തു വന്നാൽ തെറ്റായി ഇട്ടുകൊടുത്ത ആൾ വില്ലനാകും. **നല്ല വ്യായാമത്തിനും വ്യക്തി ബന്ധം വളർത്താനും സഹായിക്കുന്നു.**

3. **ഓടിക്കളി :** ഒരാൾ വില്ലനായി മറ്റുള്ളവരെ സ്പർശിക്കാൻ ശ്രമി ക്കുന്നു. അവരെല്ലാം ഓടി പൊയ്കൊണ്ടേയിരിക്കും. വില്ലൻ ആരെ യാണോ തൊടുന്നത്, അവൻ വില്ലനായിത്തീരും. വില്ലൻ ആയിരു ന്നവൻ നല്ലവനുമാകും. **ശാരീരകാരോഗ്യവും കുറെ നന്മയുടെ മനശാസ്ത്രവും.**

4. **വട്ടുകളി :** 5 കളങ്ങൾ വീതമുള്ള രണ്ടുനിരയുണ്ടാക്കുക. അതിൽ മുകളിലത്തെ രണ്ടുകളം X വരച്ചിരിക്കും. കളങ്ങൾക്ക് വലത്ത് നിന്ന് 1 മുതൽ 10 വരെ സംഖ്യ കൊടുക്കണം. ഒന്നാമത്തെ കളത്തിൽ വട്ട് (ഏകദേശം 5 സെമി വ്യാസമുള്ള ഒരു ഓട് /ചട്ടികഷ്ണമാണ് വട്ട്) ഇടണം. ഒറ്റക്കാലിൽ തൊങ്കിവര തൊടാതെ വട്ട് ഒറ്റക്കാലു കൊണ്ടുതന്നെ, വരയിൽ വീഴാതെ കളത്തിനു വെളിയിലാക്കണം. കളത്തിൽ നിന്ന് ഒറ്റകുതിപ്പിന് ചാടി വട്ടിന്റെ മുകളിൽ രണ്ടുകാലും ചവുട്ടണം. ഇത് 1 മുതൽ 4 വരെയും 7 മുതൽ 10 വരെയും കോള ങ്ങളിൽ തെറ്റാതെ ചെയ്യണം. 5, 6 കളങ്ങളിൽ വിശ്രമിക്കാൻ സൗക ര്യമുണ്ട്. അവിടെ രണ്ടു കാലും കുത്താം. എല്ലാ കോളത്തിലും വട്ട് ഇട്ട് ജയിച്ചാൽ കളത്തിലേക്ക് പുറം തിരിഞ്ഞുനിന്ന് തലക്ക് മു കളിലൂടെ വട്ട് 10 കളങ്ങളിലേതിലെങ്കിലും വീഴുവാൻ പാകത്തിന് ഇടണം. വരയിൽ വീഴാനും പാടില്ല. ഇപ്രകാരം ഏതെങ്കിലും (5, 6 ൽ വീണാൽ പ്രയോജനമില്ല) കളത്തിൽ വീണാൽ കണ്ണുരണ്ടും അടച്ചുപിടിച്ച് വലത്തേകാൽ വലത്തെകളത്തിലും (ഒന്നിൽ) ഇട ത്തേകാൽ ഇടത്തെ (പത്താംകളം) കളത്തിലും വെച്ച് വരചവിട്ടി യിട്ടില്ലല്ലോ എന്ന് ഇംഗ്ലീഷിൽ "റൈറ്റോ" ചോദിക്കണം. വര ചവി ട്ടിയില്ലെങ്കിൽ കണ്ടു നിൽക്കുന്നവർ റൈറ്റ് എന്നു പറയും. ഇപ്ര കാരം അഞ്ചുസെറ്റ് കോളവും വര ചവിട്ടാതെ അപ്പുറത്തേക്കു പോയാൽ വട്ടുവീണതായ കോളത്തിൽ X വരക്കണം. അത് ആ കളിക്കാരന്റെതാണ്. കണ്ണടച്ചു നടക്കുമ്പോൾ വരചവിട്ടിയാൽ റൈറ്റോ എന്നു ചോദിക്കുമ്പോൾ ഉത്തരം 'കുയിറ്റ്' എന്നു പറയും.



Scanned with CamScanner

(കളിയിലെ അർത്ഥം = തെറ്റ് എന്ന്) ഏറ്റവും കൂടുതൽ കളത്തിൽ X വരക്കാൻ സാധിക്കുന്ന കളിക്കാരൻ കളിയിൽ ജയിക്കുന്നു. വട്ട് വരയിൽ വീഴുകയോ തൊങ്കിച്ചാടുമ്പോൾ വര ചവിട്ടുകയോ ചെയ്താൽ, അടുത്ത ആൾ കളിക്കും ഇതാവർത്തിക്കണം! **അസാധാരണമായ വ്യായാമം, മസിലുകൾക്ക് നല്ല ശക്തി ഇവയാണ് ഫലം കൂടാതെ ക്ഷമാശീലവും!**

5. **തൊങ്കിക്കളി :** ഒരുവലിയ കളം വരയ്ക്കണം. കളിക്കാരിലൊരാൾ വില്ലനാകും. അയാൾ ഒറ്റക്കാലിൽ തൊങ്കികൊണ്ട് മറ്റുള്ളവരെ തൊടാൻ ശ്രമിക്കുമ്പോൾ, മറ്റുള്ളവർ ഓടും. ആരെയാണോ തൊടുന്നത് അയാൽ പുറത്തുപോകും. എല്ലവരും പുറത്തുപോയാൽ വില്ലൻ ജയിച്ചു. **വ്യായാമമാണീ കളിയുടെ ഉദ്ദേശം.**

6. **കണ്ണുകെട്ടിക്കളി :** ഇന്നും ഈ കളി സിനിമയിൽ കാണിക്കാറുണ്ട്. തുണികൊണ്ട് കണ്ണുകെട്ടി ആരെയെങ്കിലും സ്പർശിക്കണം. മറ്റു കളിക്കാർ ഓടി മാറിക്കൊണ്ടിരിക്കണം. ആരെയാണോ സ്പർശിക്കുന്നത് അവന്റെ കണ്ണും കെട്ടി ഈകളി തുടരാം.

7. **ഉപ്പുവച്ചുകളി :** വളരെ പഴയ ഒരു കളിയാണിത്. കളിക്കാരെ രണ്ടു വിഭാഗമാക്കി വീടിന്റെ മുൻവശത്തുള്ള മുറ്റം ഒരു വിഭാഗത്തിനും, പുറകുവശത്തുള്ള മുറ്റം രണ്ടാം വിഭാഗക്കാർക്കും കൊടുക്കണം. അവർ പൂഴിമണ്ണുകൊണ്ട് എളുപ്പത്തിൽ കാണാൻ സാധിക്കാത്ത മറവുകളിൽ ചെറിയ മൺകൂനകൾ (ഉപ്പ്) ഉയരം 1 സെ.മി. വ്യാസം 3 സെ മി) ഉണ്ടാകണം. കൃത്യമായ സമയപരിധിക്കുള്ളിൽ രണ്ടു വിഭാഗക്കാരും പരമാവധി 'ഉപ്പു' വെയ്ക്കണം. സമയപരിധി കഴിയുമ്പോൾ ഒരു വിഭാഗം ആദ്യം വന്ന് രണ്ടാം വിഭാഗത്തിന്റെ ഉപ്പുകളെല്ലാംഎവിടെയാണെന്ന് കണ്ടുപിടിച്ച് മായ്ചുകളയണം. മാച്ചുകളയാനും സമയപരിധിയുണ്ട്. അതിനുശേഷം, അവശേഷിക്കുന്ന ഉപ്പുകൾ എണ്ണമെടുക്കണം. ഇത് ഒന്നാം ഭാഗത്തിലും ആവർത്തിക്കണം. മായ്ച്ചുകളഞ്ഞതിനുശേഷം അവശേഷിക്കുന്ന ഉപ്പുകളെത്രയെന്ന് ഒന്നാം വിഭാഗത്തിലും എണ്ണണം. കൂടുതൽ ആർക്കാണെന്ന് താരതമ്യം ചെയ്ത് ജയപരാജയം കണ്ടുപിടിക്കണം.

8. **രാശിക്കാകളി (ഗോട്ടികളി) :** ഏതാണ്ട് നാലടി അകലത്തിൽ മണ്ണിൽ മൂന്നു ചെറിയ കുഴി ഒരേ രേഖയിൽ, കുഴിക്കണം. എത്ര പേർ കളിക്കാനുണ്ടെങ്കിലും ഒന്നാം കുഴിയിൽ നിന്നുകൊണ്ട് മൂന്നാം കുഴിയിലേയ്ക്ക് രാശിക്ക ഇടണം. മൂന്നാം കുഴിയിൽ വീഴുന്നതു



Scanned with CamScanner

വരെ മാറി മാറി ശ്രമിക്കണം. കുഴിയിൽ വീണാൽ ആ കുഴി ഒന്നാം നമ്പറായി എടുത്ത് തള്ളവിരൽ കുഴിയിൽ വെച്ച് നടുവിരൽ കൊണ്ട് രാശിക്കാ രണ്ടാം കുഴിയിലേയ്ക്ക് (മധ്യത്തിലുള്ളതിലേയ്ക്ക്) തെറിപ്പിക്കണം. പിന്നെ മൂന്നു, തിരിഞ്ഞിരുന്ന് നാല്, തുടർന്ന് അഞ്ച്, ആറ്. ഇതേപ്രകാരം രാശിക്കാ വിരലുകൊണ്ടു തെറിപ്പിക്കണം. കുഴിയിൽ വീണില്ലായെങ്കിൽ അടുത്ത ആൾ അയാളുടെ രാശിക്കാ കൊണ്ടു കളിക്കും. അയാളും സാധിക്കുന്നത്രയും കുഴിയിലിടും. വീഴാതെ വരുമ്പോൾ അടുത്ത ആൾ എന്ന ക്രമത്തിൽ കളിച്ചുകൊണ്ടേയിരിക്കും. യഥാക്രമം പത്തു കുഴികളിലുമിട്ട ആൾ ആദ്യം ജയിക്കും. ഇതിനിടയ്ക്ക് അടുത്ത രാശിക്കായെ വിരലുകൊണ്ട് രാശിക്കയടിച്ച് തെറിപ്പിക്കണം. **പലപ്രാവശ്യം ഇരിക്കുകയും എഴുന്നേൽക്കുകയും ചെയ്യേണ്ട ഒരു കളിയാണിത് കാലിൽ കുത്തിയിരുന്നുകൊണ്ട് തന്നെ മുന്നോട്ടും പുറകോട്ടും പോകണമെന്നതിനാൽ ഉജ്ജ്വലമായ ഒരു വ്യായാമമാണിത്).**

9. **കശുവനണ്ടികളി :** ഓരോ കളിക്കാരനും തുല്യം എണ്ണം വീതം കശുവനണ്ടി എടുക്കണം. അതിൽ രണ്ടോ മൂന്നോ പൊതുവായിട്ടെടുത്ത് ഒരാളെ ഏൽപ്പിക്കണം. കളി തുടങ്ങുന്ന ആൾ ഇത് നിൽക്കുന്ന സ്ഥലത്തുനിന്ന് അഞ്ചോ ആറോ അടി അകലത്തിൽ കുഴിച്ചിരിക്കുന്ന ഒരു ചെറിയ കുഴിയിലേക്ക് സാവധാനത്തിലിടണം (അഞ്ച് അടി അകലത്തിൽ നിന്ന്) കുറെയെണ്ണം കുഴിൽ വീഴും. ബാക്കി പുറത്തുവീഴും. പുറത്തുള്ളവയിൽ ഒരെണ്ണം മറ്റുള്ളവർ ചൂണ്ടിക്കാണിക്കണം. അതിലേക്ക് കളിക്കുന്ന ആളിന്റെ കയ്യിലുള്ള വലിയ ഒരു കശുവനണ്ടി എറിയണം. ഏറ്, ചൂണ്ടികാണിച്ച കശുവനണ്ടിയുടെ ആറ് ഇഞ്ചിനകത്താണ് (ഒരു കൈപത്തി ദൂരം) വരുന്നതെങ്കിൽ കുഴിയിൽ വീണത് കളിക്കാരനെടുക്കാം. കൂടുതൽ അകലത്തിലാണ് ഏറ് കൊള്ളുന്നതെങ്കിൽ അയാൾ കൊടുത്തതുൾപ്പെടെ നഷ്ടപ്പെടും. ഈ കളി ഓരോരുത്തരായി ആവർത്തിക്കണം. അവസാനം ഒന്നും അവശേഷിക്കാതെയാകും വരെ കളി തുടരും. ഇതിനിടയ്ക്ക് ചൂണ്ടികാണിച്ച കശുനവണ്ടി തട്ടിത്തെറിപ്പിച്ചാൽ മുഴുവൻ ആ കളിക്കാരന് ലഭിക്കും. വീണ്ടും ആദ്യത്തേതുപോലെ കളി തുടരാം.

10. **വട്ടമിട്ടിരുന്നുകളി :** മുഖത്തോടുമുഖം എല്ലാവരും വട്ടമിട്ടിരിക്കണം. ഒരാൾ കയ്യിലുള്ള തുണികഷ്ണവുമായി ഇവരുടെ പുറകിലൂടെ നടക്കണം. എല്ലാവരും കണ്ണടച്ചിരിക്കുമ്പോൾ തുണികഷ്ണം ആരുടെയെങ്കിലും പുറകിൽ അറിയാതിടണം. അയാളതറിഞ്ഞാൽ തുണി



Scanned with CamScanner

കഷ്ണവുമായി കറങ്ങണം. ആദ്യത്തെയാൾ ഈ ഒഴിവിലിരിക്കണം. പുറകിൽ തുണി ലഭിച്ച ആൾ അതറിയാതിരുന്നാൽ, ഒരു കറക്കം പൂർത്തിയാക്കിവരുന്നയാൾ അതെടുത്ത്, വേദനിക്കാതെ അടിച്ച് അയാളെ ഓടിക്കണം. വീണ്ടും കളി തുടരും.

## ഇരുന്നുള്ള കേരളീയ കളികൾ

ശാന്തമായി ഇരുന്നു കളിക്കാനും മനസ്സിനു ഉന്മേഷം നൽകാനും സാധിക്കുന്ന അനേകം ചെറിയ ചെറിയ രസകരമായ കളികൾ ഏതു പ്രായക്കാർക്കും എല്ലാ സമയത്തും കളിക്കാവുന്നതായി കേരളത്തിലുണ്ടായിരുന്നു. ചിലവ് തീരെയില്ലാത്ത രസകരമായ ഈ പൈതൃകക്കളികളും നാം പഠിക്കണം.

1. **പല്ലാംകുഴി** : പല്ലാം കുഴികളിയിൽ 12-20 വരെ ചെറുകുഴികളുള്ള ഒരു മരപ്പലകയിലെ എല്ലാ കുഴിയിലും മഞ്ചാടിക്കുരു കൃത്യമായ എണ്ണത്തിൽ വെക്കണം. ഓരോ കുഴിയിൽ നിന്നും കളിക്കാർ മുഴുവനും എടുത്ത്, ഓരോന്നായി മറ്റു കുഴിയിലിടണം. ഇതിലെ ഒഴിഞ്ഞ ഒരു കുഴി കഴിഞ്ഞുവരുന്ന കുഴിയുലുള്ളത് ആ കളിക്കാരന് ലഭിക്കും ഇതാവർത്തിക്കണം- കൂടുതൽ ലഭികക്കുന്നവർ ജയിക്കുന്നു.

2. **ഈർക്കിൽ കളി** : 5 സെ.മീ. നീളത്തിൽ പത്തു ഈർക്കിൽ കഷണങ്ങൾ ഉരുട്ടിയിട്ട്, അതിലൊരെണ്ണം ഉപയോഗിച്ച് മറ്റുള്ളവ അനക്കാതെ ഓരോന്നുമെടുക്കണം ഏറ്റവും കൂടുതൽലഭിക്കന്നവർ ജയിക്കുന്നു. അനങ്ങിയാൽ അടുത്ത ആൾ കളിക്കണം.

3. **പുളിങ്കുരുകളി** : കളിക്കാർ പത്ത് പുളിങ്കുരുവീതം വീതിച്ചെടുത്ത് ഒരുമിച്ച് വിതറുക. അടുത്തടുത്തുവരുന്ന രണ്ടെണ്ണത്തിന് കുറുകെ കൈവിരൽ കൊണ്ടുവരച്ച്, അതിലൊരെണ്ണം തട്ടി മറ്റേതിൽ മുട്ടിക്കുക. മുട്ടാതിരിക്കുകയോ, മറ്റേതെങ്കിലും പുളിങ്കുരുവിൽ അറിയാതെ മുട്ടുകയോ ചെയ്താൽ അടുത്തയാൾ കളിക്കണം. ഏറ്റവും കൂടുതൽ പുളിങ്കുരു ലഭിക്കുന്ന ആൾ ജയിക്കും.

4. **ഒറ്റയോ ഇരട്ടയോ കളി** : ഓരോ കളിക്കാരനും തുല്യ എണ്ണത്തിൽ പുളിങ്കുരു, മഞ്ചാടികുരു കൊടുക്കുക. എന്നിട്ട് ഇഷ്ടമുള്ളത്രയും കൈയ്യിൽ പൊത്തിപ്പിടിച്ച്, ഒറ്റയോ ഇരട്ടയോ എന്നു മറ്റേ കളിക്കാരനോടു ചോദിക്കുക. അയാൾ എന്തെങ്കിലുമൊരുത്തരം നൽകണം ഒറ്റ എന്നോ ഇരട്ടാ എന്നോ. കൈയ്യിലുള്ള പുളിങ്കുരു എണ്ണം ഒറ്റ

സംഖ്യയോ ഇരട്ടസംഖ്യയോ എന്നു നോക്കി, രണ്ടാമൻ പറഞ്ഞതു ശരിയാണെങ്കിൽ, അതു മുഴുവനും രണ്ടാമനുകൊടുക്കണം ഇതാവർത്തിച്ച് ഏറ്റവും കൂടുതൽ ലഭിക്കുന്ന വ്യക്തി ജയിക്കുന്നു.

4. **ദായം കളി** : ഒരു ചതുരകളം വരച്ച് അതിനെ ചെറു ചതുരങ്ങളാക്കുക. ഒരാൾ നാലു കല്ല് അയാളുടെ വശത്തും നാലുപേരുണ്ടെങ്കിൽ നാലു പേരും നാലു വശത്തും, നാലു വീതം അടയാളം കല്ല്/ ഈർക്കിൽ കഷണം/ ഏതെങ്കിലും വിത്ത്/ മഞ്ചാടി, എന്തുവേണമെങ്കിലും ഉപയോഗിക്കാം. നാല് വലിയ ചിപ്പി (ഓരോരുത്തരായി) ഒരുമിച്ച് ചേർത്ത് ആദ്യത്തെയാൾ നിലത്തിടണം നാലു ചിപ്പിയും കമഴ്ന്നു വീണാൽ 8 മൂല്യം, ഒരെണ്ണം മലർന്നും മൂന്നു കമഴ്ന്നും വീണാൽ ഒന്ന് മൂല്യം, മാത്രമല്ല ഒരു വസ്തുകളത്തിലേക്കിറക്കണെമെങ്കിൽ ഇങ്ങിനെ മാത്രം വീഴണം. രണ്ടെണ്ണം മലർന്നും രണ്ടു കമഴ്ന്നും വീണാൽ മൂല്യം 2, മൂന്നു മലർന്നു വീണാൽ 3, നാലും മലർന്നുവീണാൽ മൂല്യം 4. നാലും കമഴ്ന്നു വീഴുകയോ, മൂന്നു കമഴ്ന്ന് വീഴുകയോ ചെയ്താൽ വീണ്ടും അതേ കളിക്കാരന് അവസരം ലഭിക്കുന്നു. ഓരോ കളിക്കാരന്റേയും 'അടയാളങ്ങൾ' നാലെണ്ണവും എല്ലാ ചതുരങ്ങളും കഴിയുന്നവൻ ആദ്യം ജയിക്കും.

5. ഇതു കൂടാതെ ചിരിക്കാതിരിക്കുന്നവനെ ചിരിപ്പിച്ചും, സിനിമാ പേര്, നാടിന്റെ പേര് പറഞ്ഞും കളിക്കാറുണ്ട്. ഇവയെല്ലാം സന്തോഷിക്കാനും സ്നേഹം പങ്കിടാനുമുള്ള ചിലവില്ലാത്ത കളികളാണ്.

(അറിയാവുന്നവരുടെയടുത്തു ചെന്ന് ഈ കളികളെക്കുറിച്ചുള്ള പ്രായോഗികജ്ഞാനവും പരിശീലനവും നേടണം)



Scanned with CamScanner

സ്വന്തം ധർമ്മത്തെയും രാഷ്ട്രത്തെയും പുച്ഛിക്കുന്ന ഒരു ജനസമൂഹം, പുരോഗമനവാദികളെന്ന പേരിൽ ഇന്നും ഈ നാട്ടിലുണ്ട്. ലോക ജനത ചവച്ചുതുപ്പിക്കളഞ്ഞത്, ഈ നാട്ടിൽ വിറ്റഴിക്കാൻ ശ്രമിക്കുന്നവർ....! മേയ്ദിനവും, വാലന്റൈൻസ് ഡേയും, മദേഴ്സ് ഡേയും, ഹസ്ബന്റ്സ് ഡേയും,...... എല്ലാം ഇതിൽ പെടും. മമ്മി-ഡാഡി സംസ്കാരവും, ജന്മദിനത്തിന് വിളക്ക് ഊതിക്കെടുത്തുന്ന സംസ്കാരവും, "കുരച്ച് കുരച്ച്" മലയാളം സംസാരിക്കുന്ന സംസ്കാരവും എല്ലാം പുരോഗമനമെന്ന് ധരിക്കുന്നവർ, ഭാരതീയ സംസ്കൃതി പഠിക്കുവാൻ വിദേശത്തേക്ക്, വിദേശ ഫെല്ലോഷിപ്പിൽ പോകേണ്ടിവരുമ്പോൾ, ഈ ഭാരത രാഷ്ട്രം അവരെ വേദനയോടെ ശപിക്കും.

നിങ്ങൾക്ക് ആ ശാപം ഏറ്റുവാങ്ങേണ്ടതായ ഗതികേടുണ്ടാകരുത്!

Scanned with CamScanner